# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27


Vol. 16 / Issue 5
May 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)

JUBILEE 2025
PILGRIMS OF HOPE



FAMILY RENEWAL YEAR
DIOCESE OF MANANTHAVADY



പ്രാർത്ഥനാപൂർവ്വം
മാനന്തവാടി രൂപത
കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 16 മെയ് 2025 ലക്കം 5**

**ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 5 |
| സർക്കുലർ | 11 |
| സർക്കുലർ | 18 |
| രൂപതാ കച്ചേരി വാർത്തകൾ | 22 |
| വൈദിക സമ്മേളനം റിപ്പോർട്ട് | 27 |
| കുടുംബകൂട്ടായ്മ - പഠനവിഷയം | 30 |
| മതബോധനരംഗം | 41 |
| ചെറുപുഷ്പ മിഷൻലീഗ് | 44 |
| Department of Youth Ministry | 49 |
| കെ.സി.വൈ.എം | 50 |
| കുടുംബപ്രേഷിതത്വം | 54 |
| സീയോൻ വാർത്തകൾ | 67 |
| സാമൂഹ്യ സേവനരംഗം (WSSS) | 68 |
| ജീവസ് & കെ.എൽ.എം | 76 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി | 79 |
| ബയോവിൻ അഗ്രോ റിസർച്ച് | 83 |
| റേഡിയോ മാറ്റൊലി | 87 |
| Mary Matha Arts & Science College | 89 |
| ഫെഡോർ ഫൗണ്ടേഷൻ | 91 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി | 92 |
| ബിഷപ്സ് പ്രോഗ്രാം | 97 |

No.: 4100/K-5/KCBC/OL/DS 16.04.2025

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ

## മെയ്ദിന സന്ദേശം - 2025

ജൂബിലി വർഷം: ''പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല''

(റോമ 5:5)

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളി ദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

1) ആഗോള തിരുസ്സഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. ''പ്രത്യാശയുടെ തീർത്ഥാടകർ'' എന്നതാണ് ജൂബിലി വർഷത്തിന്റെ പരിചിന്തന വിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ റോമിൽ വെച്ച് തൊഴിലാളികളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. ''ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം'' എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. സിനഡൽ തീരുമാനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് തിരുസ്സഭ. ഈ രണ്ട് മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കുന്നത്. വിവിധ തലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും, തിരുസ്സഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നല്കി, യേശുവിന്റെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശനിർഭരരാക്കി മുന്നോട്ട് നയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

2) അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിന തൊഴിൽ സമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിത മുന്നേറ്റത്തിന്റെ ഓർമ്മ പുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര തൊഴിലാളി ദിനമായി മെയ് 1 ആചരിക്കാൻ

തുടങ്ങിയത്. പിന്നീട് ഇതര തൊഴിൽ അവകാശങ്ങൾക്കും വേണ്ടി തൊഴിലാളികൾ നടത്തിയ വലിയ സംഘടിതപോരാട്ടത്തിന്റെ ചരിത്രം ഓർമ്മിക്കുന്നതിനും, അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നല്കിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിശുദ്ധ പിയൂസ് പന്ത്രണ്ടാമൻ പാപ്പ 1955-ൽ മേയ് 1 തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായി കൂടി പ്രഖ്യാപിച്ചത്. ഇന്ന് തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

3) ഇന്ത്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അൻപത്തിയഞ്ചര കോടിയിലധികം (94 ശതമാനം) പേരും അസംഘടിത തൊഴിലാളികൾ ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാർഗ്ഗരേഖ പ്രകാരം തൊഴിലെടുക്കുന്ന എല്ലാവർക്കും അന്തസ്സുള്ള തൊഴിൽ ലഭിക്കേണ്ടതായുണ്ട്. ന്യായമായ വേതനം, തൊഴിൽ സംരക്ഷണം, സാമൂഹികസുരക്ഷ, നിയമപരിരക്ഷ, എന്നിവയാണ് അന്തസ്സുള്ള തൊഴിലിന്റെ അടിസ്ഥാന ഘടകങ്ങൾ. അന്തസ്സുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളി വിഭാഗത്തെയാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇന്ത്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികം പേരും കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അഞ്ച് ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിടകർഷകരെയും അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളിലെ വലിയ വിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവ ഉൾപ്പെട്ട പ്രാഥമിക മേഖലയിലാണ് ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ട് നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിത തൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, വാണിജ്യ കേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹന തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ,

സ്വയം തൊഴിൽ കണ്ടെത്തുന്നവർ ഈ ലിസ്റ്റിലെ പ്രധാനവിഭാഗമാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയ വിഭാഗം തൊഴിലാളികളെയും അസംഘടിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്ര തലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ International Monitary Fund (IMF). പ്രസിദ്ധീകരിച്ചതനുസരിച്ച് ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യു.കെ., ഫ്രാൻസ്, ഇറ്റലി, കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇന്ത്യയേക്കാൾ പിന്നിലാണ്. 2024 ലെ യു.എൻ.ഡി.പി റിപ്പോർട്ടനുസരിച്ച് ലോകത്താകമാനം 110 കോടി ദരിദ്രർ ആണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇന്ത്യയിലാണ്. അതായത് ലോകത്തിൽ ഏറ്റവും കൂടുതൽ ദരിദ്രർ നിവസിക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യൻ തൊഴിൽ ശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിത തൊഴിലാളികളാണ് ഇന്ത്യയിലെ ദരിദ്രർ. തൊഴിൽ ലഭ്യതക്കുറവ്, കുറഞ്ഞ വേതനം, സാമൂഹിക സുരക്ഷയില്ലായ്മ, സമഗ്രമായ നിയമ പരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിത തൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അസംഘടിത തൊഴിലാളികളുടെ വരുമാനം ഉയർത്തുവാൻ ഏറെ സഹായകരമായ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാ പദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ പോകുന്നതും ഇന്ത്യൻ ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളം ഉണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അർഹമായത് നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന

സമീപനമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രേഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്ക് കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും, രാഷ്ട്രീയ കക്ഷികളും, കേന്ദ്രട്രേഡ് യൂണിയനുകളും അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

5) അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനുള്ള വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ തൊഴിലാളി അനുകൂല സംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സൽപേരിനു ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ ഉൾപ്പടെയുള്ള നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശ സമരങ്ങളോട് നിഷേധാത്മക നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശ സമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യ സർക്കാരുകൾക്ക് കഴിയേതുണ്ട്. അഭ്യസ്ഥവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടുവിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം, ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവ മൂലം കാർഷിക- മത്സ്യബന്ധന മേഖലകൾ വലിയ പ്രതിസന്ധിയിലായിരിക്കുന്നു. കൂടാതെ മലയോര മേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽ നിന്നും മണ്ണുഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതുപോലെ ആയിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാന സർക്കാരും, രാഷ്ട്രീയ കക്ഷികളും, ട്രേഡ് യൂണിയനുകളും ഒത്തൊരുമിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

6) ഈ ജൂബിലി വർഷത്തിൽ അസംഘടിത തൊഴിലാളികൾക്ക് പ്രത്യാശ പകർന്നു നൽകാൻ തിരുസഭാ മാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു. ''ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും വിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും

ഉത്കണ്ഠകളും, ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്'' (സഭ ആധുനിക ലോകത്തിൽ, 1) എന്നതാണ് തിരുസഭയുടെ കാഴ്ചപ്പാട്. ''ദൈവത്തിലേക്ക് നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽ നിന്ന് അത് നമ്മെ അകറ്റുന്നില്ല. പകരം, അത് നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്ക് കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു''. (ഫ്രാൻസിസ് പാപ്പ, സിനഡിന്റെ അന്തിമ പ്രസ്താവന നമ്പർ 2).

7) കെ സി ബി സി ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടന യായ കേരള ലേബർ മൂവ്മെൻറ് കെ.എൽ.എം. സി ബി സി ഐ ലേബർ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. KLM ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ എല്ലാ ഇടവക കളിലും സ്ഥാപിക്കപ്പെടണം. KLM വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹിക സുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാന സുരക്ഷ ഉറപ്പാക്കാനും, സമ്പാദ്യശീലം വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തൊഴിലാളി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി അല്മായർക്ക് പരിശീ ലനം നൽകി അവരെ സജ്ജരാക്കണം. മെയ് ദിനാചരണത്തോടനുബ ന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികൾ ആവിഷ്ക്ക രിക്കണം.

8) ജൂബിലി വർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞി ട്ടുള്ളതുപോലെ, ''ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും ഇല്ലാത്ത കോടിക്കണക്കിന് ദരിദ്രർക്ക് പ്രത്യാശ നൽകണമെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയ തരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിന് മുമ്പ്, നമുക്ക് എളുപ്പ ത്തിൽ നിരാശരാകാനും നിസ്സംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്ക് ചുറ്റും ഇപ്പോൾ നേരിടുന്ന നാടകീയമായ സാഹചര്യങ്ങൾക്ക് നേരെ നാം കണ്ണ ടയ്ക്കരുത്'... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ടവരല്ല'' (ജൂബിലി വർഷ സന്ദേശം,15).

**ഉപസംഹാരം**

"ശിമയോൻ പറഞ്ഞു: ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്ക് കിട്ടി. അവരുടെ വല കീറിത്തുടങ്ങി" (ലൂക്ക 5:5,6). പ്രിയ തൊഴിലാളി സഹോദരങ്ങളെ, നിരവധി പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കുടുംബങ്ങൾ കടന്നു പോകുന്നതെന്നറിയാം. വിശുദ്ധ ശിമയോൻ പത്രോസിനെപോലെ പ്രത്യാശയോടെ ദൈവാനുഗ്രഹത്തോടെ നമുക്ക് മുന്നേറാം. തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപ എല്ലാവരിലും ഉണ്ടാകട്ടെ.

കെ.സി.ബി.സി ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികത്തിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

**NB:-** 2025 ഏപ്രിൽ 27 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ

*Prot. No. 30498* **/ 2025**
*Circular No. 7 /2025*

# സമുദായദിനം - മെയ് 4 ഞായറാഴ്ച

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

സീറോ മലബാർ സഭയുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് 2025 ഏപ്രിൽ 30ന് 108 വർഷങ്ങൾ പൂർത്തിയാവുകയാണ്. നമ്മുടെ സഭാചരിത്രത്തിലെ സമാനതകളില്ലാത്ത വ്യക്തിമുദ്ര പതിച്ച ബഹുമാനപ്പെട്ട നിധീരിക്കൽ മാണിക്കത്തനാരാണ് 1904ൽ മാന്നാനം കർമ്മലീത്താ കൊവേന്തപ്പള്ളിയിലെ നാൽപ്പത് മണി ആരാധനാവേളയിൽ നമുക്കൊരു സമുദായ സംഘടന വേണമെന്ന ചിന്ത മുന്നോട്ടുവെച്ചത്. അന്നത്തെ തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങളിലെ വൈവിധ്യമാർന്ന മതസാമുദായിക പശ്ചാത്തലത്തിൽ ഈശോമിശിഹായുടെ മൗതിക ശരീരമായ ക്രിസ്തുശിഷ്യർക്ക് ഈശോ ഭരമേൽപ്പിച്ച രക്ഷാകരദൗത്യം തങ്ങളുടെ രാജ്യങ്ങളിൽ തുടരാൻ ആവശ്യമായ അവബോധം അംഗങ്ങൾക്ക് കൊടുക്കാനും ആ ദൗത്യം പ്രാവർത്തികമാക്കാനും അത്തരം ഒരു സമുദായ സംഘടന അനിവാര്യമാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അങ്ങനെ മാണിക്കത്തനാരുടെയും അദ്ദേഹത്തിന്റെ സമകാലികനും സഹപ്രവർത്തകനും ആയിരുന്ന പാറയിൽ ശ്രീ. വർക്കി തരകന്റെയും നേതൃത്വത്തിൽ നടന്ന സമുദായസംഗമത്തിൽ കത്തോലിക്കാ കോൺഗ്രസ് ജന്മമെടുത്തു. 1918ൽ ചങ്ങനാശ്ശേരിയിൽ നടന്ന ആ സമ്മേളനത്തിലാണ് കത്തോലിക്ക കോൺഗ്രസിന്റെ ആദ്യരൂപമായ കേരള കത്തോലിക്ക മഹാജനസഭ രൂപം കൊണ്ടത്.

കത്തോലിക്കാ കോൺഗ്രസ് എന്തു ലക്ഷ്യത്തോടെ ആരംഭിച്ചു എന്നറിയുന്നത് ഈ സംഘടനയുടെ വർത്തമാനകാലവും ഭാവികാലവും തീരുമാനിക്കുന്നതിൽ നിർണ്ണായകമാണ്. സഭയും സമുദായവും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ട് വശങ്ങളാണ്. അവ

പരസ്പരം പൂരകങ്ങളും ഒന്നിന്റെ നിലനിൽപ്പിന് മറ്റൊന്നിന്റെ സഹായം അനിവാര്യവുമാണ്. ഇരുവശത്തിനും പ്രത്യേകം നേതൃത്വവും ആവശ്യമാണ്. സഭാനേതൃത്വത്തിലുള്ളത് മെത്രാന്മാരും വൈദികരുമടങ്ങുന്ന ഹയരാർക്കിയാണ്. എന്നാൽ സമുദായ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ആ മേഖലയിൽ അറിവും പരിചയവും പക്വതയും അതിലേറെ വിശ്വാസ ചൈതന്യവുമുള്ള അൽമായരാകണം. കാരണം സമുദായത്തെ ബാധിക്കുന്ന രാഷ്ട്രീയം പോലെയുള്ള സെക്കുലർ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സഭാനേതൃത്വത്തിന് നിയമപരവും പ്രായോഗികവും അല്ലാത്തതുമായ പരിമിതികളുണ്ട്. അറിവു കുറവുമുണ്ട്. അവരുടെ പരിശീലനപദ്ധതിയിൽ അത്തരം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. അതുപോലെ സഭാവിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിമിതികൾ സമുദായ നേതൃത്വത്തിനുമുണ്ട്. അതിനാൽ ഇരുവശത്തുമുള്ള നേതൃത്വം സഹകരിച്ച് പോകണം. അങ്ങനെ ചെയ്യുമ്പോഴാണ് സഭയും സമുദായവും ശക്തിപ്പെടുന്നത്. ഇരുവശത്തുമുള്ളവർ പരസ്പര സഹകരണത്തോടെയും ബഹുമാനത്തോടെയും പെരുമാറേണ്ടത് സഭയുടെയും സമുദായത്തിന്റെയും കെട്ടുറപ്പിനും വളർച്ചക്കും അനിവാര്യമാണ്.

സഭാവിഷയങ്ങളെപ്പറ്റി പൊതുവെ എല്ലാവർക്കും അറിയാമെങ്കിലും സമുദായവിഷയങ്ങളെപ്പറ്റി കാര്യമായ അവബോധം സഭയിൽ അധികം പേർക്കും ഇല്ല എന്ന് തോന്നുന്നു. കെട്ടുറപ്പുള്ള ഒരു സഭാനേതൃത്യം സമുദായ നേതൃത്വത്തിന്റ അഭാവത്തെ ഇത്രയും കാലം ഒരു പരിധി വരെ നികത്തിയിട്ടുണ്ട്. അതിനാൽ തന്നെ എല്ലാ കാര്യങ്ങളും സഭാനേതൃത്യം വേണ്ടതുപോലെ വേണ്ട സമയത്ത് ചെയ്തുകൊള്ളും, ഞങ്ങളൊന്നും ചെയ്യേണ്ടതില്ല എന്നൊരു അലസമനോഭാവത്തിലേക്ക് ഭൂരിപക്ഷം പേരും എത്തിയതായും സംശയിക്കണം. അത്തരം മനോഭാവം സമുദായത്തിന്റെ നിലനിൽപ്പിനെ കാര്യമായി തന്നെ ബാധിച്ചു തുടങ്ങിയിട്ടുണ്ട് എന്ന സത്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. ആവശ്യമായ എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കിട്ടിയാൽ മാത്രം പ്രവർത്തിക്കുന്ന സമുദായനേതൃത്വത്തിന് കാര്യമായൊന്നും സംഭാവന ചെയ്യാൻ കഴിയില്ല. ആഴത്തിലുള്ള ക്രൈസ്തവവിശ്വാസവും തങ്ങളുടെ സമ്പത്തും സമയവും അറിവും പഠിപ്പും കഴിവുകളും എല്ലാം പങ്ക്

വയ്ക്കാനുള്ള മനസ്സും സമുദായ നേതൃത്വത്തിന് ഉണ്ടാകേണ്ട തുണ്ട്. അതോടൊപ്പം രാഷ്ട്രീയകക്ഷി ഭേദമെന്യേ ചിന്തിക്കാനും തങ്ങൾ പ്രഥവും പ്രധാനവുമായി സീറോമലബാർ കത്തോലിക്കാ സമുദായങ്ങൾ ആണെന്ന അവബോധവും എല്ലാവർക്കും പ്രത്യേകിച്ച് സമുദായ നേതൃത്വത്തിന് ഉണ്ടാകണം. കക്ഷിരാഷ്ട്രീയത്തിന് അതീതമായി ചിന്തിക്കാനും തങ്ങളുടെ സീറോമലബാർ സമുദായാംഗത്വത്തെ ഏതു മേഖലയിലും ഉയർത്തിപ്പിടിക്കാനും കഴിയുന്ന സമുദായ നേതൃത്വമാണ് സമുദായത്തിന്റെ കെട്ടുറപ്പിന്റെയും വളർച്ചയുടെയും അടിസ്ഥാനം.

സീറോമലബാർ സമുദായ നേതൃത്വം ഏറ്റെടുക്കേണ്ടത് പ്രധാനമായും സീറോമലബാർ ക്രൈസ്തവരുടെ താത്പര്യ സംരക്ഷണമാണ് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. അത് കേവലം ഏതാനും സർക്കാർ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ക്രൈസ്തവ സമുദായത്തിന് പൊതുവെയും സീറോമലബാർ സമുദായത്തിന് പ്രത്യേകമായും ഉള്ള പ്രഥമദൗത്യം നാം ഈ രാജ്യത്ത് അന്യം നിന്ന് പോകുന്നില്ല എന്ന് മാത്രമല്ല വളരുന്നുണ്ട് എന്ന് ഉറപ്പാക്കുകയാണ്. അതിന്റെ കാരണം ഈശോയുടെ വാക്കുകൾ ചെവിക്കൊണ്ട് ആ പാതയിലൂടെ ചരിക്കുന്നവർക്കാണ് തിന്മ നിറഞ്ഞ ഈ ലോകത്തെ സമാധാനത്തിലും ശാന്തിയിലും സുരക്ഷിതത്വത്തിലും പരസ്പര ബഹുമാനത്തിലുമെല്ലാം വളർത്താൻ കഴിയുന്നത് എന്നതാണ്. നാം ഏത് മേഖലയിൽ ഉള്ളവരാണെങ്കിലും ഈ ക്രൈസ്തവ ദൗത്യം ഉയർത്തിപ്പിടിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള പരിശ്രമമാണ് കത്തോലിക്കാ കോൺഗ്രസ് നടത്തേണ്ടത്. ഈ മനോഭാവം ഉൾക്കൊണ്ടവർ രാഷ്ട്രീയത്തിലും ഭരണതലത്തിലും ക്രമസമാധാന പരിപാലകരിലും ജുഡീഷ്യറിയിലും ഉദ്യോഗതലങ്ങളിലും എല്ലാം ഉണ്ടാകുമ്പോൾ അവരെ സമീപിക്കുന്ന ഏവർക്കും നീതി ലഭ്യമാകുന്ന സാഹചര്യമുണ്ടാകും. അപ്പോൾ സമൂഹത്തിൽ ശാന്തിയും സമാധാനവും സമത്വവും ഉണ്ടാകും.

വന്യമൃഗങ്ങളുടെ ആക്രമണം, വനസംരക്ഷണത്തിന്റെ പേരിലുള്ള കർഷക പീഡനം, സ്വന്തം പണം കൊടുത്ത് വാങ്ങി ദശാബ്ദങ്ങളായി കൃഷിചെയ്ത് ജീവിതം നയിക്കുന്ന ഭൂമിയുടെ മേൽ അവകാശം നിഷേധിക്കുന്ന സാഹചര്യം, തുടങ്ങിയ വിഷയ

ങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് മാത്രമല്ല മറ്റ് പല ക്രൈസ്തവ സംഘടനകളും സമരങ്ങൾ നടത്തിയിട്ടും നിവേദനങ്ങൾ സമർപ്പിച്ചിട്ടും യാതൊരു ഫലവും ഉണ്ടാകാത്തത് എന്തുകൊണ്ട് എന്ന് ചിന്തിച്ചാൽ മനസ്സിലാകും ക്രൈസ്തവനീതി നടപ്പാക്കാൻ ഭരണ തലങ്ങളിൽ നീതിബോധമുള്ളവരുടെ സംഖ്യ തുലോം കുറവായതുകൊണ്ടാണെന്ന്. ഇത്തരം കാര്യങ്ങളിൽ സമുദായാംഗങ്ങൾക്ക് അവബോധം കൊടുക്കുക എന്ന പരമ പ്രധാനമായ ദൗത്യമാണ് കത്തോലിക്കാ കോൺഗ്രസിനുള്ളത്. അതിലൂടെ നമ്മുടെ നാട് തന്നെയാണ് രക്ഷിക്കപ്പെടുന്നത്. ആദ്യകാല സമുദായ നേതാക്കന്മാർ ആ വഴിക്ക് ചിന്തിച്ചവരാണ്.

നമ്മുടെ രൂപതയിൽ ബഹുമാനപ്പെട്ട ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെ നേതൃത്വത്തിൽ 1984 ൽ ആരംഭിച്ച കത്തോലിക്കാ കോൺഗ്രസ് എന്ന ഈ സമുദായ സംഘടന മികച്ച പ്രവർത്തനങ്ങളാണ് പ്രാരംഭഘട്ടങ്ങളിൽ നടത്തിയത്. തുടർന്നങ്ങോട്ട് വളർച്ചയും തളർച്ചയും സംഘടനക്ക് ഉണ്ടായിട്ടുണ്ട്. നിലവിൽ രൂപതാഡയറക്ടർ ബഹുമാനപ്പെട്ട ജോബി മുക്കാട്ടുകാവുങ്കൽ അച്ചൻ, രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ പുരയ്ക്കൽ, ട്രഷറർ ശ്രീ. സജി ഫിലിപ്പ് എന്നിവർ അടങ്ങിയ രൂപതാ സമിതി മികവാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു.

വന്യമൃഗശല്യം രൂക്ഷമായി മനുഷ്യന്റെ ജീവന് ഭീഷണി ആയ ഘട്ടത്തിൽ രൂപതയിലെ വിവിധ സംഘടനകളെയും ഇടവകകളെയും ആളുകളെയും ചേർത്തുനിർത്തി കൽപ്പറ്റയിൽ നടത്തിയ കർഷക പ്രതിഷേധജ്വാല കത്തോലിക്കാ കോൺഗ്രസ് ഏറ്റെടുത്ത് നടത്തിയത് വലിയ ജനശ്രദ്ധയാകർഷിച്ചതാണ്. അതോടൊപ്പം, വയനാടിനെ പിടിച്ച് കുലുക്കിയ പ്രകൃതിദുരന്തം ചൂരൽമല മുണ്ടക്കൈ പ്രദേശത്തുണ്ടായപ്പോൾ എല്ലാം മറന്ന് സമുദായ സംഘടനയിലെ ആളുകൾ മറ്റ് സംഘടനകളോട് ചേർന്ന് മരണഭൂമിയിൽ കർമ്മനിരതരായിരുന്നു എന്നുള്ളതും ഓർമ്മിക്കുന്നു.

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരള സമൂഹത്തിൽ നടത്തിയ നിർണ്ണായകമായ ഇടപെടലുകൾ ബഹുജനശ്രദ്ധ ആകർഷിച്ചതായിരുന്നു. നവോത്ഥാന മുന്നേറ്റങ്ങൾക്ക്

കരുത്ത് പകർന്ന മലയാളി മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം, പൗരസമത്വ പ്രക്ഷോഭം എന്നിവയ്ക്ക് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകി. ആനുകാലിക ചുറ്റുപാടുകളിൽ തീവ്രമത നിലപാടുകൾ ഉയർത്തുന്ന വെല്ലുവിളികൾക്കും കടന്നുകയറ്റങ്ങൾക്കുമെതിരെയും, സിനിമയും, സമൂഹമാധ്യമങ്ങളും ഉൾപ്പെടെ വിവിധ മാധ്യമ അജണ്ടകൾക്കെതിരെയും വന്യമൃഗ ആക്രമണം ഉൾപ്പെടെയുള്ള വിവിധ കർഷകദ്രോഹ നടപടികൾക്കെതിരെയും, മുനമ്പം വിഷയം പോലുള്ള സാമൂഹിക വിപത്തുകൾക്കെതിരെയും കത്തോലിക്കാ കോൺഗ്രസ് നടത്തിയ നിരന്തര ഇടപെടലുകൾ സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും ഏറെ പ്രതീക്ഷ നൽകുന്നതാണെന്ന് പ്രത്യേകം പറയേണ്ടതാണ്. ഗൂഡല്ലൂരിൽ രൂക്ഷമായ കുടിയിറക്കുപ്രശ്നങ്ങൾ ഉണ്ടായപ്പോൾ കത്തോലിക്കാ കോൺഗ്രസ് ഗൂഡല്ലൂർ മലയാളി കർഷകരുടെ രക്ഷയ്ക്ക് ഓടിയെത്തിയത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. അവിടത്തെ കർഷകർക്ക് വേണ്ടി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവരുടെ പ്രശ്നങ്ങളിൽ ഗവൺമെൻറ് തലങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

രാഷ്ട്രീയവും, സാമ്പത്തികവും, വിദ്യാഭ്യാസവും, കാർഷികപരവും ആയ രംഗങ്ങളിൽ നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കണമെങ്കിൽ ഒരു സമുദായം എന്ന നിലയിൽ നാം സംഘടിക്കാതെ നിവൃത്തിയില്ല എന്നും കുടിയേറ്റക്കാരായ നമ്മുടെ രൂപതയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ പരമാർത്ഥവും ആണ് എന്ന് നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴിപ്പിതാവ് പലവുരു നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. എല്ലാത്തലങ്ങളിലും നാം അവഗണന അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവയ്ക്ക് ഒരു ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി സമുദായ സംഘടന ഉയർത്തെഴുന്നേൽക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കത്തോലിക്കരുടെ മാത്രം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയല്ല, കത്തോലിക്കരെ പോലെ തന്നെ അവഗണിക്കപ്പെട്ട എല്ലാ ജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നാം പരിശ്രമിക്കണം.

സംഘടന രൂപീകൃതമായിട്ട് വർഷങ്ങൾ പിന്നിടുമ്പോഴും നമ്മുടെ എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞില്ല എന്നുള്ളത് ഖേദകരമാണ്. അല്മായ നേതൃത്വം ഇതിനായി കൂടുതൽ ശ്രമിക്കേണ്ടതാണ് എന്ന ഓർമ്മപ്പെടുത്തൽ ഇവിടെയുണ്ട്. ഈ കാലഘട്ടത്തിൽ യുവതലമുറയെ കാർന്നുതിന്നുന്ന ലഹരി പോലുള്ള സാമൂഹിക തിന്മകൾ ചെറുക്കപ്പെടേണ്ടതും പ്രതിരോധിക്കപ്പെടേണ്ടതുമാണ്. നമ്മുടെ യുവജനങ്ങൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക് കൂടുതൽ സംരക്ഷണം ലഭിക്കണം. സമൂഹമാധ്യമങ്ങളിൽ നമ്മുടെ വൈദികരെയും, സന്യസ്തരേയും, സഭാസംവിധാനങ്ങളെയും തകർക്കുവാനുള്ള ഗൂഢനീക്കങ്ങളെ സമുദായം എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒറ്റക്കെട്ടായി നേരിടേണ്ടതാണ്. നമ്മുടെ ആശുപത്രികൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ഇടവകകൾക്കും എതിരെ ഉണ്ടാകുന്ന ഒളിഞ്ഞും തെളിഞ്ഞും ഉള്ള ആക്രമണങ്ങളെ ജാഗ്രതയോടെ സമുദായ സംഘടനയിലെ അംഗങ്ങൾ എന്ന രീതിയിൽ നാം ചെറുക്കേണ്ടതാണ്. അതല്ലെങ്കിൽ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന അനുഭവത്തിൽ നാം എത്തിപ്പെട്ടെന്നു വരാം.

സമുദായത്തിൽപ്പെട്ട അംഗങ്ങളുടെ പ്രശ്നങ്ങളിൽ പരസ്പരം സഹായിക്കുവാനും ഒപ്പം നിൽക്കുവാനും അതുവഴി ഒരു സമുദായം എന്ന ബോധം ഉണ്ടാക്കുവാനും ഒറ്റക്കെട്ടായി നിൽക്കുവാനും മാനന്തവാടി രൂപതയിലെ കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടനയ്ക്ക് ഇനിയും കഴിയണം. എല്ലാ സംഘടനകളുടെയും കുടയായി നിന്നുകൊണ്ട് നേതൃത്വനിരയിലേക്ക് ഇടവകയിലെയും സംഘടനകളിലെയും നേതാക്കന്മാരെ വളർത്തുവാൻ കത്തോലിക്കാ കോൺഗ്രസ് സമുദായ സംഘടനയ്ക്ക് കഴിയണം. സഭയുടെയും, രൂപതയുടെയും പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന, സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്ന, പുതിയ രാഷ്ട്രീയ വീക്ഷണം ഉള്ള, ക്രൈസ്തവ മൂല്യങ്ങൾ ശോഷിച്ചുപോകാത്ത അൽമായ നേതാക്കന്മാർ കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടനയിലൂടെ ഉടലെടുക്കണം. അതിനായി നിങ്ങളുടെ ഇടവകയിലെ പ്രായപൂർത്തിയായ എല്ലാ ആളുകളും കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടനയിൽ അംഗത്വം എടുക്കണമെന്ന് ഓർമ്മപ്പെടുത്തുകയാണ്.

നമ്മുടെ രൂപതയിൽ സമുദായ സംഘടനയെ ശക്തിപ്പെടുത്തുവാനും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം ഏകുവാനുമായി എല്ലാവർഷവും മെയ് മാസത്തെ ആദ്യത്തെ ഞായറാഴ്ച സമുദായിക ദിനമായി ആചരിക്കാൻ 2024 നവംബർ 11 നുചേർന്ന വൈദിക സമ്മേളനത്തിൽ തീരുമാനമെടുത്തത് ഏവരും ഓർക്കുമല്ലോ. അതിൻ പ്രകാരം, ഈ വരുന്ന മെയ് 4 ഞായറാഴ്ചയാണ് സമുദായ ദിനമായി ആചരിക്കുന്നത്. അന്നേദിവസം സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പതാക ഉയർത്തുവാനും സമുദായ നേതാക്കന്മാരെ പ്രോത്സാഹിപ്പിക്കാനും, ഇടവകയിലെ യൂണിറ്റ് തലത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുവാനും ഉപയോഗപ്പെടുത്തണം. ആ ദിവസത്തെ സ്തോത്രക്കാഴ്ച കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാനും മറക്കരുതേ എന്നഭ്യർത്ഥിക്കുന്നു.

അങ്ങനെ, സഭയുടെ കാഴ്ചപ്പാടുകളെയും മൂല്യങ്ങളെയും പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാനും, ആ ആശയങ്ങൾക്ക് വേണ്ടി അക്ഷീണം പ്രയത്നിക്കാനുമുള്ള വേദിയായി ഈ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് ഏപ്രിൽ മാസം ഇരുപതാം തീയതി നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2025 മെയ് 4–ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

## സർക്കുലർ

***Prot. No.30440*/ 2025**
*Circular No.6 /2025*

# യൂത്ത് സിനഡ്

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളെ, പ്രിയപ്പെട്ട യുവജനങ്ങളേ,

ഏതൊരു സമൂഹത്തിന്റെയും മധ്യഭാഗമാണല്ലോ യുവജനങ്ങൾ. ഭൂരിപക്ഷം കുട്ടികളും വൃദ്ധരും കൂടുതലായി മാതാപിതാക്കളുടെയോ മക്കളുടെയോ സംരക്ഷണയിൽ ജീവിക്കുന്നവരാണ്. എന്നാൽ യുവജനങ്ങളാകട്ടെ ഏറിയ പങ്കും സ്വയം കാര്യങ്ങൾ തീരുമാനിച്ച് ജീവിക്കുന്നവരാണ്. ഇപ്പറഞ്ഞ മൂന്ന് വിഭാഗത്തിൽപ്പെട്ടവരിലും വ്യത്യസ്തരായി ജീവിക്കുന്നവരുണ്ടാകുമെങ്കിലും അവരുടെ എണ്ണം കുറവായിരിക്കും. അതിനാൽ തന്നെ യുവജനങ്ങളാണ് സമൂഹത്തെ എല്ലാത്തരത്തിലും താങ്ങി നിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നത് എന്ന് മനസിലാക്കാം. ഉദാഹരണമായി രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും ശുശ്രൂഷാരംഗങ്ങൾ സജീവമായി നിലകൊള്ളുന്നത് യുവജനങ്ങൾ അവയിലേക്ക് നിരന്തരം കടന്നു വരുന്നതുകൊണ്ടാണ്.

അവരങ്ങനെ വരാൻ കാരണം അവർക്ക് ജന്മം കൊടുക്കാൻ നവദമ്പതികളും യുവദമ്പതികളും തയ്യാറാകുന്നതുകൊണ്ടാണ്. രാജ്യത്ത് ഭരണതലങ്ങളിലും പോലീസിലും നീതിന്യായ സംവിധാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിലും എല്ലാം ജോലി ചെയ്യാൻ ആളുകളുണ്ടാകുന്നതും അതുകൊണ്ടുതന്നെയാണ്. അതായത് വിവാഹം കഴിച്ച് മക്കളെ ജനിപ്പിച്ച് ക്രൈസ്തവ വിശ്വാസത്തിലും ധാർമ്മിക മൂല്യങ്ങളിലും അവരെ വളർത്താൻ യുവതീയുവാക്കൾ തയ്യാറാകുന്നതുകൊണ്ടാണ് മേൽപ്പറഞ്ഞ തലങ്ങളിലെല്ലാം ജോലി ചെയ്യാനും അങ്ങനെ സമൂഹത്തേയും രാജ്യത്തെയും മുന്നോട്ട് നയിക്കാൻ യുവതലമുറ ഉണ്ടാകുന്നതും. ഇതിലെല്ലാമുപരി ഈശോ ഭരമേൽപ്പിച്ച ലോകരക്ഷ എന്ന ദൗത്യം തുടരാൻ മേൽപ്പറഞ്ഞ എല്ലാ തലങ്ങളിലും ക്രൈസ്തവ യുവജനങ്ങൾ ഉണ്ടാകണം.

നിർഭാഗ്യവശാൽ വിവാഹത്തിന്റെയും മക്കൾക്ക് ജന്മം കൊടുക്കേണ്ടതിന്റെയും അവരെ ക്രൈസ്തവ വിശ്വാസത്തിലും ധാർമ്മികബോധ്യത്തിലും വളർത്തേണ്ടതിന്റെയും ആവശ്യകത യെപ്പറ്റിയുള്ള അവബോധവും ബോധ്യവും ക്രമേണ കുറഞ്ഞ് വന്ന് ഏതാണ്ടൊരു വിഷമം പിടിച്ച ദിശാസന്ധിയിൽ നാമിന്ന് എത്തിയിട്ടുണ്ട്. ക്രൈസ്തവ വിശ്വാസത്തെയും ധാർമ്മികതയേയും തകർക്കാനുള്ള ശ്രമം എന്നും ഉണ്ടാകുമെന്ന് രക്ഷകനെ വാഗ്ദാനം ചെയ്യുന്ന ഘട്ടത്തിൽ തന്നെ ദൈവം മുന്നറിയിപ്പ് തന്നിട്ടുള്ളതാണ് (ഉൽപ. 3:15). എങ്കിലും അക്കാര്യം ക്രൈസ്തവ സമൂഹങ്ങൾ വേണ്ടത്ര ഗൗരവത്തോടെ മനസിലാക്കുകയും അതിനെതിരെ സർപ്പങ്ങ ളെപ്പോലെ വിവേകികൾ ആയി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ എന്നതിൽ വലിയ സന്ദേഹമുണ്ട്.

തത്ഫലമായി അന്തർദ്ദേശീയ കൂട്ടായ്മകളായ ഐക്യ രാഷ്ട്രസഭ, ലോകരോഗ്യസംഘടന തുടങ്ങിയവയിലൂടെ ആ പുരാ തന സർപ്പം മന:ശാസ്ത്രമെന്നും മനുഷ്യാവകാശമെന്നും ഉള്ള പല പേരുകളിലും പല അധാർമ്മികതകളും സമൂഹങ്ങ ളിലേക്ക് ഒളിച്ച് കടത്തിയിട്ടുണ്ട്. മാതാപിതാക്കൾ മക്കളെ വഴക്കു പറയരുതെന്നും ഒന്നും പഠിച്ചില്ലെങ്കിലും എല്ലാ ക്ലാസ്സു കളിലും കുട്ടികളെ ജയിപ്പിക്കണമെന്നും ശാരീരികമായി പുരു ഷനോ സ്ത്രീയോ ആയി ജനിച്ചാലും അതിൽ ഏതാകണമെന്ന് ഓരോരുത്തർക്കും തീരുമാനിക്കാമെന്നും വിവാഹമെന്ന് പറയുന്നത് സ്ത്രീയും പുരുഷനും തമ്മിൽ മാത്രമുള്ളതാകണമെന്നില്ലെന്നും ഇപ്പറഞ്ഞതിനെല്ലാമനുസരിച്ചു പൗരന്മാർക്ക് ജീവിക്കാൻ രാജ്യങ്ങൾ നിയമം ഉണ്ടാക്കി നടപ്പാക്കണം എന്നും മറ്റുമുള്ള നിയമ ബാധ്യതകൾ അങ്ങനെ വന്നിട്ടുള്ളതാണ്. ഒരിക്കൽ രാജ്യനിയ മങ്ങൾ ആയവയെ തള്ളിക്കളയാൻ പൗരന്മാർക്ക് സാധിക്കുക യുമില്ല.

ക്രൈസ്തവ മൂല്യങ്ങളിൽ കെട്ടിപ്പടുത്ത പാശ്ചാത്യരാ ജ്യങ്ങളിൽ പോലും കുടുംബങ്ങൾ ശിഥിലമായതും മക്കൾ ഇല്ലാതായതും സമൂഹങ്ങളെയും രാജ്യങ്ങളെയും താങ്ങി നിർ ത്തുന്ന യുവജനങ്ങൾ ഇല്ലാതായതും അങ്ങനെയാണ്. തത്ഫല മായി അവിടെയെല്ലാം ക്രൈസ്തവസമൂഹങ്ങൾ അന്യം നിന്നു കൊണ്ടിരിക്കുന്നു. ജനാധിപത്യ ഭരണക്രമങ്ങളിൽ വോട്ടുകൾ

കൂടുതലുള്ളവർ ഭരണത്തിൽ മേൽക്കൈ നേടുകയും അവരുടെ ധാർമ്മികതയും മൂല്യങ്ങളും എല്ലാവരുടെമേലും നിയമ സംവിധാനങ്ങളിലൂടെ തന്നെ നടപ്പാക്കുകയും ചെയ്യും. സ്വേച്ഛാധിപതികളും ഏകാധിപതികളും മതമൗലികവാദികളും എല്ലാം ഭരണത്തിലെത്തുന്നതും ഇതേ വഴിയിലൂടെയാണ്. ഈ സ്ഥിതി വിശേഷം തന്നെയാണ് നമ്മുടെ നാട്ടിലും സാവധാനം ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്നത്. സഭയിലും സമൂഹത്തിലും തങ്ങളുടെ ക്രൈസ്തവ വിളിയെയും ദൗത്യത്തെയും പറ്റി അവബോധമുള്ളവരാകാൻ യുവജനങ്ങൾക്ക് വേണ്ടി നമ്മുടെ രൂപതയിൽ ധാരാളം കാര്യങ്ങൾ യുവജന പ്രസ്ഥാനങ്ങളിലൂടെയും അല്ലാതെയും നടപ്പാക്കുന്നുണ്ട്. എങ്കിലും അവയൊന്നും മേൽപ്പറഞ്ഞ ദിശാസന്ധിയെ മറികടക്കാൻ പര്യാപ്തമല്ല എന്ന വസ്തുതയും നമ്മൾ തിരിച്ചറിയുന്നുണ്ട്. വിവാഹജീവിതത്തോടുള്ള വിരക്തിയും മക്കളെ ജനിപ്പിക്കാനുള്ള വൈമനസ്യവും ക്രൈസ്തവ മൂല്യങ്ങളിലുള്ള വിശ്വാസക്കുറവും വർദ്ധിച്ചു വരുന്ന കുടിയേറ്റവും എല്ലാം ഇതിന്റെ കാരണങ്ങളാണ്. മദ്യത്തിനും മയക്കുമരുന്നിനും അക്രമങ്ങൾക്കും മറ്റും അവരിൽ പലരും വശംവദരാകുന്നതും ഇതുകൊണ്ടൊക്കെത്തന്നെയാണ്.

മേൽപ്പറഞ്ഞ അവസ്ഥയെപ്പറ്റി നമ്മുടെ യുവജനങ്ങളെ അവബോധമുള്ളവരും ക്രൈസ്തവ മൂല്യങ്ങൾക്ക് വില കൊടുക്കുന്നവരും ആക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിൽ കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഈ വരുന്ന മെയ് മാസം 14 ന് വൈകുന്നേരം 4:30 മുതൽ 16 ന് ഉച്ചകഴിഞ്ഞ് 4:00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു യൂത്ത് സിനഡ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉരുത്തിരിഞ്ഞ് വരുന്ന നിർദ്ദേശങ്ങൾ ഭാവിയിലേയ്ക്ക് യുവജനങ്ങളുടെ കാഴ്ചപ്പാടുകൾ കൂടുതൽ ക്രൈസ്തവവും ശോഭയുള്ളതും ആക്കും എന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ഒരു യുവാവും ഒരു യുവതിയും എന്ന രീതിയിൽ പ്രാതിനിധ്യം ഉണ്ടാകണം എന്നതാണ് തീരുമാനം. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ തങ്ങളുടെ ഇടവകയിൽനിന്നും യുവജന പ്രതിനിധികൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പു

വരുത്തേണ്ടതാണ്. ഒരാൾക്ക് 700 രൂപാനിരക്കിലാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. സംഘടനാ ഫണ്ടിൽ നിന്നോ ഇടവക യുടെ പൊതുഫണ്ടിൽ നിന്നോ ഈ തുക വഹിക്കേണ്ടതാണ്. സിനഡുമായി ബന്ധപ്പെട്ട് മെയ് 15 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വെരയുള്ള Coffee with Mentors എന്ന സെഷനിൽ മേഖലാ ഡയറക്ടർമാർ, യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നി വരെയും പ്രതീക്ഷിക്കുന്നു.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റർമാരും അതാത് തലങ്ങളിലെ ഭാരവാഹികളും ഇക്കാര്യത്തിൽ സജീവ താൽപര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും മുൻ കൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

രണ്ടായിരത്തി ഇരുപത്തി അഞ്ചാമാണ്ട് ഏപ്രിൽ മാസം 07 ന് മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2025 മെയ് 11-ാം തീയതി ഞായ റാഴ്ച്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്ന ഭ്യർത്ഥിക്കുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

മെയ് 5ന് ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെയും, മെയ് 7 നു ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചന്റെയും, മെയ് 9ന് ബഹു. ജോൺ പുത്തൻപുര അച്ചന്റെയും, മെയ് 20 ന് ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെയും, മെയ് 27 ന് ബഹു. ജോസഫ് മേമന അച്ചന്റെയും, മെയ് 29 ന് ബഹു. ഫ്രാൻസീസ് ഞള്ളമ്പുഴ CMI അച്ചന്റെയും, ജൂൺ 3 ന് ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെയും ചരമവാർഷികങ്ങൾ ആണ്. ഈ വൈദികരെ നമ്മുടെ വി. ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. രൂപതാ ദിനം**

ഇപ്രാവശ്യത്തെ രൂപതാദിനം മെയ് 1ന് ഓരോ ഇടവകയും കുടുംബ നവീകരണ വർഷത്തിന്റെ പശ്ചാത്തലത്തിൽ വിവിധ പരിപാടികളോടെ നടത്തേണ്ടതാണ്. അന്നേദിനം അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടിയും രൂപതാ മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുകയും രൂപതാ ദിനത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

**3. മെയ് 4 സമുദായദിനം**

നമ്മുടെ രൂപതയിൽ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മെയ് 4 ഞായറാഴ്ച സമുദായ ദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ (AKCC ) പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി രൂപതാ കേന്ദ്രത്തിലേക്ക് എത്തിക്കുമല്ലോ.

**4. വൈദികരുടെ സ്ഥലം മാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 17 ശനിയാഴ്ചയാണ്. മെയ് 18 ന് ഞായറാഴ്ച്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. എല്ലാവരും വികാരിമാറ്റ റിപ്പോർട്ട് ഫോറം പൂരിപ്പിക്കണം എന്നോർമ്മിപ്പിക്കുന്നു.

അടിയന്തിര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികൻ ശ്രദ്ധിക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കാനും ഈ റിപ്പോർട്ട് സഹായകരമാകണം.

സ്ഥലം മാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി ആ ഇടവകയിലെ സ്വന്തം അജപാലനാനുഭവത്തിന്റെ വെളിച്ചത്തിലാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പുതുതായി വരുന്ന വികാരിയും നടത്തു കൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ/സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലം മാറി വരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ ബഹു. വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു. ഇതുവരെയായിരുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അതോടൊപ്പം പുതിയ സ്ഥലത്തേയ്ക്കുള്ള നിയമന പത്രം അഭിവന്ദ്യപിതാവിൽ നിന്ന് സ്വീകരിക്കുവാൻ **ബഹു. വൈദികർ മെയ് 9 നു ഉച്ചകഴിഞ്ഞ് 2.30 ന് ബിഷപ്സ് ഹൗസ്സിൽ എത്തിച്ചേരേണ്ടതാണ്.** ഓരോരുത്തരും പള്ളിയിൽ സൂക്ഷിക്കേണ്ട രേഖകളുടെ ഒരു ലിസ്റ്റ് കൊണ്ടുവരുകയും, താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു:

1. മാമ്മോദീസാ - സ്ഥൈര്യലേപന രജിസ്റ്റർ
2. ആദ്യകുർബ്ബാന രജിസ്റ്റർ
3. വിവാഹവാഗ്ദാന രജിസ്റ്റർ
4. വിവാഹ രജിസ്റ്റർ
5. ആത്മസ്ഥിതി പുസ്തകം
6. മരണ രജിസ്റ്റർ

7. കല്ലറ രജിസ്റ്റർ
   - കുടുംബ കല്ലറ മുൻകൂട്ടി പണം വാങ്ങിയത്
   - അതിൽ സംസ്കരിക്കപ്പെട്ട തീയതി, പേര്
   - കല്ലറ നമ്പർ, കല്ലറ പണംവാങ്ങിയ രസീത്
8. ഉഭയ കുർബ്ബാന (നിത്യകുർബ്ബാന) രജിസ്റ്റർ. ഇതിന്റെ പകർപ്പ് സങ്കീർത്തിയിലും സൂക്ഷിക്കണം. (രൂപതാ നിയമാവലി p.64)
9. വിവാഹം, മാമ്മോദീസാ തുടങ്ങിയ രജിസ്റ്ററുകളുടെ എല്ല കോളങ്ങളും യഥാസമയം പൂരിപ്പിച്ചു ഒപ്പു വയ്ക്കേണ്ടതാണ്. അവ കോടതി അംഗീകരിക്കുന്നതിനാൽ തീയതി, പേര് ഇവ തിരുത്തലുകളില്ലാതെ കൃത്യമായി എഴുതിയിരിക്കണം.
10. രൂപതാ കേന്ദ്രത്തിൽ നിന്നുള്ള കൽപ്പനകൾ, അനുവാദങ്ങൾ ഇവ പ്രത്യേകം ഫയലിൽ സൂക്ഷിക്കണം.
11. പൊതുയോഗത്തിന്റെയും പ്രതിനിധിയോഗത്തിന്റെയും മിനിറ്റ്സ് പുസ്തകം യഥാസമയം പൂർണ്ണമായി എഴുതി ഒപ്പുവച്ചതായിരിക്കണം.
12. നാൾ വഴി (ജേർണൽ)
13. വാർഷികതെരട്ട് പുസ്തകം
14. വിവാഹപരസ്യ പുസ്തകം
15. അറിയിപ്പ് പുസ്തകം
16. ദൈവവിളി രജിസ്റ്റർ (updated)
17. രൂപതാ ബുള്ളറ്റിൻ - പഴയവയെല്ലാം ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
18. ഗവൺമെന്റ്, മുൻസിപ്പാലിറ്റി, പഞ്ചായത്ത്, വില്ലേജ് തുടങ്ങിയവയുമായുള്ള അപേക്ഷകളും മറുപടികളും അടങ്ങുന്ന ഫയൽ.
19. കരങ്ങൾ അടച്ചവയുടെ രേഖകൾ; ഭൂനികുതി, കെട്ടിടനികുതി etc.
20. പള്ളി, പള്ളിമുറി, പാരിഷ്ഹാൾ തുടങ്ങിയവയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ
21. സ്ഥലത്തിന്റെ ആധാരം / കോപ്പി, പട്ടയം etc.
22. ഓഡിറ്റ് റിപ്പോർട്ട് ഫയൽ
23. ഇടയ ലേഖനങ്ങൾ, സർക്കുലർ ഇവയുടെ ഫയൽ
24. സ്ഥാവര - ജംഗമ വസ്തുക്കളുടെ വിശദവിവരങ്ങളടങ്ങിയ പട്ടിക

25. പുരാതന വസ്തുക്കൾ ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റ്.
26. പള്ളിയുടെ നോട്ടീസുകളുടെ ഫയൽ.
27. കൂദാശകൾ മുടക്കപ്പെട്ടവരുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ അടങ്ങിയ ഫയൽ.
28. ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ.
29. 12 AB രജിസ്ട്രേഷനുമായിബന്ധപ്പെട്ട അപ്ഡേറ്റഡ് ഫയൽ.

**NB:** നിയമാവലി നമ്പർ 340ൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുക: ഡിജിറ്റൽ രേഖകളുണ്ടെങ്കിലും ആത്മസ്ഥിതി പുസ്തകവും അനുബന്ധ രേഖകളും ഹാർഡ്കോപ്പി സൂക്ഷിക്കേണ്ടതാണ്.

**5. കൈക്കാരന്മാർക്കുള്ള കോഴ്സ് 2025 മെയ് 24**

കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ ആകണമെന്ന് നിർബന്ധമുണ്ടല്ലോ. ഇപ്രാവശ്യത്തെ കൈക്കാരൻമാർക്കുള്ള കോഴ്സ് മെയ് 24 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഈ കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**6. വൈദികരുടെ സൗഹൃദ സംഗമവും ജൂബിലി ആഘോഷവും (മെയ് 27-28)**

മാനന്തവാടി രൂപതാ വൈദികരുടെ ഒരു സൗഹൃദ സംഗമവും ഈ വർഷം പൗരോഹിത്യ ജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കുന്ന വൈദികരുടെ ജൂബിലി ആഘോഷവും മെയ് 27, 28 തീയതികളിലായി മാനന്തവാടി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു.

മെയ് 27 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിയോടെ സംഗമം ആരംഭിക്കും. വൈദികർക്കുള്ള വിവിധ ഇൻഡോർ ഔട്ട് ഡോർ ഗെയിമുകളും നടത്തപ്പെടുന്നതാണ്. അന്ന് വൈകുന്നേരം ജൂബിലി ആഘോഷിക്കുന്ന പ്രിയ വൈദികർക്കുള്ള അനുമോദനവും തുടർന്ന് സ്നേഹവിരുന്നുമാണ് ക്രമീകരിച്ചിരിക്കുന്നത്. സംഗീത സാന്ദ്രമായ സായാഹ്നത്തിൽ വൈദികരുടെ വിവിധ കലാപരിപാടികളുമുണ്ടായിരിക്കും.

മെയ് 28 ബുധനാഴ്ച രാവിലെ ജൂബിലേറിയൻസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന വി. കുർബ്ബാനയോടെ സംഗമം അവസാനിക്കുന്നതാണ്. ബഹുമാനപ്പെട്ട എല്ലാ വൈദികരേയും ഈ സംഗമത്തിലേക്കും ജൂബിലി ആഘോഷത്തിലേക്കും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. പ്രോഗ്രാമിന്റെ വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**NB:** മെയ് 27 ചൊവ്വാഴ്ച രാത്രിയിൽ താമസ സൗകര്യം വേണ്ടവരും മെയ് 28 ബുധനാഴ്ച രാവിലെയുള്ള വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും ദയവായി വിവരം 8281918739 (ഫാ.ആൽബിൻ വളയത്തിൽ) എന്ന നമ്പറിൽ അറിയിക്കുമല്ലോ. താമസ സൗകര്യം പാസ്റ്ററൽ സെന്ററിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**ബിഷപ്പ് അലക്സ് താരാമംഗലം**
സഹായമെത്രാൻ

## വൈദിക സമ്മേളനം റിപ്പോർട്ട്

**(2025 മാർച്ച് 20)**

മാനന്തവാടി രൂപതാ വൈദികരുടെ ഒരു യോഗം 20-03-2025 നു ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുകയുണ്ടായി. നവ വൈദികൻ ബഹു. ബോബി പാലാക്കുഴ അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് അഭിവന്ദ്യ ജോസ് പിതാവിന് സപ്തതിയുടെ ആശംസകൾ നേരുകയും എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് സംസാരിക്കുകയും ചെയ്തു. വൈദിക സമ്മേളത്തിൽ ആദ്യമായി പങ്കെടുക്കുന്ന നവവൈദികരായ ബഹു. ക്രിസ്റ്റി പൂതക്കുഴിയിൽ, ബോബി പാലാക്കുഴ എന്നിവരെ പ്രത്യേകമാംവിധം വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

**A. വൈദിക സമ്മേളനത്തിലെ ചർച്ചകൾ, തീരുമാനങ്ങൾ**

**1.** 2024-2025 വർഷത്തെ വാർഷിക കണക്കും 2025 -2026 വർഷത്തെ ബഡ്ജറ്റും രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ അവതരിപ്പിച്ചു. സമഗ്രമായ ബജറ്റിൽ രൂപതയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി വ്യക്തമായ വിവരണം നൽകുകയും സംശയങ്ങൾക്ക് ഉത്തരം കൊടുക്കുകയും ചെയ്തു.

**2.** ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ, 2025 കുടുംബ നവീകരണ വർഷത്തിലെ വിവിധ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. കുടുംബ കൂട്ടായ്മയിലുള്ള ഇടവക ജനത്തിന്റെ പങ്കാളിത്തത്തെപ്പറ്റി സംസാരിച്ചു. ഈ വർഷത്തിൽ ദമ്പതിമാർക്കായി നടത്തുന്ന സെമിനാറിന്റെ വിവിധ വിഷയങ്ങൾ അവതരിപ്പിക്കുന്ന രൂപതാ റിസോഴ്സ് ടീമിനെപ്പറ്റി സംസാരിച്ചു. ഓരോ ഇടവകയിലും സെമിനാറുകൾ നടത്തുവാൻ സന്നദ്ധമായ ഈ ടീമിനെ വിളിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുവാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു

**3.** WSSS ഡയറക്റ്റർ ബഹു. ജിനോജ് പാലത്തടത്തിൽ അച്ചൻ ചൂരൽമലയിലെ പുനഃരധിവാസ പ്രവർത്തനങ്ങളെപ്പറ്റി ഒരു സംക്ഷിപ്ത വിവരണം നൽകി. 37 വീടുകൾ വെക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടെന്നും ഓരോരുത്തർക്കുമുള്ള പ്ലോട്ടിന്റെ രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നുവെന്നും അറിയിച്ചു. ഉടനെതന്നെ തറക്കല്ലിടാനുള്ള ഒരുക്കം നടത്തുമെന്നും യോഗത്തെ അറിയിച്ചു.

**4.** അഭിവന്ദ്യ ജോസ് പിതാവ് പഞ്ചാബ് മിഷൻ സന്ദർശിച്ചു

വന്നതിന്റെ വെളിച്ചത്തിൽ പഞ്ചാബ് മിഷനിൽ മാനന്തവാടി രൂപത ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു വിവരണം നൽകി. രൂപതയിലെ 3 വൈദികർ ചെയ്യുന്ന മിഷൻ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് യോഗം പറഞ്ഞു. കോട്ട് ഇസെ ഖാൻ, ഹസ്തിവാല എന്നീ രണ്ടു പ്രദേശങ്ങളിൽ സ്ഥലം വാങ്ങുകയും അവിടെ ഒരുമിച്ചു കൂടുന്നതിനായി ഒരു ഹാളും വൈദികർക്ക് താമസസൗകര്യവും ക്രമീകരിക്കുന്നതിന് സാമ്പത്തിക സഹായം എല്ലാ ഫൊറോനകളിൽ നിന്നും ചെയ്യുവാൻ പിതാവ് ആവശ്യപ്പെട്ടു. ഇപ്രാവശ്യത്തെ സ്നേഹനിധി കളക്ഷൻ അതിനായി ഉപയോഗിക്കുവാൻ തീരുമാനമുണ്ടായി. അതോടൊപ്പം ഭാവിയിൽ ഓരോ മാസത്തെയും ചെലവുകൾ ഓരോ ഫൊറോനയും വഹിക്കുവാൻ തക്കവിധത്തിൽ ക്രമീകരണം നടത്തുന്നതിനുള്ള ചർച്ച നടക്കുകയും ഇക്കാര്യം എല്ലാ ഫൊറോനാ വികാരിമാരെയും വൈദികരെയും അറിയിച്ച് തീരുമാനമെടുക്കുവാനും യോഗം തീരുമാനിച്ചു.

**5.** ഈ വർഷത്തെ രൂപതാദിനം ലളിതമായി ഓരോ ഇടവകയിലും ആചരിക്കാൻ തീരുമാനമെടുത്തു. കുടുംബ നവീകരണ വർഷമായി ആചരിക്കുന്ന ഈ വേളയിൽ ഇതുമായി ബന്ധപ്പെട്ടുള്ള പരിപാടികളും രൂപതാ ദിനത്തിൽ ഉൾപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു.

**B. അറിയിപ്പുകൾ**

**1.** മേരിമാതാ കോളേജുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ബഹു. ജെറി ഓണമ്പള്ളി അച്ചൻ നൽകി. NAAC ന്റെ A + അംഗീകാരം ലഭിച്ചിരിക്കുന്ന മേരിമാതാ കോളേജിലെ വിവിധ കോഴ്സുകളെപ്പറ്റിയും അവയ്ക്കുള്ള നിരവധി അവസരങ്ങളെപ്പറ്റിയും അച്ചൻ വിശദീകരിച്ചു. ഡിഗ്രി കോഴ്സുകൾക്ക് താത്പര്യം കുറയുന്ന ഇക്കാലത്ത് കുട്ടികളെ അതിനായി പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകതയെപ്പറ്റിയും അച്ചൻ സംസാരിച്ചു.

**2. ഫെഡാർ ഫൗണ്ടേഷൻ:** നാലായിരത്തോളം കുട്ടികളെ ഫെഡാർ കണക്ട് വഴി ഫോളോ ചെയ്യുന്നുണ്ടെന്നും എസ്.കെ.ഡി കോൺഗ്രിഗേഷനിലെ ഏഴ് സിസ്റ്റേഴ്സ് ഇതിന് നേതൃത്വം കൊടുക്കുന്നുവെന്നും ബഹു. റിൻസൻ നെല്ലിമലയിൽ അച്ചനും, പുതിയതായി ആരംഭിക്കുന്ന റെസിഡെൻഷ്യൽ സ്കൂളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ബഹു. അരുൺ മഠത്തിപ്പറമ്പിൽ അച്ചനും സംസാരിച്ചു. ഫെഡാർ ഫൗണ്ടേഷന്റെ ജർമ്മൻ ഭാഷ കോഴ്സുമായി ബന്ധപ്പെട്ടും ഇതുവരെ ജർമ്മനിയിലേക്ക് പോയിരിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളെപ്പറ്റിയും ബഹു. ജിഫിൻ മുട്ടപ്പള്ളി അച്ചൻ വിവരണം നൽകി.

**3.** കെ. എൽ. എമ്മുമായി ബദ്ധപ്പെട്ട കാര്യങ്ങൾ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ വിശദീകരിച്ചു. തൊഴിൽ രഹിതർക്കുള്ള ക്യാമ്പ്, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജനസേവ കേന്ദ്രങ്ങൾ, ഇൻഷുറൻസ് സ്കീമുകൾ എന്നിവ കെ. എൽ. എമ്മിന്റെ പ്രഥമ പരിഗണനയിൽ ഉള്ള കാര്യങ്ങളാണ്. പുതുവർഷത്തിലെ പ്രോഗ്രാമിൽ ഹെൽത്ത് ഇൻഷുറൻസ് എടുക്കുവാനും ഇതുമായി ബദ്ധപ്പെട്ടു കാര്യങ്ങൾ ചെയ്യാൻ വാർഡിൽ ഒരാളെ ഉത്തരവാദിത്വം ഏല്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സാർ സംസാരിച്ചു.

**സമാപനസന്ദേശം**

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. പഞ്ചാബ് മിഷനെ സാമ്പത്തികമായി സഹായിക്കേണ്ടതിന്റെ ആവശ്യവും അതോടൊപ്പം മതബോധന വിദ്യാർത്ഥികളെ അവരാൽ ആകുംവിധം നൽകുന്ന ചെറിയ സാമ്പത്തിക സഹായങ്ങൾ ക്കൊണ്ട് മിഷനിൽ പങ്കാളികളാക്കാൻ ആരംഭിച്ചിരിക്കുന്ന പരിശ്രമങ്ങളെ എല്ലാവരും പ്രോത്സാഹിപ്പിക്കണമെന്നും പിതാവ് ആവശ്യപ്പെട്ടു. ഈസ്റ്റർ തിരുക്കർമ്മങ്ങളുടെ സമയം കഴിഞ്ഞ വർഷം നടത്തിയതുപോലെ ദുഃഖശനിയാഴ്ച രാത്രി 8 മണിക്ക് ആരംഭിച്ച് 10 മണിക്കുള്ളിൽ തീരുന്നവിധത്തിൽ ക്രമീകരിക്കുവാൻ തീരുമാനിച്ച കാര്യം അറിയിച്ചു.

ഭിന്നശേഷി വിഭാഗക്കാരെ പ്രത്യേകം പരിഗണിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പള്ളികളിൽ അവർക്ക് സഹായകമായ കാര്യങ്ങൾ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പിതാവ് സൂചിപ്പിച്ചു. ഏപ്രിൽ മാസത്തിലെ സർക്കുലറിൽ ഇക്കാര്യം സൂചിപ്പിക്കുമെന്നും ഓർമ്മിപ്പിച്ചു.

എല്ലാവരുടെയും സഹകരണത്തിനു നന്ദി പറയുകയും മാറിവരുന്ന സാമ്പത്തിക നിയമങ്ങളെപ്പറ്റി നമ്മൾ കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.

നമ്മുടെ ശുശ്രൂഷയുടെ മാഹാത്മ്യം മനസിലാക്കി മുന്തിരിച്ചെടിപോലെ തായ്തണ്ടായ ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുവാൻ എന്നും കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് പിതാവ് തന്റെ സന്ദേശം അവസാനിപ്പിച്ചു.

ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ യോഗത്തിനു നന്ദി പറയുകയും പ്രാർത്ഥനയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ** (ചാൻസലർ)

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## 2025 മെയ് മാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം

## ലഹരി ഉപേക്ഷിക്കൂ... നാടിനെ രക്ഷിക്കൂ...

കുടുംബം ദൈവസ്ഥാപിതമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചുള്ള ഈ വാസം സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ശക്തമായ സാമൂഹ്യജീവിത കൂട്ടായ്മ യാണ്. കുടുംബമാണ് സമൂഹസൃഷ്ടിയുടെ അടിസ്ഥാനം. വ്യക്തി കളുടെ സുരക്ഷിതത്വം, തുല്യപങ്കാളിത്തം, ആശയസംവേദനം, മാനസിക ആത്മീയ ശാരീരിക വളർച്ച ഇവയെല്ലാം കുടുംബ ത്തിലെ ആരോഗ്യപരമായ അന്തരീക്ഷത്തിൽ വികാസം പ്രാപി ക്കുന്നു. എന്നാൽ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപ യോഗം കേരളത്തിലെ കുടുംബങ്ങളെ മതവർഗ്ഗദേശപരമായ വേർതി രിവില്ലാതെ തകർക്കുന്നു. നമുക്ക് ചുറ്റും നമ്മൾ അറിയാതെ ലഹരി പദാർത്ഥങ്ങൾ സുലഭമായിക്കൊണ്ടിരിക്കുന്നു. അറിഞ്ഞോ അറി യാതെയോ ലഹരി ഉപയോഗത്തിലേക്ക് വഴുതിവീഴാനുള്ള സാധ്യത വളരെയധികമാണ്.

ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീ ക്ഷകളിൽ ഇരുൾ പരത്തുകയാണ്. ലോക വ്യാപകമായി പ്രതി വർഷം 50,000 കോടി ഡോളറിന്റെ മയക്കുമരുന്ന് വ്യാപാരമാണ് നടക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ആയുധ വ്യാപാരം കഴി ഞ്ഞാൽ രണ്ടാംസ്ഥാനം മയക്കുമരുന്ന് വ്യാപാരത്തിനാണ്. 269 ലക്ഷം ആളുകൾ ലോകത്ത് ലഹരി ഉപയോഗിക്കുന്നു. ഇന്ത്യയിൽ 16 കോടി ഏകദേശം 40,000 കോടി ഡോളറിന്റെ മദ്യക്കച്ചവടമാണ്. ലോകത്ത് 120 കോടി ജനങ്ങൾ പുകവലി ശീലമുള്ളവരാണ്. പുകയില ഉപയോഗം മൂലം 50 ലക്ഷം ആളുകൾ പ്രതിവർഷം അകാലമൃത്യു വരിക്കുന്നു. ലഹരിക്ക് ഉപയോഗിക്കുന്ന തുക ഉണ്ടെങ്കിൽ മാനവജനതയ്ക്ക് ഇന്നുള്ളതിനേക്കാൾ പത്തിരട്ടി ആഹാരവും വസ്ത്രവും പാർപ്പിടവും നൽകുവാൻ സാധിക്കും.

ആസ്വാദനം, അനുകരണം, ജിജ്ഞാസയും പരീക്ഷണവും, പരപ്രേരണ, തമാശക്ക് വേണ്ടി, ഉന്മാദത്തിനായി മാനസിക സാമൂഹിക പ്രശ്നത്തിൽ നിന്നുള്ള മോചനം, വീട്ടിലെ പ്രശ്നങ്ങൾ പ്രണയ പരാജയങ്ങൾ, പഠന ബുദ്ധിമുട്ട് സമൂഹത്തിൽ മാന്യത കിട്ടാൻ,

പണലഭ്യത, മിഥ്യാധാരണകൾ, ലഹരി ദോഷത്തെക്കുറിച്ചുള്ള അജ്ഞത, സുലഭമായ ലഭ്യത, മാനസിക സംഘർഷം, ജീവിത സാഹചര്യം, നെഗറ്റീവ് പിയർ ഗ്രൂപ്പ് സ്വാധീനം, വിവേചനം തുടങ്ങി നിരവധി കാരണങ്ങൾ ഒരുവനെ ലഹരിയിലേക്ക് നയിക്കുന്നുണ്ട്. ലഹരിയാസക്തി ഒരു രോഗമാണ്. തലച്ചോറിനെ ബാധിക്കുന്ന രോഗമാണ് മയക്കുമരുന്ന് ആസക്തി. ചിന്തകളെ (Thoughts/ Cognition) പെരുമാറ്റത്തെ (Behavior), ഇന്ദ്രിയാനുഭൂതികളെ (Sensory perceptions), വികാരങ്ങളെ (moods) എല്ലാം ലഹരിയാസക്തി ബാധിക്കുന്നു. ശാരീരികമാനസിക കുടുംബ സാമൂഹ്യ തലങ്ങളിലെല്ലാം ലഹരിയാസക്തി പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കും.

വളരെ ചെറുപ്പത്തിൽ ലഹരി ഉപയോഗിച്ചു തുടങ്ങുന്നവർ, ബുദ്ധിപരമായി പിന്നിൽ നിൽക്കുന്നവർ, കുടുംബത്തിൽ മാനസിക ആസക്തി രോഗമുള്ളവർ, പഠന വൈകല്യമുള്ളവർ, വ്യക്തിത്വ വൈകല്യമുള്ളവർ, കുട്ടിക്കാല കൗമാരപ്രശ്നങ്ങളുള്ളവർ, തകർന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവർ എന്നീ വിഭാഗത്തിൽപ്പെട്ടവർ ലഹരിയാസക്തിയിലേക്ക് പെട്ടെന്ന് വഴുതി വീഴാനിടയുണ്ട്. കൗമാരത്തിൽ ലഹരി ഉപയോഗിച്ചു തുടങ്ങുന്നവർ ലഹരിയാസക്തരാകാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് നാല് മടങ്ങാണ്. മാനസിക പ്രശ്നങ്ങളിൽ നിന്ന് മോചനം ലഭിക്കുമെന്ന തെറ്റിദ്ധാരണയും യുവതലമുറയെ ലഹരിയിലേക്ക് നയിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ആത്മഹത്യക്ക് പിന്നിലെ വലിയ കാരണവും മദ്യമയക്കുമരുന്ന് ഉപയോഗമാണ്. വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തുടങ്ങിയിരുന്നത് പുകയില ഉത്പന്നങ്ങളിലൂടെയായിരുന്നു. ഇന്ന് ഏത് മാർഗ്ഗവും പരീക്ഷിച്ചു നോക്കാനുള്ള വ്യഗ്രതയാണവർ കാട്ടുന്നത്. ചുവന്ന കണ്ണുകൾ, മുഷിഞ്ഞ വസ്ത്രം, നടക്കാൻ പ്രയാസം, അമിത സംസാരം, അലക്ഷ്യമായ നോട്ടം, ഉറക്കക്കുറവ്, വിശപ്പ് കുറവ്, അമിത ഭക്ഷണം, ഭയം, അമിതാഹ്ലാദം, ഉത്സാഹക്കൂടുതൽ, ശരീരഭാഗങ്ങളിൽ കുത്തിവച്ചപാടുകൾ എന്നിവയെല്ലാം ലഹരി ആശ തിരിച്ചറിയാനുള്ള സൂചനകളാണ്.

**I. എന്താണ് ലഹരി പദാർത്ഥങ്ങൾ?**

ലഹരി പദാർത്ഥങ്ങളെ അവയുടെ പ്രവർത്തനം അനുസരിച്ച് അഞ്ചായി തിരിക്കാം.

1. നിദ്രകങ്ങൾ (Narcotic Analgesics)
2. ഉത്തേജകങ്ങൾ (Stimulants)
3. ശമന വിരോധികൾ (Anti-Depressants)

4. മന്ദീഭവങ്ങൾ (Depressants)
5. വിഭ്രജനകങ്ങൾ (Hallucinogens)

ലഹരി പദാർത്ഥങ്ങൾ സാധാരണയായി ഗുളികരൂപത്തിലൊ, ക്യാപ്സൂൾ രൂപത്തിലൊ, പൊടിയുടെ രൂപത്തിലൊ, ദ്രാവക രൂപത്തിലൊ കാണാവുന്നതാണ്. ശരീരത്തിൽ കുത്തിവയ്ക്കുന്നതിലൂടെയും, ഉള്ളിലേക്ക് കഴിക്കുന്നതിലൂടെയും, മൂക്കിലൂടെ ശ്വസിക്കുന്നതിലൂടെയും ലഹരിപദാർത്ഥങ്ങൾ മനുഷ്യശരീരത്തിൽ എത്തുകയും അവ രക്തത്തിലൂടെ ഹൃദയം, തലച്ചോറ്, കരൾ തുടങ്ങിയ ശരീരഭാഗങ്ങളിലും കോശങ്ങളിലും എത്തിച്ചേരുകയും ചെയ്യുന്നു. സാധാരണയായി മദ്യം, മയക്കുമരുന്ന്, പാൻ മസാല, പുകയില എന്നീ ലഹരിപദാർത്ഥങ്ങൾ മനുഷ്യർ ഉപയോഗിച്ചു വരുന്നു.

**A. എന്താണ് മദ്യം?**

മന്ദീഭവങ്ങൾ (Depressants) വിഭാഗത്തിൽപ്പെട്ട ദ്രവരൂപത്തിലുള്ള ഒരു ലഹരിപദാർത്ഥമാണ് ആൽക്കഹോൾ അഥവാ മദ്യം. ഏതെങ്കിലും പഴവർഗ്ഗത്തെയോ സസ്യത്തെയോ ധാന്യങ്ങളെയോ പുളിപ്പിച്ചോ (Fermentation) വാറ്റിയോ (distillation) ആണ് പ്രധാനമായും മദ്യം ഉണ്ടാക്കുന്നത്. രാസപരമായി കാർബൺ, ഓക്സിജൻ, ഹൈഡ്രജൻ എന്നിവയുടെ സംയുക്തരൂപമാണ് മദ്യം. മദ്യത്തിൽ ഗ്ലിസറിൻ, മിഥൈൻ ആൽക്കഹോൾ എന്നിവ ഉണ്ടെങ്കിലും മുഖ്യ രാസവസ്തു ഈഥൈൽ ആൽക്കഹോളാണ് ($c_2H_2OH$). കള്ള്, ചാരായം, ബിയർ, വൈൻ, ബ്രാണ്ടി, റം, വിസ്കി, വോഡ്ക എന്നിങ്ങനെ പല രൂപത്തിലും നിറത്തിലും മദ്യം ലഭ്യമാണ്.

**മദ്യം ശരീരത്തിൽ പ്രവർത്തിക്കുന്നത് എങ്ങനെ?**

ഒരാൾ മദ്യം കഴിക്കുമ്പോൾ ദഹന പ്രക്രിയ കൂടാതെ മദ്യത്തിന്റെ 80% ആമാശയത്തിൽ നിന്നും 20% ചെറുകുടലിൽ നിന്നും നേരിട്ട് രക്തത്തിലേക്ക് പ്രവേശിക്കുന്നു. ഈഥൈൽ ആൽക്കഹോൾ അടക്കമുള്ള ചില രാസപദാർത്ഥങ്ങൾ രക്ത പ്രവാഹത്തിലൂടെ ഹൃദയത്തിലെത്തിച്ചേരുന്നു. തുടർന്ന് ഇത് കരളിൽ വച്ച് ജാരണം (Oxidation) നടക്കുന്നു. താമസിയാതെ അപകടകാരിയായ 'അസിറ്റാൾഡിഹൈഡ്' ആയി രൂപാന്തരപ്പെടുന്നു. അസിറ്റാൾഡിഹൈഡ് കോശങ്ങളിലേക്ക് കടന്ന് അസറ്റിക് ആസിഡായും പിന്നീട് കാർബൺഡൈയോക്സൈഡും ജലവുമായി മാറുന്നു. തുടർന്ന് മദ്യാംശങ്ങൾ മൂത്രം, വിയർപ്പ്, ശ്വാസവായു എന്നിവയിൽ കൂടി പുറത്ത് വരുന്നു. ഹൃദയത്തിൽ നിന്ന് മദ്യം തലച്ചോറിൽ

എത്തിച്ചേർന്ന് മസ്തിഷ്ക പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. ആൽക്കഹോളിന്റെ അമിതോപയോഗം കേന്ദ്രനാഡീവ്യൂഹങ്ങളെ തളർത്തുന്നു. തുടർന്ന് മദ്യപൻ ശാരീരിക മാനസിക രോഗത്തിന് അടിമയാകുന്നു. അസറ്റാൾഡിഹൈഡിന്റെ ഒരംശം തലച്ചോറിൽ എത്തിച്ചേർന്ന് Tetra Hydro Iso Quinoline (THIQ) എന്ന ആസക്തിജന്യ വസ്തുവായി സൂക്ഷിക്കപ്പെടുന്നു. ആസക്തിജന്യവസ്തു (THIQ) വിന്റെ അളവ് കൂടുന്നതനുസരിച്ച് മദ്യപാനാസക്തിയും വർദ്ധിക്കും. ഇതുമൂലം മദ്യം ഒരിക്കൽ കഴിച്ചവർ വീണ്ടും കഴിക്കാൻ പ്രേരിപ്പിക്കപ്പെടുകയും താമസിയാതെ മദ്യാസക്തരോഗിയായി തീരുകയും ചെയ്യുന്നു.

**മദ്യാസക്തി മഹാരോഗം**

1990ൽ ലോകാരോഗ്യസംഘടന (WHO) മദ്യാസക്തിയെ ഒരു രോഗമായി പ്രഖ്യാപിച്ചു. ഐക്യരാഷ്ട്രസംഘടന ഇക്കാര്യം ആവർത്തിച്ചുറപ്പിച്ചു. എഥനോൾ എന്ന രാസവസ്തുവാണ് മദ്യാസക്തിരോഗത്തിന്റെ മുഖ്യകാരണം കൂടാതെ പാരമ്പര്യം, മദ്യത്തിന്റെ ലഭ്യത, മഹത്ത്വവത്ക്കരണം, സാമൂഹികമായ ചുറ്റുപാട്, കൂട്ടുകെട്ടുകൾ, ശാരീരിക പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ എന്നിവയും അമിത മദ്യപാനത്തിന് കാരണമാകുന്നു. മദ്യപാനം അതിൽതന്നെ ഒരു രോഗമാണ്, രോഗലക്ഷണമല്ല. ഇത് പ്രാഥമിക രോഗമാണ്, വർദ്ധിച്ചുവരുന്ന രോഗമാണ്, നിത്യകാലരോഗമാണ്, ചികിത്സിക്കേണ്ട രോഗമാണ്. മദ്യാസക്തി പൂർണ്ണമായും സുഖപ്പെടുത്താൻ കഴിയില്ല. എന്നാൽ സ്വതീരുമാനം വഴിയും ചികിത്സവഴിയും ആത്മീയവും സാമൂഹികവുമായ സഹായം വഴിയും തടഞ്ഞുനിർത്താനാവും, നിയന്ത്രിക്കാൻ കഴിയും. മദ്യാസക്തി മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും മനസിനെയും ബാധിക്കുന്ന രോഗമാണ്.

**മദ്യപാനത്തിന്റെ ഘട്ടങ്ങൾ**

മദ്യപാനത്തിന്റെ ഏറ്റവും അപകടകരമായ അവസ്ഥ മദ്യപിക്കുന്ന പത്തിൽ മൂന്നുപേർ മദ്യാസക്തരോഗത്തിന് പൂർണ്ണമായി കീഴപ്പെടുന്നു എന്നതാണ്. ഒരു പെഗ്ഗിലോ നൂറ് മില്ലിയിലോ നിർത്താം എന്നു വിചാരിക്കുന്ന പലരും അധികം വൈകാതെ വീണ്ടും വീണ്ടും മദ്യപിച്ച് ആസക്തിക്ക് അടിമയാകുന്നു. ആരാണ് മദ്യാസക്തനാകുന്നത് എന്ന് ആർക്കും കൃത്യമായി പ്രവചിക്കാൻ കഴിയില്ല. മദ്യപിച്ച് തുടങ്ങുന്ന ആരെയും ആസക്തി കീഴപ്പെടുത്താം. അതിനാൽ ഒരിക്കലും മദ്യപിക്കാതിരിക്കുന്നതാണ് ഉത്തമവും ബുദ്ധിപരവും.

**മദ്യപാനരോഗത്തിന്റെ വളർച്ചയുടെ നാല് ഘട്ടങ്ങൾ**

**1. സൂചനാഘട്ടം (Pre-Alcoholic Symptomatic Stage):** ഈ ഘട്ടത്തിൽ മദ്യം ഉല്ലാസത്തിനോ നേരംപോക്കിനോ ഉപയോഗിച്ച് തുടങ്ങി ഇടവേളകൾ കുറഞ്ഞ് കൂടുതൽ മദ്യപിക്കാൻ ആഗ്രഹം തോന്നുന്നു. മദ്യപാനത്തിന് ന്യായീകരണങ്ങൾ തേടുന്നു.

**2. ബോധനഷ്ടഘട്ടം (Pre-Alcoholic black out stage):** ഈ ഘട്ടത്തിൽ കഴിഞ്ഞ മദ്യപാന അവസരത്തെ ഓർമ്മയിൽ കൊണ്ടുവന്ന് മദ്യപിക്കാൻ ആഗ്രഹിക്കുന്നു. മദ്യ ഉപയോഗത്തിന്റെ അളവ് കൂട്ടുന്നു. ആസക്തി ജന്യവസ്തു (THIQ) ശരീരത്തിൽ അമിതമായി കെട്ടിക്കിടക്കുന്നു. വീട്ടിൽ താമസിച്ച് എത്തുന്നു. ഓർമ്മക്കുറവ്, വിറയൽ തുടങ്ങിയവ അനുഭവപ്പെടുന്നു

**3. നിർണ്ണായക ഘട്ടം (Crucial stage):** കുടിക്കാൻ തുടങ്ങിയാൽ അവസാനിപ്പിക്കാൻ അറിയില്ല. കുടി നിർത്താൻ ആഗ്രഹമുണ്ട്, പക്ഷേ സാധിക്കില്ല. കുടിക്കില്ലെന്ന് വാഗ്ദാനം ചെയ്യും, പക്ഷേ മദ്യത്തിന്റെ മുമ്പിൽ തീർത്തും നിസ്സഹായനാകുന്നു

**4. തീക്ഷ്ണഘട്ടം (Chronic stage):** മദ്യപാനരോഗത്തിന്റെ അന്ത്യ ഘട്ടമാണിത്. ദിവസം മുഴുവനും കുടിക്കുന്നു.

## B. പാൻമസാലയിൽ ഒളിഞ്ഞിരിക്കുന്ന കൊലയാളി

മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളെപോലെ തന്നെ മാരകമായ ലഹരിവസ്തുവാണ് പാൻമസാല അഥവാ തമ്പാക്ക്. വിദ്യാർത്ഥികളും യുവജനങ്ങളും വ്യാപകമായി ഇവ ഉപയോഗിക്കുന്നു.

**എന്താണ് പാൻമസാല**

പുകയിലയും അടയ്ക്കയും ചില ലഹരിമരുന്നുകളും ചേർത്ത് തയ്യാറാക്കുന്ന മയക്കുമരുന്നാണ് പാൻമസാല. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്ത് എന്ന സ്ഥാപനത്തിന്റെ പഠനത്തിൽ പാൻമസാലയിൽ പോളിസൈക്ലിക്ക് അരോമാറ്റിക് ഹൈഡ്രോകാർബൺ, ടോക്സിക് മെറ്റലുകളായ ലെഡ്, കാഡ്മിയം. നിക്കൽ എന്നിവയും ഡിഡിറ്റി, ബി.എച്ച്.സി., ഉറക്കഗുളികയുടെ പൊടി, ഗാംബിയർ എന്ന രാസവസ്തു ബാങ്ങ്, ഖൈൽ എന്നീ മരങ്ങളുടെ കറ, കൂടാതെ കഞ്ചാവ്, ഹാഷിഷ്, ബ്രൗൺഷുഗർ, കുപ്പിച്ചില്ല് എന്നിവയും ചേർക്കുന്നു. പാൻപരാഗ്, ഹാൻസ്, ശംഭു, ഖൈനി, മധു, പാസ്പാസ്, തുളസി, മൂലചരന്ദ് തുടങ്ങിയ അമ്പതിൽപരം പാൻമസാലകൾ കമ്പോളത്തിൽ ലഭ്യമാണ്. പ്രധാനമായും ക്യാൻസർ (വായിലും, ഉദര

ത്തിലും), സബ്മ്യൂക്കസ് ഫൈബ്രോസിസ്, ലൂക്കോപ്ലാക്കിയ എന്നീ രോഗങ്ങളും, ഉറക്കക്കുറവ്, ഭയം, മറവി, സംശയരോഗം, നിരാശാബോധം, അക്രമവാസന, ലൈംഗിക വൈകൃതങ്ങൾ എന്നീ മാനസിക പ്രശ്നങ്ങളും പാൻമസാല ഉപയോഗിക്കുന്നവരിൽ കണ്ടുവരുന്നു.

**C. പുകവലി മരണത്തിലേക്കുള്ള കുറുക്കുവഴി**

ശക്തമായ ബോധവൽക്കരണത്തിന്റെയും നിയന്ത്രണത്തിന്റെയും ഫലമായി പുകവലിയുടെ മാന്യത ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. പുകയിലയിൽ അടങ്ങിയിരിക്കുന്ന ഏറ്റവും മാരകമായ വിഷവസ്തുവാണ് നിക്കോട്ടിൻ. അരത്തുള്ളി ഗാഢനിക്കോട്ടിൻ ലായനിക്ക് ഒരാളെ കൊല്ലുവാനുള്ള കഴിവുണ്ട്. മറ്റൊരു പ്രധാനവിഷവസ്തു കാർബൺ മോണോക്സൈഡാണ്. പുകയിലയിലൂടെ ക്യാൻസർ, ബ്രോങ്കൈറ്റിസ്, ന്യൂമോണിയ, എംഫിസിമ (ശ്വാസകോശ രോഗം) എന്നീ മാരകരോഗങ്ങൾക്ക് പുകവലിക്കുന്നവരും അന്തരീക്ഷത്തിലൂടെ പുകശ്വസിക്കാനിടവരുന്ന നിഷ്ക്രിയ പുകവലിക്കാരും അടിമകളാകുന്നു.

**D. മയക്കുമരുന്നുകൾ**

മയക്കുമരുന്നുകളുടെ സ്വതന്ത്ര ഉത്പദാനവും വിതരണവും നിരോധിച്ചിട്ടുള്ളതാണ്. മനുഷ്യന്റെ ശാരീരികവും മാനസികവുമായ പ്രവൃത്തികളിൽ മയക്കുമരുന്നുകൾ വ്യതിയാനം സൃഷ്ടിക്കും. മയക്കമോ, ലഹരിയോ, ഉന്മാദമോ, ഉത്തേജനമോ, ശമനമോ ഒക്കെയാണ് മയക്കുമരുന്നുകൾ സൃഷ്ടിക്കുന്നത്.

മരുന്നെടുക്കുവാൻ പല രീതികൾ ഉപയോഗത്തിലിരിക്കുന്നു. ഗുളികയോ, പൊടിയോ, ദ്രാവകമോ ആയി ഉള്ളിൽ കഴിക്കുന്നതാണ് ഒരു രീതി. കത്തിച്ചുവലിക്കുക, പൊടിയായി മൂക്കിൽ വലിക്കുക, ആവിയാക്കി വലിക്കുക, കുത്തിവയ്ക്കുക എന്നിങ്ങനെ മറ്റു പല രീതികളുമുണ്ട്. പാമ്പുകടി, തേളുകടി എന്നിവയും പ്രചാരത്തിലുണ്ട്.

**പ്രവർത്തനം:** രക്തത്തിൽ പ്രവേശിക്കുന്ന മരുന്ന് നിമിഷങ്ങൾക്കകം തലച്ചോറിൽ ചെന്നെത്തുന്നു. മരുന്നിന്റെ ഏതാനും തന്മാത്രകൾ (Molecules) തലച്ചോറിന്റെ ചിലഭാഗത്ത് പറ്റിപ്പിടിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നു. തുടക്കത്തിൽ നല്ലതരം അനുഭൂതിയായിരിക്കും ഉളവാക്കുക. ആനന്ദം, ഉന്മേഷം, ശരീരസുഖം. ചിലപ്പോൾ ഉയർന്ന് വായുവിൽ നിൽക്കുന്നതുപോലെ തോന്നൽ, ശാന്തത, വിഷമതകൾ

മറക്കൽ തുടങ്ങിയവ ഇതിൽപെടുന്നു. ഈ അനുഭവം ഏതാനും മണിക്കൂർ നീണ്ടുനിൽക്കും. പിന്നീട് സാവധാനത്തിൽ ഈ അനുഭവം കുറഞ്ഞു കുറഞ്ഞുവരികയും ഇല്ലാതാകുകയും ചെയ്യും. ഇവിടം കൊണ്ട് കാര്യങ്ങൾ അവസാനിക്കുന്നില്ല എന്നതാണ് പ്രധാനസംഗതി. ഏതാനും മണിക്കൂറുകൾക്കുള്ളിൽ മരുന്നിന്റെ പ്രവർത്തനം നേരെ വിപരീതമാകുന്നു. കോപം, ശുണ്ഠി, അസ്വസ്ഥത, മാനസിക വിഭ്രാന്തി. വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, വിറയൽ, തളർച്ച, മനംമറച്ചിൽ, ഛർദ്ദി, വയറിളക്കം, പേശികൾ കോച്ചിവലിയൽ, കൂടിയ രക്തസമ്മർദ്ദവും ഹൃദയമിടിപ്പും, സന്ധിവേദന, വിഷാദാവസ്ഥ, സ്ഥലകാലബോധം നഷ്ടപ്പെടൽ, നാഡീക്ഷീണം, കാഴ്ച്ചക്കുറവ്, തുടങ്ങിയവ മരുന്നിന്റെ തരമനുസരിച്ച് അനുഭവപ്പെടും. ഇത്തരത്തിലുള്ള കടുത്ത വിഷമതകൾക്ക് അറുതിവരുത്തുവാൻ എളുപ്പമാർഗ്ഗമായി ഈ അസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കിയ മരുന്ന് ഏതാണോ അതുതന്നെ വീണ്ടും ഉപയോഗിക്കുന്നു. മരുന്ന് കഴിക്കുന്നത് നിർത്തിയാൽ (പിൻവലിച്ചാൽ) ഇത്തരം വൈഷമ്യങ്ങൾ പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ഇവയെ പിന്മാറ്റ വൈഷമ്യങ്ങൾ (Withdrawal Symptoms) എന്നു വിളിക്കുന്നു. ഈ പിൻമാറ്റ വൈഷമ്യങ്ങളാണ് ഒരു വ്യക്തിയെ മയക്കുമരുന്നിന് അടിമയാക്കുന്നത്. കൂടിയ മയക്കുമരുന്നുകളായ (Killer Drugs) ഒരൊറ്റ പ്രാവശ്യം ഉപയോഗിച്ചാൽ മതി അതിനടിമയാകാൻ. അതുകൊണ്ട് ഒരിക്കലും ആദ്യഡോസ് എടുത്തു പരീക്ഷിക്കരുത്.

**അന്ത്യം:** മയക്കുമരുന്നിന് അടിമയായവർക്ക് തക്കസമയത്ത് ചികിത്സ ലഭിച്ചില്ലെങ്കിൽ അവരുടെ അന്ത്യം ദാരുണമായിരിക്കും. സ്വയം രക്ഷിക്കാനാകാതെ അവർ ഇഞ്ചിഞ്ചായി മരിക്കും. സുബോധവും ചിന്താശക്തിയും നഷ്ടപ്പെട്ട് പലതരം അസുഖങ്ങൾ പിടിപെട്ട്, ബുദ്ധിമന്ദിച്ച്, വീട്ടുകാരാലും നാട്ടുകാരാലും ഉപേക്ഷിക്കപ്പെട്ട്, മാനസിക വിഭ്രാന്തിയിൽ മുങ്ങി അവർ അലഞ്ഞുതിരിയും. ഏതുവിധേനയും നാളേയ്ക്കുള്ള മരുന്ന് സംഘടിപ്പിക്കണമെന്ന ഒരൊറ്റ ആഗ്രഹമേ അവർക്കുണ്ടാകൂ. അക്രമണ സ്വഭാവവും ആത്മഹത്യാ പ്രവണതയും ഇവരിൽ തെളിഞ്ഞുകാണാം.

**II. ലഹരി പദാർത്ഥങ്ങൾ വരുത്തുന്ന അപകടങ്ങൾ എന്തെല്ലാം?**

എല്ലാ ലഹരിപദാർത്ഥങ്ങളിലും വീണ്ടും അവ ഉപയോഗിക്കുവാൻ താൽപര്യം ജനിപ്പിക്കുന്ന രാസവസ്തു ഉള്ളതിനാൽ ഒരിക്കൽ ഉപയോഗിച്ച് തുടങ്ങിയാൽ വീണ്ടും ഉപയോഗിക്കാനുള്ള അതിതീക്ഷ്ണമായ തോന്നൽ സ്വാഭാവികമായും ഉണ്ടാകും. ഇത്

ക്രമേണ ലഹരി ആശ്രയത്വത്തിലേക്ക് (dependency) നയിക്കുന്നു. ലഹരിയുടെ ഉപയോഗത്തിന്റെ ഇടവേള കുറയുന്നതനുസരിച്ച് വ്യക്തികൾ ലഹരിക്ക് അടിമകളാകുന്നു. തുടർന്ന് ശാരീരികവും മാനസികവുമായ അസ്വസ്ഥതയിലൂടെ വ്യക്തികൾ സഞ്ചരിച്ച് അതി ദാരുണമായ പിൻമാറ്റ അസ്വസ്ഥതയിൽ (Withdrawal Symptoms) എത്തിച്ചേരുന്നു. ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ശാരീരികം, മാനസികം, സാമൂഹികം, ആത്മീയം എന്നീ മേഖലകളെ പ്രതി കൂല മായി ബാധിക്കുന്നു.

**A. ശാരീരികം (Physical)**

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം ഇന്നത്തെ ഏറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നമാണ്. മനുഷ്യ ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും ലഹരി പ്രതികൂലമായി ബാധിക്കുന്നു.

1. തലച്ചോറ് (Brain): ഓർമ്മക്കുറവ്, ശ്രദ്ധയില്ലായ്മ, അബോധാ വസ്ഥ, മസ്തിഷ്ക്കാഘാതം നാഡീവ്യൂഹങ്ങൾക്ക് പരുക്ക്.
2. അന്നനാളം (Oesophagus): ക്യാൻസർ
3. ഹൃദയം (Heart): വർദ്ധിച്ച രക്തസമ്മർദ്ദം, പക്ഷാഘാതം, ദുർ ബലമായ ഹൃദയമിടിപ്പ്, ഹൃദയപേശികൾക്കുണ്ടാകുന്ന കേട്.
4. ശ്വാസകോശങ്ങൾ (Lungs): വിട്ടുമാറാത്ത നെഞ്ചുരോഗങ്ങൾ, ക്ഷയം, ക്യാൻസർ.
5. കരൾ (Liver): കരൾവീക്കം, മഹോദരം.
6. ആമാശയം (Stomach): അർബുദം, കുടലിലെ വൃണം, ഛർദ്ദി.
7. വൃക്ക (Kidney): പ്രവർത്തനരഹിതമാകുന്നു.
8. പാൻക്രിയാസ് (Pancreas): പ്രമേഹം.
9. മൂത്രസഞ്ചി (Bladder): ക്യാൻസർ.
10. ലൈംഗീകാവയവങ്ങൾ (Sex Organs): ഷണ്ഡത്വം, ആർത്ത വരോഗങ്ങൾ, ശേഷിക്കുറവ്.

**B. മാനസികം (Psychological)**

വൈകാരിക പ്രശ്നങ്ങൾ, തീരുമാനങ്ങൾ എടുക്കാൻ കഴി യാത്ത അവസ്ഥ, ഓർമ്മക്കുറവ്, അമിതമായ സംസാരം, ദേഷ്യം, വിഷാദം, സംശയം, ഭയം, പരിസരബോധമില്ലായ്മ, അസ്വസ്ഥത, ആത്മഹത്യാപ്രവണത, അമിതകുറ്റബോധം, പരാജയബോധം അപകർഷതാബോധം.

**C. സാമൂഹികം (Social)**

സാമ്പത്തിക തകർച്ച, കുടുംബ ബന്ധങ്ങളുടെ ശിഥിലീക രണം, റോഡപകടങ്ങൾ, സംഘട്ടനങ്ങൾ, വിവാഹമോചനങ്ങൾ, കൊലപാതകങ്ങൾ, അനാശാസ്യപ്രവർത്തികൾ.

**ലഹരി ആസക്തന്റെ കുടുംബം: പ്രശ്നങ്ങൾ**

**ഭാര്യ**

മാനസികസമ്മർദ്ദം, കോപം, ഉത്കണ്ഠ, ഏകാന്തത, വിഷാദം, നിരാശ, ആത്മഹത്യാപ്രവണത.

**ഭർത്താവ്**

കുറ്റബോധം, കോപം, നിരാശ, മാനസികസമ്മർദ്ദം, ഒറ്റപ്പെടൽ, ആത്മഹത്യാപ്രവണത.

**മക്കൾ**

ആത്മാഭിമാനക്കുറവ്, കുറ്റബോധം, മാനസിക പിരിമുറുക്കം, അരക്ഷിതബോധം, ഭയം, ഉത്കണ്ഠ, പെരുമാറ്റ, പഠന വൈകല്യങ്ങൾ, നിരാശ.

**ലഹരി ആസക്തന്റെ കുടുംബം: ദുരന്തങ്ങൾ**

സാമ്പത്തിക തകർച്ച, കുടുംബകലഹം, തൊഴിൽ പ്രശ്നം, വിവാഹമോചനം, ലൈംഗിക പീഡനം, കുട്ടികളിലെ സ്വഭാവ വൈകല്യങ്ങൾ, സാമൂഹ്യ ബന്ധങ്ങളിലെ തകർച്ച, ആത്മഹത്യ, ആത്മീയ വരൾച്ച.

## III. ചികിത്സയിലെ ഘട്ടങ്ങളും തലങ്ങളും

ലഹരി പദാർത്ഥ വിധേയത്വം സങ്കീർണമായ ഒരു രോഗമാണ്. ദൈവശാസ്ത്ര മനഃശാസ്ത്ര സംയുക്ത ചികിത്സയും ആത്മീയതയിൽ ഊന്നിയ ജീവിതവുമാണ് ഈ രോഗത്തിൽ നിന്ന് മുക്തി പ്രാപിക്കാൻ കൂടുതൽ ഫലദായകം.

**ഘട്ടങ്ങൾ**

1. രോഗനിർണ്ണയം (Identification)
2. വിഷാംശനിർമാർജന ഘട്ടം (Detoxification)
3. പുനരധിവാസഘട്ടം (Rehabilitation)
4. തുടർ ചികിത്സ പരിചരണ ഘട്ടം (After Care)

**തലങ്ങൾ**

**1. വൈദ്യശാസ്ത്ര ചികിത്സ (Medical Treatment):** ലഹരി പദാർത്ഥ വിധേയത്വം മൂലം ഉണ്ടായിട്ടുള്ള ശാരീരിക രോഗങ്ങൾ, പിന്മാറ്റ അസ്വാസ്ഥ്യങ്ങൾ (Withdrawal Symptoms) എന്നിവ കണ്ടെത്തി ചികിത്സിച്ച് ശരീരത്തിലെ ലഹരിയുടെ അളവ് മരുന്നുകൾ നൽകി കുറയ്ക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്.

**2. മനഃശാസ്ത്ര സാമൂഹിക ചികിത്സ (Psycho Social Treatment):** ലഹരി പദാർത്ഥ വിധേയത്വം അനുഭവിക്കുന്ന വ്യക്തികൾക്കും കുടുംബത്തിനും സുഹൃത്തുക്കൾക്കും നൽകുന്ന കൗൺസി

ലിംഗ്, തെറാപ്പി, കൈത്താങ്ങ് എന്നിവ മനഃശാസ്ത്ര ചികിത്സയുടെ ഭാഗമാണ്. വ്യക്തി തനിച്ചല്ല, കുടുംബവും സമൂഹവും ഒന്നിച്ച് ലഹരി പ്രശ്നത്തെ കൈകാര്യം ചെയ്യുന്നു.

**3. ആത്മീയ സഹായം:** ലഹരിയിൽ നിന്ന് മോചിക്കപ്പെട്ട വ്യക്തിക്ക് സുസ്ഥിരമായ ആത്മീയ സഹായം നൽകുന്ന പദ്ധതി. പ്രാർത്ഥന, ധ്യാനം, സെമിനാറുകൾ, ആത്മീയ ഉപദേശങ്ങൾ എന്നിവ വഴി വീണ്ടും ലഹരി അടിമത്തത്തിലേക്ക് പോകാതിരിക്കാൻ സഹായിക്കുന്നു.

**4. ലഹരിവിമുക്ത കൂട്ടായ്മകളിൽ അംഗങ്ങളാവുക:**
**a)** ആൽക്കഹോളിക് അനോനിമസ് (Alcoholic Anonymous AA): അമിത മദ്യാസക്തി എന്ന രോഗത്തിൽ നിന്ന് മുക്തി നേടാൻ മദ്യാസക്തർ നടത്തുന്ന കൂട്ടായ്മയാണ് ഇത്. മദ്യപാനം ഉപേക്ഷിക്കാനുള്ള ആഗ്രഹം മാത്രമാണ് ഇതിന്റെ അംഗത്വത്തിനായി വേണ്ടത്.

**b) നാർക്കോട്ടിക് അനോനിമസ് (Narcotic Anonymous NA):** ലഹരി പദാർത്ഥ അടിമത്തത്തിൽ കഴിയുന്നവരുടെ രഹസ്യ കൂട്ടായ്മയാണ് ഇത്. ഇതിൽ സംബന്ധിച്ച് പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതുവഴി വീണ്ടും ലഹരി പദാർത്ഥം ഉപയോഗിക്കാതിരിക്കാൻ രോഗി പ്രാപ്തനാകുന്നു.

**വീണ്ടും ലഹരി ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a. അമിതമായ ആത്മവിശ്വാസം വെടിയുക.
b. ലഹരി ഉപയോഗിക്കുന്ന സാഹചര്യങ്ങളെ ഒഴിവാക്കുക.
c. ലഹരി കൂട്ടുകെട്ടുകൾ ഒഴിവാക്കുക.
d. അപായ സൂചനകൾ ശ്രദ്ധിക്കുക.
e. ‘AA', 'NA' കൂട്ടായ്മകൾ മുടക്കാതിരിക്കുക.
f. മറ്റ് ലഹരി ആസക്തരേയും സൗഖ്യത്തിന്റെ സന്ദേശം അറിയിക്കുക.
g. ഇന്നേ ദിവസം മാത്രം ജീവിക്കാൻ ശ്രമിക്കുക.
h. നല്ല മാനസിക ആരോഗ്യം നിലനിർത്തുക.
i. കഴിവുകളെ തിരിച്ചറിഞ്ഞ് അവയിൽ ശ്രദ്ധിക്കുക.
j. എപ്പോഴും ആനന്ദം അനുഭവിക്കാൻ ശ്രദ്ധിക്കുക.
k. ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുക.
l. ലക്ഷ്യം ഉണ്ടാവുക അതിന് വേണ്ടി പ്രയത്നിക്കുക.
m. ആത്മീയ ആനന്ദത്തിലേക്ക് പൂർണ്ണമായി ശ്രദ്ധിക്കുക.

## IV. ഇടവകയെ ലഹരിമുക്തമാക്കുവാനുള്ള കർമ്മപദ്ധതി

**1. ലഹരി വിമുക്ത സന്ദേശ പ്രയാണം**

ബോധവത്ക്കരണം നടത്തി പൊതുജനത്തെ ലഹരിക്ക് എതിരെ അണി നിരത്തുന്നു.

a. ദേവാലയത്തിലെ ഞായറാഴ്ച കുർബ്ബാന മധ്യേയുള്ള ബോധവത്കരണം, b. ലഘുലേഖ വിതരണം, c. വീഡിയോ പ്രദർശനം d. ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, e. കുടുംബകൂട്ടായ്മ സമ്മേളനങ്ങളിൽ ചർച്ചകൾ.

**2. ലഹരി വിമുക്ത പ്രവർത്തന യൂണിറ്റ് സ്ഥാപിക്കൽ**

ഇടവകയിൽ ലഹരിക്ക് എതിരെ മദ്യലഹരി വിരുദ്ധ യൂണിറ്റ് സ്ഥാപിക്കുക, കുട്ടികൾക്കായി ജ്വാല, യുവജനങ്ങൾക്ക് യുവദീപം, എന്നിവ ആരംഭിച്ച് ലഹരിക്ക് എതിരെ ഇടവകയെ ഉണർത്തുക.

**3. ലഹരി ആസക്തരെ കണ്ടെത്തുന്നതിന് ഭവന സന്ദർശനം**

വൈദികർ, സന്യസ്തർ, മദ്യവിമുക്ത പ്രവർത്തകർ എന്നിവർ വഴി മദ്യാസക്തരേയും ലഹരി ഉപയോഗിക്കുന്നവരേയും വ്യക്തിപരമായി കണ്ട് സംസാരിച്ച് ബോധവത്ക്കരണം നടത്തുക. ചികിത്സയ്ക്ക് പ്രേരിപ്പിക്കുക. അവരുടെ വിവരശേഖരണം നടത്തുക.

**4. മദ്ധ്യസ്ഥ പ്രാർത്ഥന, ധ്യാനം**

ലഹരി ആസക്തർക്കുവേണ്ടി ധ്യാനം, കുരിശിന്റെ വഴി, ആരാധന, ഉപവാസപ്രാർത്ഥന എന്നിവ സംഘടിപ്പിക്കുക.

**5. സായാഹ്ന ബോധവത്ക്കരണം**

ഇടവകയുടെ നേതൃത്വത്തിൽ ലഹരി ആസക്തരുടെ പങ്കാളികളേയും ഉൾപ്പെടുത്തി ബോധവത്ക്കരണ സെമിനാർ നടത്തി ഇടവകയിൽ 'AA', 'NA' കൂട്ടായ്മകൾ രൂപീകരിച്ച് ലഹരി ആസക്തരെ സഹായിക്കുക.

**6. അനുഗമനം**

മദ്യലഹരി വിരുദ്ധ സമിതികൾ വഴിയും കൂട്ടായ്മകൾ വഴിയും തുടർ ക്ലാസുകളും കൗൺസിലിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുക.

**7. അംഗീകാരം**

ലഹരി ഉപേക്ഷിച്ചവർക്ക് ഇടവകയിൽ യോഗ്യമായ അംഗീകാരവും സംരക്ഷണവും ഉറപ്പ് വരുത്തുക.

**മെയ് മാസത്തിൽ ചെയ്യേണ്ടവ**

1. പുതിയ അധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന കുട്ടികൾക്കായി ലഹരിവിരുദ്ധ ക്ലാസുകൾ ഇടവകകളിൽ സംഘടിപ്പിക്കുക.
2. വണക്ക മാസാചരണത്തിന്റെ പ്രാധാന്യം കുടുംബകൂട്ടായ്മകളിൽ പങ്കുവയ്ക്കുക.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

## മതബോധനരംഗം

**വിശ്വാസപരിശീലന വർഷാരംഭം**

പ്രിയപ്പെട്ടവരെ,

2025-26 വിശ്വാസപരിശീലന അധ്യായനവർഷം മെയ് 25 ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ദൈവം ഭരമേൽപിച്ച വലിയ ഉത്തരവാദിത്തമായി കണ്ട്, കഴിഞ്ഞ പ്രവർത്തനവർഷം ആത്മാർത്ഥമായി സഹകരിച്ച ഏവർക്കും നന്ദി. കർത്താവിന്റെ ജൂബിലി ആഘോഷത്തിലായിരിക്കുന്ന നമുക്ക്, അടുത്തവർഷം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെയെന്ന് പ്രാർത്ഥിക്കാം. പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ ദൈവവചനത്തിലൂടെയും, കൂദാശസ്വീകരണത്തിലൂടെയും തങ്ങൾക്കു ലഭിച്ച ദൈവാനുഭവം കുട്ടികളുമായി പങ്കുവെക്കണം. നമസ്ക്കാരങ്ങൾ ചൊല്ലുവാൻ അവരെ പരിശീലിപ്പിക്കണം. ഇടക്കിടക്ക് നമസ്കാരങ്ങൾ ചോദിക്കണം, അങ്ങനെ നമസ്കാരങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്താം. ദൈവവചനവും, സഭാപഠനങ്ങളും, സഭാപാരമ്പര്യങ്ങളുമാണ് നാം ആഴത്തിൽ മനസിലാക്കി പഠിപ്പിക്കേണ്ടത്. ഓരോ ക്ലാസിലെയും പാഠപുസ്തകങ്ങൾ സഭ നമുക്കായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായി പഠിപ്പിക്കുന്നതോടൊപ്പം ആനുകാലികമായ അറിവ് കുട്ടികൾക്ക് പകർന്നുനൽകണം. അവരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുവാൻ അധ്യാപകർ ഒരുങ്ങണം. എല്ലാറ്റിലുമുപരിയായി വിശ്വാസാനുഭവത്തിൽ വളരുവാൻ നമുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം. കുട്ടികൾ വർഷാരംഭം മുതൽ മുടങ്ങാതെ ക്ലാസിൽ വരികയും, വിശുദ്ധ കുർബാനയിൽ ആത്മാർത്ഥമായി പങ്കെടുക്കുകയും ചെയ്താൽ ഉത്തമ വിശ്വാസാനുഭവം സ്വന്തമാക്കുവാൻ കഴിയും. അതിന് മാതാപിതാക്കളുടെ പ്രോത്സാഹനവും വേണം. ഏവർക്കും ഫലദായകമായ വിശ്വാസ പരിശീലന വർഷം ആശംസിക്കുന്നു.

**അധ്യായന വർഷാരംഭം 2025 മെയ് 25**

നമ്മുടെ വിശ്വാസപരിശീലന ക്ലാസുകൾ 2025 മെയ് 25 ന് ആരംഭിക്കുകയാണ്. പാഠപുസ്തകം, ഉപപാഠപുസ്തകം എന്നിവ

രൂപതാകേന്ദ്രത്തിൽ നിന്ന് വാങ്ങി അന്നുതന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. കുട്ടികൾക്ക് ക്ലാസ്കയറ്റം നൽകുകയും സ്റ്റാഫ് മീറ്റിംഗ് കൂടി 2025-26 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. അധ്യയന വർഷാരംഭ ദിനത്തിൽ നടത്തേണ്ട പ്രാർത്ഥനാ ശുശ്രൂഷയുടെ ക്രമം പിന്നീട് ഗ്രൂപ്പിൽ അയച്ചു തരുന്നതാണ്.

**പ്രൊമോഷൻ**

2025 മെയ് 25 ന് ക്ലാസുകൾ ആരംഭിക്കേണ്ടതിനാൽ അതിനു മുൻമ്പായി കുട്ടികളുടെ ക്ലാസ് കയറ്റം സംബന്ധിച്ച വിവരങ്ങൾ മെയ് 4-ാം തീയതി നോട്ടീസ് ബോർഡിലൂടെ പ്രസിദ്ധീകരിച്ച് കുട്ടികളെ അറിയിക്കുമല്ലോ. പ്രൊമോഷൻ വെബ്സൈറ്റിൽ upload ചെയ്താൽ വരുംവർഷങ്ങളിൽ എളുപ്പമാകും.

**പ്രധാനാധ്യാപകരുടെ നിയമനം**

പ്രധാനാധ്യാപകരുടെ കാലാവധി 5 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്നവർ വികാരിയച്ചന്മാർക്ക് തൽസ്ഥാനത്തുനിന്ന് മാറുവാനുള്ള അപേക്ഷ നൽകണം. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ നയിക്കുവാൻ കാലാവധി പൂർത്തിയാക്കുന്നവരുടെ സേവനം വികാരിയച്ചൻ ആവശ്യപ്പെടുന്നപക്ഷം അതിനു തനിക്ക് സാധ്യമാണെന്നു ബോധ്യമുള്ളവർ മാത്രമേ അതേറ്റെടുക്കാവൂ. അതുപോലെ ഈ മഹത്തായ ഉത്തരവാദിത്തം നിറവേറ്റാൻ തങ്ങൾക്ക് സാധിക്കില്ലെന്ന് തോന്നുന്നവർ കാലാവധി പൂർത്തിയായില്ലെങ്കിലും വികാരിയച്ചനെ മുൻകൂട്ടി അറിയിച്ച് ആ സ്ഥാനത്തുനിന്ന് മാറേണ്ടതാണ്. ഏതെങ്കിലും പ്രധാനാധ്യാപകർ തൽസ്ഥാനത്തുനിന്ന് മാറുന്നുണ്ടെങ്കിൽ മെയ് 15 നു മുൻപ് ബഹു. വികാരിയച്ചൻ പുതിയ അധ്യാപകനെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അവരുടെ പേരും വാട്സാപ്പ് നമ്പറും രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. തൽസ്ഥാനത്തുനിന്ന് മാറുന്നവർ പുതുതായി ചാർജെടുക്കപ്പെടുന്നവരെ മെയ് 15 നു മുൻപായി തന്നെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കേണ്ടതാണ്.

**പുതിയ അഡ്മിഷൻ**

ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ മാതാപിതാക്കൾ ഫോമിൽ നല്കിയ വിവരങ്ങൾ വെബ്സൈറ്റിൽ upload ചെയ്ത് അഡ്മിഷൻ പൂർത്തിയാക്കി പ്രിന്റെടുത്ത് ഓഫീസിൽ സൂക്ഷി

ക്കണം. മറ്റു ക്ലാസിലേക്ക് അഡ്മിഷനെടുക്കുന്ന കുട്ടികളുടെ റ്റി.സിയും സൂക്ഷിക്കേണ്ടതാണ്.

പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ രൂപതാ കേന്ദ്രത്തിൽ നിന്ന് വാങ്ങാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. മെയ് 20 മുതൽ ബുക്കുസ്റ്റാളുകളിൽ ഇവ ലഭിക്കും. പുസ്തകങ്ങളുടെ വിലവിവരം Head masters ന്റെ ഗ്രൂപ്പിൽ അറിയിക്കുന്നതാണ്. ബുക്ക് സ്റ്റാളിലെ ഫോൺനമ്പർ 9605260887, 9562464630.

**Diploma Say Exam**

ഡിപ്ലോമ പരീക്ഷയെഴുതി പരാജയപ്പെട്ട കുട്ടികൾക്ക് say exam മെയ് 18 നു നടത്തുന്നതാണ്. Result പ്രസിദ്ധീകരിച്ചതിന് ശേഷം സേ പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരുകൾ മതബോധന ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**HM Conference**

ഈ വർഷത്തെ ആദ്യത്തെ HM Conference മെയ് 24-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം 25,35 വർഷം വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്ത മതാധ്യാപകർ, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികൾ എന്നിവരെ ആദരിക്കുകയും ചെയ്യുന്നാണ്.

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

2025-26 അധ്യയന വർഷത്തെ ആമുഖ സെമിനാറും, ക്ലാസ് ട്രെയിനിംഗും ജൂൺ മാസത്തിൽ നടത്തപ്പെടുന്നതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. 12-ാം ക്ലാസിലെ പുസ്തകം മാറുന്നതുകൊണ്ട് എല്ലാ അധ്യാപകർക്കും പ്രത്യേകം ക്ലാസ് ട്രെയിനിംഗ് ഉണ്ടായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

തീർത്ഥാടനത്തിന്റെ നോമ്പുകാലവും ഉയർപ്പുതിരുനാളും ആഘോഷിച്ച് പുതുചൈതന്യത്തോടെ, തീഷ്ണതയോടെ, വിശ്വാസ സാക്ഷ്യത്തോടെ നമുക്ക് മുന്നോട്ടുപോകാം. ആഹ്ലാദത്തിന്റെയും അനുഗ്രഹത്തിന്റെയും ഈ അവധിക്കാലം ക്രിയാത്മകമായി ഉപയോഗിക്കാൻ നിങ്ങൾക്കേവർക്കും സാധിക്കട്ടെ. പരിശുദ്ധ അമ്മക്കായി സമർപ്പിക്കപ്പെട്ട മെയ്മാസം മാതൃഭക്തിയിലും സ്നേഹത്തിലും കൂടുതൽ വളരാൻ ഈ അവധിക്കാലം ഉപയോഗിക്കാം. വ്യക്തിത്വ വികസനമെന്ന ലക്ഷ്യം, നല്ല പെരുമാറ്റത്തിലൂടെയും സ്വഭാവ വൈശിഷ്ട്യത്തിലൂടെയും കൂടുതൽ നേടിയെടുക്കാൻ ഈ അവധിക്കാലം നിങ്ങളെ സഹായിക്കട്ടെ.

ഈ മാസം സ്ഥലംമാറ്റങ്ങളുടെ കാലഘട്ടമാണല്ലോ. വിവിധ ഇടവകളിൽ ശുശ്രൂഷ നിർവ്വഹിച്ച്, പുതിയ പ്രവർത്തന വേദികളിലേക്ക് പോകുന്ന ബഹുമാനപ്പെട്ട അച്ചൻമാരെയും ജോ. ഡയറക്ടർ സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. മിഷൻലീഗിന്റെ ലക്ഷ്യപ്രാപ്തിക്കും വളർച്ചക്കും നിങ്ങളെടുത്ത വലിയ സ്നേഹ, ത്യാഗ, സേവന, സഹനങ്ങളെ തമ്പുരാന്റെ പ്രതിഫലത്തിനായി സമർപ്പിച്ച് നന്ദിയോടെ കരങ്ങൾ കൂപ്പുന്നു. പുതിയ സ്ഥലങ്ങളിൽ എല്ലാ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

സ്നേഹത്തോടെ,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മിഷൻമാസ പ്രവർത്തനങ്ങളിൽ എല്ലാ ഇടവകകളും മനോഹര പ്രവർത്തനങ്ങൾ കോർത്തിണക്കി പ്രവർത്തിക്കുകയുണ്ടായി. മിഷൻമാസം മിഷൻലീഗിനെ സംബന്ധിച്ച് ആഹ്ലാദത്തിന്റെയും, ആരവത്തിന്റെയും, വ്യത്യസ്ത പ്രവർത്തനങ്ങളുടെയും മാസമായതുകൊണ്ടുതന്നെ മേഖലകളും ശാഖകളും രൂപതയോട് ചേർന്നു പ്രവർത്തിച്ചതിന് ഏവർക്കും അഭിനന്ദനങ്ങളും നന്ദിയും രൂപതാ സമിതി അറിയിക്കട്ടെ.

**മിഷൻമാസം മികച്ച ശാഖകൾ, മേഖലകൾ**

2024 ഒക്ടോബർ മാസത്തെ മിഷൻ പ്രവർത്തനങ്ങളിൽ കല്ലോടി, കൊട്ടിയൂർ, ഒലിവുമല എന്നീ ശാഖകളും, ബത്തേരി,

ചുങ്കക്കുന്ന് എന്നീ മേഖലകളും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി.

**പ്രോൽസാഹന സമ്മാനം ലഭിച്ച ശാഖകൾ**

ബത്തേരി, ശാന്തിഗിരി, പാലേമാട്, ചാരിറ്റി, പുഴമുടി, തലഞ്ഞി, ശിശുമല, തോമാട്ടുചാൽ, പുതിയിടംകുന്ന്, മുള്ളൻകൊല്ലി എന്നീ ശാഖകൾ തിരഞ്ഞെടുക്കപ്പെട്ടു. മിഷൻമാസം മനോഹരമാക്കാൻ യത്നിച്ച എല്ലാ ശാഖാ മേഖലാ നേതൃത്വങ്ങൾക്കും അഭിനന്ദനങ്ങൾ.

**കൈയ്യെഴുത്ത് മാസിക വിജയികൾ**

1. ചാരിറ്റി, 2. വാളേരി, 3. തൃശ്ശിലേരി, 3. പുഴമുടി

വിജയികളായവർക്കും അവർക്ക് പിന്നിൽ അദ്ധ്വാനിച്ച ശാഖാ നേതൃത്വങ്ങൾക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ബിബ്ലിയ ഓൺലൈൻ ബൈബിൾ ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 300 ദിവസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പഠിക്കുക എന്ന ആശയത്തിലൂടെ 2024 ജൂൺ മുതൽ 2025 മാർച്ച് വരെ എല്ലാമാസവും നടത്തിക്കൊണ്ടിരുന്ന ബിബ്ലിയ ഓൺ ലൈൻ ക്വിസ് മൽസരത്തിന് സമാപനമായി. അൽഫോൻസ തെരേസ് കോട്ടേപ്പറമ്പിൽ-തലഞ്ഞി, ജോ ക്രിസ്റ്റോ കോട്ടേപ്പറമ്പിൽ-തലഞ്ഞി, ക്രിസ് മത്തായി കോട്ടേപ്പറമ്പിൽ-തലഞ്ഞി എന്നീ ഒരു കുടുംബത്തിലെ മൂന്ന് കുട്ടികൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ബിബ്ലിയ തീർത്ഥാടനം**

രൂപതാ സമിതി മൽസര മുന്നോടിയായി അറിയിച്ച പോലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ മതബോധന ക്ലാസിൽ പഠിക്കുന്ന 40 കുട്ടികൾക്ക് തീർത്ഥാടനത്തിന് അവസരമുണ്ടായിരിക്കുമെന്ന് അറിയിച്ച പ്രകാരം ഏപ്രിൽ 8,9,10 തീയതികളിൽ തൃശ്ശൂർ പുതുക്കാട് വി.അന്തോനീസ് ദൈവാലയം, കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യാ കബറിടം, ഒല്ലൂർ വി. എവുപ്രാസ്യാമ്മ കബറിടം, ആലുവ സെമിനാരി, എടപ്പള്ളി, മെട്രോ യാത്ര, ലുലൂമാൾ, മറൈൻ ഡ്രൈവ് ബോട്ടുയാത്ര എന്നിവ നടത്തുകയുണ്ടായി. ഇത് കുട്ടികൾക്ക് ആത്മീയ-ഉല്ലാസദിനങ്ങളായിരുന്നു. ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു യാത്രയായിരുന്നെന്ന് കുട്ടികൾ സാക്ഷ്യപ്പെടുത്തി. രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ, ബിനീഷ് തുമ്പിയാംകുഴി, തങ്കച്ചൻ മാപ്പിളക്കുന്നേൽ, സാന്റി പാലത്തിങ്കൽ, സി. ലിൻഡ സി.എം.സി, സി. ആൻ ഫിലിപ്പ് എസ്.സി.വി. എന്നിവർ നേതൃത്വം നൽകി. തീർത്ഥാടനത്തിനായി

കുട്ടികളെ പറഞ്ഞയച്ച മാതാപിതാക്കൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്ക് രൂപതാസമിതിയുടെ നന്ദി.

**കുരിശിന്റെ വഴിയെ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ നടവയൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ കുരിശിന്റെ വഴി പ്രാർത്ഥന നടത്തി. ഫാ. മനോജ് അമ്പലത്തിങ്കൽ നേതൃത്വം നൽകി.

**മെയ്മാസ പ്രവർത്തനങ്ങൾ**

മെയ് 2,3 തീയതികളിൽ രൂപതാ മാനേജിംഗ് കമ്മറ്റിയും, പുതിയ സമിതിയുടെ തിരഞ്ഞെടുപ്പും നടത്തപ്പെടുന്നു. ഇതിൽ വോട്ടവകാശമുള്ള എല്ലാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**മേഖലാ ഇലക്ഷൻ**

ബത്തേരി, പയ്യമ്പള്ളി എന്നീ മേഖലകൾ ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ മാനേജിംഗ് കമ്മറ്റിയിലൂടെ തിരഞ്ഞെടുത്തു. മേഖലാ ഇലക്ഷൻ നടത്താത്ത മേഖലകൾ ഉടൻതന്നെ നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. ഇലക്ഷൻ തീയതി രൂപതയിൽ അറിയിച്ചാൽ രൂപതാസമിതിയിൽനിന്ന് അംഗങ്ങൾ പങ്കെടുക്കുന്നതാണ്.

**ഫാമിലി സംഗമം**

മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെ കുടുംബസംഗമം മെയ് 3-ാം തീയതി രൂപതാ പ്രസിഡന്റ് ബിനീഷ് തുമ്പിയാംകുഴിയുടെ ഭവനത്തിൽ വച്ചു നടക്കുന്നു.

**ക്രിസ്റ്റീൻ ധ്യാനം**

മെയ് മാസം 4,5,6,7 തീയതികളിൽ ദ്വാരക സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് 8-ാം ക്ലാസുമുതൽ പ്ലസ്ടു വരെ പഠിക്കുന്ന കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കാണ് അവസരമുണ്ടാവുക. പേര് രജിസ്റ്റർ ചെയ്യേണ്ട ഫോൺ നമ്പർ: 9847042191

**രൂപതാദിനം**

നമ്മുടെ രൂപതാ സ്ഥാപനത്തിന്റെ 53-ാം വാർഷികത്തിലേക്ക് പ്രവേശിക്കുമ്പോൾ രൂപതയെ ഓർത്ത് അഭിമാനിക്കുന്നു. രൂപതയെ നയിച്ച അഭിവന്ദ്യ തൂങ്കുഴി പിതാവിനെയും എമ്മാനുവേൽ പിതാവിനെയും ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്ന ജോസ് പിതാവിനെയും അലക്സ് പിതാവിനെയും സ്നേഹത്തോടെ ഓർക്കുന്നു. നമ്മുടെ രൂപതക്ക്വേണ്ടി ത്യാഗം സഹിച്ച് മൺമറഞ്ഞുപോയ വൈദികരെയും, രൂപതയെ പടുത്തുയർത്തിയ ആദ്യകാല ബഹു. വൈദികരെയും അത്മായരെയും രൂപതാ കുടുംബം

മുഴുവനെയും ഓർക്കുകയും രൂപതാദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശാഖാ വാർത്തകൾ**

**ശാന്തിഗിരി ശാഖ**

വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികൾക്ക് ആശംസകൾ നേർന്നു. വാർഷിക ധ്യാനത്തിന് ഒരുക്കമായി പ്രാർത്ഥനാദിനം ആചരിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി പ്രാർത്ഥിച്ചു. ലഹരിവിരുദ്ധ ദിനം ആചരിച്ചു. ലഹരി വിമുക്ത പ്രതിജ്ഞ എല്ലാ കുട്ടികളും ചൊല്ലി. ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട വികാരിയച്ചൻ കുട്ടികൾക്ക് ക്ലാസ് എടുത്തു. ഇടവകയിൽ ഹോംമിഷന് വന്ന സിസ്റ്റേഴ്സിന് ആദരവു നൽകി. കുടുംബവർഷത്തിൽ ഫാമിലി ബൈബിൾ ക്വിസ് നടത്തി.

**കയ്യൂന്നി**

മാർച്ച് 19-ാം തീയതി യൗസേപ്പ് പിതാവിന്റെ നാമം സ്വീകരിച്ച എല്ലാവരെയും ഓർക്കുകയും അഭിവന്ദ്യ പിതാവിന് വേണ്ടി ഒരു എത്രയും ദയയുള്ള മാതാവേ, എന്ന പ്രാർത്ഥന എല്ലാവരും ചൊല്ലി പ്രാർത്ഥിച്ചു. കുട്ടികൾ എല്ലാവരും വിശ്വാസോൽസവത്തിൽ പങ്കുചേരുകയും വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു.

**വഞ്ഞോട് ശാഖ**

ഇടവകയിൽ നിന്നുള്ള വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബ്രദേഴ്സിന്റെയും മാതാപിതാക്കളുടെ *ഫമീലിയ* സംഗമം നടത്തി. വി. യൗസേപ്പിതാവിന്റെ വണക്കമാസം വീഡിയോ ആയി ഇടവകയുടെ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. സി.എം.എൽ അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും കാഞ്ഞിരങ്ങാട് കപ്പേളയിലേക്ക് കുരിശിന്റെ വഴി നടത്തി. വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. അന്നേദിനം അവരുടെ നേതൃത്വത്തിൽ നേർച്ച ഭക്ഷണം ഒരുക്കുകയും ചെയ്തു.

**ബത്തേരി**

മാർച്ച് മാസം എല്ലാ തിങ്കളാഴ്ചകളിലും ഡിവൈൻ കൂട്ടായ്മയോട് ചേർന്ന് ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കാൻ സഹായിക്കുകയും രോഗീ സന്ദർശനം നടത്തുകയും ചെയ്തു. നിർദ്ധനരായ ഒരു കുടുംബത്തിന് ഭവന നിർമ്മാണ സഹായം നൽകി. പാവപ്പെട്ട ഒരു വ്യക്തിക്ക് ചികിൽസാ സഹായം നൽകി. നോമ്പുകാല ചിന്തകൾ വീഡിയോ ആയി

പങ്കുവെച്ചു. ഓസാനഭവൻ സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്തു. തിരുബാലസഖ്യ അംഗങ്ങൾക്ക് സെമിനാർ നടത്തി. ലഹരിക്കെതിരെ മിഷൻലീഗും അതിന്റെ പ്രാധാന്യവും എന്ന വിഷയത്തെക്കുറിച്ച് വിശ്വാസോൽസവത്തിൽ, മിഷൻലീഗ് അംഗങ്ങൾ ക്ലാസെടുത്തു.

**തോമാട്ടുചാൽ**

ലഹരിവിരുദ്ധ റാലി നടത്തി, ഷേക്കയ്ന ന്യൂസ് റിപ്പോർട്ടു ചെയ്തു. ജാഗരണ പ്രാർത്ഥനയിൽ മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. പരീക്ഷക്കൊരുക്കമായി, കുട്ടികളും അധ്യാപകരും മാതാപിതാക്കളും ചേർന്ന് 1000 ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കരിമ്പിൽ**

ഇടവകയിൽ രോഗികളായവരെ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. മിഷൻലീഗ് അംഗങ്ങൾ സിമിത്തേരി സന്ദർച്ച് മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിച്ചു. നോമ്പുകാല സന്ദേശ പോസ്റ്റർ വാട്ട്സാപ്പ് ഗ്രൂപ്പിൽ ഇട്ടു. കുടുംബയൂണിറ്റുകളിൽ കുമ്പസാരത്തെക്കുറിച്ചു നടത്തിയ ക്ലാസിൽ സി.എം.എൽ അംഗങ്ങൾ സംബന്ധിച്ചു. മിഷൻ ഗ്രാമം സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്തു. വി. മറിയം ത്രേസ്യാ രൂപപ്രയാണം നടത്തുകയും കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി.

**കൊട്ടിയൂർ ശാഖ**

കുടുംബ നവീകരണ വർഷത്തിൽ ശാഖയിലെ ഭാരവാഹികൾ കിടപ്പിലായവരുടെയും, പ്രായമായവരുടെയും ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന് മേഖല**

പ്ലസ്ടു മതബോധന പരീക്ഷയിൽ രൂപതാ തലത്തിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ നേർന്നു.

കഴിഞ്ഞ അമ്പതു ദിനങ്ങൾ നോമ്പിന്റെയും പ്രാർത്ഥനയുടെയും ചൈതന്യത്തിൽ മുമ്പോട്ടു പോയപ്പോൾ സ്വയം തന്നിലേക്ക് തന്നെ തിരിഞ്ഞുനോക്കാനും, തിരുത്തേണ്ടവ തിരുത്താനും, തയ്യാറായ ദിനങ്ങളിലൂടെ കുരിശിന്റെ വഴിയെ പീഡാസഹനത്തിലൂടെ ഉത്ഥിതന്റെ സന്നിധിയിൽ സുരക്ഷിതരായിരിക്കുവാൻ കൃപ ലഭിച്ചതിന് നന്ദിപറഞ്ഞുകൊണ്ട് മെയ് മാസത്തിലേക്ക് പ്രവേശിക്കുകയാണ് നാം. മെയ്മാസ റാണിയോടോപ്പമുള്ള യാത്ര നമുക്ക് മനോഹരമാക്കാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപതാ സെക്രട്ടറി

**അവധിക്കാല പരിശീലനം**

2025 ഏപ്രിൽ മാസം ആറാം തീയതി ഞായറാഴ്ച വൈകുന്നേരം 3 മണി മുതൽ പതിനഞ്ചാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ 10 ദിവസത്തെ താമസിച്ചുള്ള ലൈഫ് ട്രെയിനിംഗ് ക്യാമ്പ് നടന്നു. 30 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ പരിശീലനത്തിൽ, ബൗദ്ധിക, മാനസിക, വൈകാരിക, ആത്മീയ, നൈപുണികളുടെ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ഇംഗ്ലീഷ് ഭാഷാ പരിശീലനം, മാതൃഭാഷാ പരിശീലനം, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം എന്നീ പാഠ്യവിഷയങ്ങളിലും കുട്ടികളുടെ മനഃശാസ്ത്ര വിഷയങ്ങളിലും, എഴുത്ത്, വായന, പ്രസംഗം, എന്നീ നൈപുണ്യ മേഖലകളിലും, ആത്മീയ മേഖലയിലും ചിട്ടയായ ജീവിതത്തിന് സഹായകമായ രീതിയിലുള്ള ക്ലാസുകളും പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകി. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ, ഫാ. തോമസ് ഞള്ളംമ്പുഴ, ശ്രീ. ഡൊണാൾഡ് മാനന്തവാടി, ശ്രീ. ഷൈജു ആലുങ്കൽ, ശ്രീമതി ആതിര പയ്യമ്പിള്ളി, ശ്രീമതി അൽന, കുമാരി അനു, സി. ആൻസി തോമസ് സിഎംസി, സി. ഷിജി മരിയ സിഎംസി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫാ. ബിവാൾഡിൻ, ഫാ. അഗസ്റ്റിൻ ചേമ്പാല, ഫാ. തോമസ് കച്ചിറയിൽ, ഫാ. തോമസ് ഞള്ളംമ്പുഴ എന്നിവർ വിശുദ്ധ കുർബാന, കുമ്പസാരം, എന്നീ കൂദാശകൾക്ക് നേതൃത്വം നൽകി. ഈ പരിശീലന ദിനങ്ങളിൽ വിദ്യാർത്ഥികൾക്കുവേണ്ട ഭക്ഷണം ഒരുക്കിത്തന്ന പാസ്റ്ററൽ സെന്ററിലെ മുഴുവൻ ഉപകാരികൾക്കും പ്രത്യേകമായി ഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേലിനും എല്ലാ അധ്യാപകർക്കും വൈദികർക്കും നന്ദി. ഏപ്രിൽ പതിമൂന്നാം തീയതി ഞായറാഴ്ചയിലെ ഓശാനാ തിരുക്കർമ്മങ്ങളിൽ മംഗലശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വിദ്യാർത്ഥികൾ പങ്കുചേർന്നു. അന്നേദിനം പടിഞ്ഞാറത്തറ ഡാമിലേക്ക് ഉല്ലാസയാത്ര നടത്തി. ഈ 10 ദിനങ്ങൾ വിദ്യാർത്ഥികൾക്ക് സൗഹൃദത്തിന്റെയും ഒരുമയുടെയും വളർച്ചയുടെയും അതുല്യ നിമിഷങ്ങൾ ആയിരുന്നു.

**സി. ആൻസി തോമസ് സിഎംസി**
കോഡിനേറ്റർ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

## Roots

മേഖല, യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രൂപതാ സമിതി നടത്തിവരുന്ന കർമ്മപദ്ധതിയാണ് Roots. മേഖല വിസിറ്റ് പയ്യമ്പള്ളി, മാനന്തവാടി മേഖലകളിൽ നടത്തപ്പെട്ടു. രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

**തീർത്ഥാടന യാത്ര**

2025 ജൂബിലി വർഷത്തിനോടനുബന്ധിച്ച് രൂപതാ സമിതിയുടെ നേതൃത്വത്തിൽ മലയാറ്റൂർ, കുറുവിലങ്ങാട്, രാമപുരം, പുല്ലുവഴി, ഭരണങ്ങാനം, അരുവിത്തറ, ഇടപ്പള്ളി എന്നിവിടങ്ങളിലേക്ക് തീർത്ഥാടനം സംഘടിപ്പിച്ചു. 50 ആളുകൾ പ്രസ്തുത തീർത്ഥാടനത്തിൽ പങ്കെടുത്തു.

**പ്രതിഷേധം**

വന്യജീവി ആക്രമങ്ങൾ രൂക്ഷമായി വരുന്ന സാഹചര്യത്തിൽ മാനന്തവാടി രൂപത എ.കെ.സി.സി. യുടെ നേതൃത്വത്തിൽ വിവിധ സംഘടനങ്ങളുടെ പങ്കാളിത്തത്തോടെ ജില്ലയിലെ വിവിധ ഭരണ കേന്ദ്രങ്ങളിലേക്ക് മാർച്ചും ധർണയും സംഘടിപ്പിച്ചു. കെ.സി.വൈ.എം പ്രവർത്തകർ വിവിധ കേന്ദ്രങ്ങളിൽ സമരത്തിൽ പങ്കാളികളായി.

**ലഹരി വിരുദ്ധദിനം**

കേരള കത്തോലിക്കാ സഭയുടെ ആഹ്വാന പ്രകാരം മാർച്ച് 23 ന് എന്റെ ഗ്രാമം പദ്ധതിയുടെ ഭാഗമായി ലഹരിവിരുദ്ധ ദിനാചരണം നടത്തി. രൂപതാ തലത്തിൽ മാനന്തവാടി മേഖലയുടെ ആതിഥേയത്വത്തിൽ തവിഞ്ഞാൽ യൂണിറ്റിൽ വച്ച് ലഹരി വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ ലഹരിവിരുദ്ധ ദിനാചരണത്തിൽ പങ്കെടുത്തു.

**ലോഗോ പ്രകാശനം**

യുവജനങ്ങളുടെ സമഗ്രവളർച്ചക്കും, ഭാവിയുടെ ദിശാനിർണയത്തിനുമായി കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മെയ് മാസം 14, 15, 16 തീയതികളിലായി നടത്തപ്പെടുന്ന യൂത്ത് സിനഡ് 2025 ന്റെ ലോഗോ പ്രകാശനം

ചെയ്തു. മാനന്തവാടി രൂപത ബിഷപ്സ് ഹൗസിൽ വെച്ച് നടന്ന യോഗത്തിൽ മാനന്തവാടി രൂപതാ വികാരി ജനറാൾ ബഹുമാനപ്പെട്ട ഫാ. പോൾ മുണ്ടോളിക്കൽ പ്രകാശനകർമ്മം നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, സംസ്ഥാന സെനറ്റ് അംഗം അമൽഡ തൂപ്പുകര, രൂപതാ സെക്രട്ടറി ഡ്യൂണ മരിയ കിഴക്കേമണ്ണൂർ, രൂപതാ ട്രഷർ നവീൻ പുലകുടിയിൽ, രൂപതാ ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, സിൻഡിക്കേറ്റ് അംഗമായ ജിഷിൻ മുണ്ടയ്ക്കാതടത്തിൽ, മാനന്തവാടി മേഖലാ പ്രസിഡന്റ് ആൽബിൻ കുഴിഞ്ഞാലിൽ കരോട്ടിൽ, കെ.സി.വൈ.എം അംഗങ്ങളായ റോസ്മരിയ കപ്പിലുമാക്കൽ, അമ്പിളി സണ്ണി കുറുമ്പാലക്കാട്ട്, ശരത്ത് മോണോത്ത്, ജൂഡ് പാരിപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു.

**ത്യാഗം**

ത്യാഗപൂർണ്ണമായ പീഡാനുഭവ യാത്രയെ അനുസ്മരിച്ചുകൊണ്ട് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ത്യാഗം കുരിശിന്റെവഴി വിളമ്പുകണ്ടം ദേവാലയത്തിൽ നിന്നും കുറുമ്പാലക്കോട്ട സെന്റ് തോമസ് മൗണ്ടിലേക്കു നടത്തപ്പെട്ടു. പ്രതികൂല കാലാവസ്ഥയിലും നിരവധി യുവജനങ്ങൾ യൂത്ത് ക്രോസ് വഹിച്ചുകൊണ്ടുള്ള കുരിശിന്റെ വഴിയിൽ പങ്കുചേർന്നു.

**Fluent Now**

മാനന്തവാടി രൂപത കെ.സി.വൈ.എം ചെറുപുഷ്പ മിഷൻ ലീഗ് സംഘടനകളുടെ സഹകരണത്തോടെ Fluent now അവധിക്കാല സ്പോക്കൺ ഇംഗ്ലീഷ് പ്രോഗ്രാം ഓൺലൈൻ ആയി നടത്തുന്നു.

**ജന്മദിനാശംസകൾ**

രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ജസ്റ്റിൻ വർഗീസ് തെക്കേമുറിയിൽ, കുമാരി ജെസ്നി പുത്തൻവീട്ടിൽ, മണിമൂളി മേഖല ഡയറക്ടർ ഫാ. സുനിൽ മഠത്തിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആശംസകൾ**

വി. യൗസേപ്പിതാവിന്റെ ദിനം, പരിശുദ്ധ മാതാവിന്റെ മംഗളവാർത്താതിരുനാൾ ദിനം, ആശംസകൾ നേർന്നു. മാനന്തവാടി രൂപതയുടെ വലിയ ഇടയനും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ രക്ഷധികാരിയുമായ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം. നീലഗിരി മേഖലാ ഡയറക്ടർ ഫാ. ജോർജു കുട്ടി കണിപ്പള്ളിയുടെ മാതാവ് ഏലിക്കുട്ടി കണിപ്പള്ളിലിന് ആദരാഞ്ജലികൾ അർപ്പിച്ചു.

**മേഖലാ വാർത്തകൾ**

**ബത്തേരി**

ബത്തേരി മേഖലയുടെ നേതൃത്വത്തിൽ അംഗത്വമാസ ആചരണത്തിന് തുടക്കം കുറിച്ചു. മീനങ്ങാടി, ബത്തേരി യൂണിറ്റുകളുടെ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. മേഖലാ പ്രസിഡണ്ട് അമൽ ജോൺസ് തൊഴുത്തുങ്കൽ യൂണിറ്റുകളിൽ സന്ദർശനം നടത്തി. വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങളുടെ സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ മാർച്ചിൽ കെ.സി.വൈ.എം മേഖലാ സമിതിയുടെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുത്തു. ബത്തേരി അസംപ്ഷൻ പള്ളിയിൽ നിന്നും മിനി സിവിൽ സ്റ്റേഷൻ വരെയാണ് പ്രതിഷേധ മാർച്ച് നടന്നത്.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

വനിതാ ദിനത്തിന്റെ ആശംസ അറിയിക്കുകയും സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോബി അച്ചൻ സംസാരിക്കുകയും ചെയ്തു. യൂണിറ്റ് സിൻഡിക്കേറ്റ് മീറ്റിംഗ് സംഘടിപ്പിച്ചു. വിദ്യാഭ്യാസം, ജോലിസംബന്ധമായ വാർത്തകൾ എന്നിവ യുവജനങ്ങളെ അറിയിക്കുന്നതിനായി FEDAR 2K25 എന്ന പേരിൽ പുതിയൊരു cell രൂപീകരിച്ചു. കുടുംബ നവീകരണ വർഷവുമായി ബന്ധപ്പെട്ട് കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റ് ഇടവകയിലെ കിടപ്പ് രോഗികളെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. കെ.സി.വൈ.എം. കൊട്ടിയൂർ യുണിറ്റ് VIATOR 2K25 യുവജനസംഗമം നടത്തി. ഇടവക വികാരി സജി പുഞ്ചയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ 50 ഓളം യുവജനങ്ങൾ പങ്കാളികളായി. പുതുതായി അംഗത്വം സ്വീകരിച്ചവരെ സ്വാഗതം ചെയ്തു. ഈസ്റ്ററിന് ഒരുക്കമായി കെസിവൈഎം കൊട്ടിയൂർ യൂണിറ്റ് നോമ്പുകാല സ്മരണയ്ക്ക് എന്ന പേരിൽ കൊട്ടിയൂർ ഇടവകാംഗങ്ങളെയും സേവനത്തിനായി ജീവിതം മാറ്റിവച്ചിരിക്കുന്ന സിസ്റ്റേഴ്സ്, വൈദീകർ എന്നിവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓൺലൈനായി നോമ്പുകാല അനുഭവം വീഡിയോ പങ്കുവെക്കൽ നടത്തിവരുന്നു.

രോഗികൾക്ക് വേണ്ടി ജപമാല ചൊല്ലി കാഴ്ചവച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശിന്റെവഴി നടത്തി. ചപ്പമല റോഡ് നവീകരണ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കാളികളായി. റോഡിന്റെ ഇരുവശവും കനാലുകളും ശുചീകരണം നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ഇടവകയിലെ ജോസഫ് നാമധാരികളായ വ്യക്തികളെ ആദരിച്ചു. ലഹരി നുണയുന്ന സമൂഹത്തിന്റെ സമഗ്രവിമോചനത്തിനായി രൂപതയുടെ നേതൃത്വത്തിലുള്ള റെഡ് റിബൺ ക്യാമ്പയിനിൽ കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റ് പങ്കാളികളാവുകയും ഒരാഴ്ച നീണ്ടുനിന്ന ലഹരി വിരുദ്ധ പോസ്റ്ററുകൾ, വീഡിയോകൾ സാമൂഹിക മാധ്യമങ്ങളിൽ BECON OF HOPE എന്ന പേരിൽ പ്രദർശിപ്പിക്കുകയും ലഹരിക്കെതിരെ തങ്ങളുടെ സിഗ്നേച്ചർ യുവജനങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

**കയ്യൂന്നി യൂണിറ്റ്**

ഇടവകയിൽ നിന്നും 10,+1,+2 പഠിക്കുന്ന കുട്ടികൾക്കുവേണ്ടി വിശുദ്ധബലി അർപ്പിക്കുകയും പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തുകയും ചെയ്തു. വിശുദ്ധബലിക്ക് ശേഷം തിരിതെളിക്കുകയും പതാക ഉയർത്തി യൂണിറ്റിന്റെ  ഈ വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. യുവജനങ്ങളും മതബോധന കുട്ടികളും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊണ്ട്, ലഹരി വിരുദ്ധ പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങളും പ്രവർത്തനവർഷ കലണ്ടർ സൂചികയും തയ്യാറാക്കി. വലിയ നോമ്പ് ആരംഭദിനമായ വിഭൂതി തിരുനാളിന് എല്ലാ യുവജനങ്ങളും ദേവാലയത്തിലെത്തി വിശുദ്ധബലിയിലും തിരുക്കർമ്മങ്ങളിലും പങ്കുചേർന്നു. നീലഗിരി മേഖല കൂപ്പൺ നറുക്കെടുപ്പ് കയ്യൂന്നിയിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ബിജു പൊൻപാറക്കൽ, ഫാ. ജോമിൻ നാക്കുഴിക്കാട്ട്, യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖലാ ഡയറക്ടർ ഫാ. ജോർജുകുട്ടി ആനിമേറ്റർ സി. ജെസ്സി മാനുവൽ, മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണതിരുനാൾ ദിവസം വിശുദ്ധ കുർബാനയ്ക്കുശേഷം ജോസഫ് നാമധാരികളെ ആദരിച്ചു. ലഹരിക്കെതിരെ  ഇടവകാംഗങ്ങൾ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് സിഗ്നേച്ചർ ക്യാമ്പയിൻ നടത്തി.

**വിമൽ കൊച്ചുപുരക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

മാർച്ച് മാസത്തിൽ മണിമൂളിയിൽ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 45 പേരും ഏപ്രിൽ മാസത്തിൽ ദ്വാരകയിൽ വച്ചു നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 65 പേരും പങ്കെടുത്തു. മെയ് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 11,12,13 തീയതികളിലും, ജൂൺ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 13,14,15 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരിക്കാട്ടിന്റെ നേതൃത്വത്തിൽ അരിഞ്ചേർമല, ആടിക്കൊല്ലി, കാരയ്ക്കാമല എന്നീ യൂണിറ്റുകളിൽ അമ്മമാർക്കായി ബോധവൽക്കരണ സെമിനാറുകളും പനമരം, ദീപ്തിഗിരി എന്നിവിടങ്ങളിൽ വച്ച് നടവയൽ, കല്ലോടി മേഖലകളിലെ ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന ക്ലാസും നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ വന്യമൃഗ ആക്രമണത്തിനെതിരെ നടക്കുന്ന സമരപരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള മീറ്റിങ്ങിൽ മാതൃവേദി രൂപതാ ടീം അംഗങ്ങൾ പങ്കെടുത്തു. മീറ്റിങ്ങിൽ രൂപതാ സെക്രട്ടറി മോളി പുഞ്ചയിൽ മാതൃവേദിയുടെ പിന്തുണ അറിയിച്ചു സംസാരിച്ചു. മാർച്ച് നാലിന് നടന്ന ഗ്ലോബൽ മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ഗ്ലോബൽ ട്രഷറർ ആയ ബ്രില്ലി അന്ന പങ്കെടുത്തു. കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് മാർച്ച് 8 ന് ദ്വാരകയിൽ വച്ച് നടത്തിയ സെമിനാറിൽ ടീം അംഗങ്ങൾ പങ്കെടുത്തു. സമ്പൂർണ്ണ ബൈബിൾ പാരായണത്തിനുള്ള ഭാഗങ്ങളും നിയോഗ പ്രാർത്ഥനകളും എല്ലാദിവസവും തയ്യാറാക്കി മേഖലകൾക്കും യൂണിറ്റുകൾക്കും നൽകുന്നു. മാതൃവേദി അംഗങ്ങളായ അമ്മമാർക്ക് പുതിയ നിയമം പകർത്തി എഴുതുവാനും, പൊതുവായി എല്ലാവർക്കും പഴയനിയമം പകർത്തി എഴുതുവാനും വേണ്ട ക്രമീകരണങ്ങൾ ചെയ്തു. വിശുദ്ധരെ പരിചയപ്പെടുത്തലിന്റെ ഭാഗമായി വിശുദ്ധ യൗസേപ്പിതാവിനെ മാതൃവേദി അംഗങ്ങൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് ടീം അംഗമായ സിൽവി എഴുമായിൽ വീഡിയോ തയ്യാറാക്കി എല്ലാ

മേഖലകൾക്കും യൂണിറ്റുകൾക്കും നൽകി. മാർച്ച് 18ന് രൂപതാ ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. മാർച്ച് 22ന് നടന്ന പ്രോലൈഫ് സെമിനാറിൽ രൂപതാ ടീം അംഗങ്ങൾ പങ്കെടുത്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 17 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 20.

**മേഖലാ വാർത്തകൾ**

**കല്ലോടി**

വണക്കമാസ ആചരണം നടത്തി. മേഖലാ എക്സിക്യൂട്ടീവ് കുഞ്ഞോം പള്ളിയിൽ ചേർന്നു. നാല്പതാം വെള്ളിയാഴ്ച കത്തീഡ്രൽ ദേവാലയത്തിലേക്ക് നടത്തപ്പെടുന്ന കല്ലോടി മേഖലയുടെ കുരിശിന്റെവഴി തീർത്ഥാടനത്തെകുറിച്ച് ചർച്ച ചെയ്തു. വനിതാദിനം ആചരിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ പിതൃദിനമായി കൊണ്ടാടി. ജോസഫ് നാമധാരികളെ ആദരിച്ചു. മേഖലാ സെമിനാർ നടത്തി. വനിതാ ദിനത്തോടനുബന്ധിച്ച് മേഖലാ തലത്തിൽ എള്ളുമന്ദം ശാഖയിലെ എൽസമ്മടീച്ചറെ ആദരിച്ചു പുരസ്കാരം നൽകി. മേഖലയിലെ ഏറ്റവും നല്ല ക്ഷീരകർഷകയെ ആദരിച്ചു. വഞ്ഞോട് ശാഖാ അംഗത്തിന് ഒന്നാം സ്ഥാനവും പുതുശേരി ശാഖാ അംഗത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ കുഴിനിലം സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് വസ്ത്രങ്ങളും സാധനങ്ങളും സാമ്പത്തിക സഹായവും നൽകി.

**നടവയൽ**

അന്താരാഷ്ട്ര വനിതാ ദിനത്തിൽ മേഖലാ പ്രസിഡന്റ് വനിതാ ദിന സന്ദേശം ഗ്രൂപ്പിൽ ഷെയർ ചെയ്തു. വി. യൗസേപ്പിതാവിന്റെ തിരുന്നാൾ ദിനത്തിൽ നെയ്കുപ്പ യൂണിറ്റ് സന്ദേശം നൽകി.

**നിലമ്പൂർ**

യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. മേഖല എക്സിക്യൂട്ടീവ് കൂടി. പ്രോലൈഫ് ദിനത്തിൽ ഏലീശ്വാ സന്ദർശനം നടത്തി. മംഗളവാർത്താ ദിനത്തിൽ ക്രിസ്തുദാസി സിസ്റ്റേഴ്സിനെ ആശംസകൾ അറിയിച്ചു. മേഖലാ ടീം രോഗീ സന്ദർശനം നടത്തി. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ഷാജു മുളവേലികുന്നേൽ മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

**തരിയോട്**

യൗസേപ്പിതാവിന്റെ വണക്കമാസം ആചരിച്ചു. മംഗളവാർത്താ ദിനം ഗർഭിണികൾക്ക് വേണ്ടി എക്സിക്യൂട്ടീവ് അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഗ്രൂപ്പിൽ വരുന്ന വി. യൗസേപ്പിതാവിനെ

ക്കുറിച്ചുള്ള വീഡിയോകൾ മേഖലാ ഗ്രൂപ്പിലേക്ക് ഫോർവേർഡ് ചെയ്തു. മേഖലാ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. വന്യ മൃഗ ശല്യത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ് കൽപ്പറ്റയിൽ നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. ചെന്നലോട് ഇടവക യിൽ വെച്ച് തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ കുരിശിന്റെ വഴി നടത്തി. ബൈബിൾ എഴുതുന്നതിനുള്ള നിർദേശങ്ങൾ നൽകു കയും പങ്കെടുക്കുന്നവരുടെ പേരുകൾ ശേഖരിക്കുകയും ചെയ്തു. സി. ആലീസ് പാലക്കൽ SKD യുടെ നിര്യാണത്തിൽ ആദരാഞ്ജ ലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു.

**കൽപ്പറ്റ**

നെടുംമ്പാല ദേവാലയത്തിൽ വച്ചു കുരിശിന്റെ വഴി നടത്തി. നൂറ്റമ്പതിൽപരം അമ്മമാർ അതിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു. സാന്താമോ ണിക്ക പ്രാർത്ഥനയിൽ പങ്കെടുത്തു. വനിതാദിനം ആചരിച്ചു. മലബാർ മേഖലയിലെ മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് നേടിയ ശ്രീമതി പ്രിയ ജിനേഷ് മാവറയെ ആദരിച്ചു. മേഖലയിലെ ജോസഫ് നാമധാരികളായ വൈദികർക്ക് ആശംസകൾ നേർന്നു. ബാവലി സെന്റ് ജോസഫ് പള്ളി സന്ദർശിച്ചു പള്ളി നവീകരണ ത്തിനായി സംഭാവന നൽകി. പ്രോലൈഫ് ദിനം ആചരിച്ചു. പുതിയ നിയമം എഴുതുവാൻ ആരംഭിച്ചു. കാട്ടിക്കുളത്തെ കരുണാഭവൻ, പി.എസ്.ഡി.പി സെമിനാരി എന്നിവ സന്ദർശിച്ചു. നോമ്പിലെ വെള്ളിയാഴ്ചകളിൽ ശിശുമല കുരിശുമലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**മണിമൂളി**

പാതിരിപ്പാടം ഇടവകയിൽ വച്ച് ജപമാലറാലി നടത്തി. മേഖലാ വാർഷികം നടത്തി പുതിയ ഭാരവാഹികൾ ചാർജെടുത്തു. മേഖലാ, ശാഖാ നേതൃത്വ സംഗമവും സെമിനാറും നടത്തി.

**ശാഖാ വാർത്തകൾ**

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് കൂടി. സിഗ്വിയുടെ മാനേജർ ക്ലാസ്സെടുത്തു. മാതൃവേദിയുടെ നേതൃത്വത്തിൽ ഉൽപ്പന്നങ്ങൾ ഏറ്റെടുത്ത് വിൽപ്പന നടത്താൻ തീരുമാനിച്ചു. വന്യമൃഗ ആക്രമണത്തി നെതിരെ രൂപത നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. രോഗീ സന്ദർ ശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മക്കിയാട്**

യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ പിതാക്ക

ന്മാരേയും ആദരിച്ചു. വൃദ്ധ മാതാപിതാക്കളേയും രോഗികളേയും സന്ദർശിച്ചു. കുരിശിന്റെവഴി നടത്തി.

**കോട്ടത്തറ**

വിവാഹത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ച മാതാപിതാക്കളെ ആദരിച്ചു. വന്യജീവി ആക്രമണത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച ധർണ്ണയിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. വിധവകളെ സന്ദർശിച്ചു സമ്മാനങ്ങൾ നൽകി. രോഗീസഹായം നൽകി. ചെന്നലോട് ഇടവകയിൽ വച്ച് നടത്തിയ കുരിശിന്റെ വഴിയിൽ അംഗങ്ങൾ പങ്കെടുത്തു.

**കരിമ്പിൽ**

സമർപ്പിതരുടെ ഭവനം സന്ദർശിച്ച് തിരുക്കുടുംബത്തിന്റെ രൂപം നൽകി. രോഗീ സന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. വനിതാദിനം ആചരിച്ചു. നിർധന കുടുംബത്തിന് വസ്ത്രങ്ങൾ നൽകി. കിടപ്പിലായ രോഗികളെ സന്ദർശിച്ചു. ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകി. മേഖലാ സെമിനാറിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. കുഴിനിലത്തുള്ള സ്പെഷ്യൽ സ്കൂൾ സന്ദർശിക്കാൻ പോകുന്ന കല്ലോടി മേഖലാ ടീമിന് 500 രൂപയും പുതുവസ്ത്രങ്ങളും നൽകി.

**കുഞ്ഞോം**

വനിതാദിനത്തിൽ അഞ്ച് മക്കളുള്ള അമ്മയെ ആദരിച്ചു. യൗസേപ്പിതാവിന്റെ വണക്കമാസം ചൊല്ലി. യൗസേപ്പിതാവിന്റെ തിരുനാളിൽ ജോസഫ് നാമധാരികളെയും പിതാക്കന്മാരെയും പൂക്കൾ നൽകി ആദരിച്ചു. മേഖലാ സെമിനാറിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. കുടുംബ നവീകരണവും സാമൂഹ്യ മാധ്യമങ്ങളുടെയും ലഹരിയുടെയും കടന്നു കയറ്റത്തെകുറിച്ച് സെമിനാർ നടത്തി.

**കയ്യൂന്നി**

വനിതാദിന സെമിനാർ, ജനറൽ ബോഡി എന്നിവ നടത്തി. പിതൃദിനം, ലോക ജലദിനം, ലോക കാലാവസ്ഥാദിനം, എന്നീ ദിനാചരണങ്ങൾ നടത്തി. കിടപ്പ് രോഗികൾക്ക് ഭവനങ്ങളിൽ കുമ്പസാരം, ദിവ്യകാരുണ്യം എന്നിവ നൽകുന്നതിനായി ഒരുക്കങ്ങൾ നടത്തി. കുടുംബ നവീകരണവർഷ ആചാരണത്തിന്റെ ഭാഗമായി വേളാങ്കണ്ണിയിലേക്ക് തീർത്ഥാടനം നടത്തി. തിരുക്കച്ച വണക്ക വൺഡേ പ്രയർ നടത്തി.

**പാതിരിപ്പാടം**

കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു.

നരിവാലമുണ്ട പള്ളിയിൽ വച്ച് നടത്തപ്പെട്ട കുരിശിന്റെ വഴിക്ക് ശാഖയിൽ നിന്നും 26 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവനസന്ദർശനം നടത്തി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പ്രതിജ്ഞ ചൊല്ലി.

**അപ്പപ്പാറ**

സെമിത്തേരി വൃത്തിയാക്കി. വി.യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അമ്മമാർ വി. കുർബ്ബാനയിൽ സംബന്ധിച്ചു. പിതാക്കൻമാരെ ആദരിച്ചു.

**കബനിഗിരി**

അന്താരാഷ്ട്ര വനിതാദിനത്തിൽ ഇടവകയിലെ ആശാവർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ്, അംഗൻവാടി ഹെൽപ്പേഴ്സ് എന്നിവരെ ആദരിച്ചു. വി.യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ ജോസഫ് നാമധാരികളെയും ആദരിച്ചു. മംഗള വാർത്താ തിരുനാൾ ദിനത്തിൽ വി. കുർബാനയിൽ പങ്കെടുത്ത എല്ലാവർക്കും ദൈവവചനം എഴുതി ഒരു 'മംഗള വാർത്തയായി' കൊടുത്തു. ലഹരിവിരുദ്ധ റാലിയിൽ പങ്കെടുത്തു. എലീശ്വാ സന്ദർശനം നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടിവ് യോഗം കൂടി. മാതൃവേദിയുടെ നേതൃത്വത്തിൽ വൃദ്ധസദനത്തിലേയ്ക്കുള്ള നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ചു. കുടുംബ നവീകരണത്തിന്റെ ഭാഗമായി തിരുകുടുംബരൂപ പ്രയാണത്തിൽ പങ്കെടുത്തു. നരിവാലമുണ്ട പള്ളിയിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**കൽപ്ര**

വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. മരണവീടുകൾ സന്ദർശിച്ച് ശവസംസ്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു. രോഗീ സന്ദർശനം നടത്തി. ഡോ. സി. ലിസ് മാത്യു വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ് എടുത്തു.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് കൂടി. വൈദികരുടെയും സന്യസ്ഥരുടെയും ബ്രദേഴ്സിന്റെയും മാതാപിതാക്കളെ ആദരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ച് വെഞ്ചരിച്ച കൊന്ത നൽകി. മലയാറ്റൂർ തീർത്ഥാടനം നടത്തി. മേഖലാ ടീം നടത്തിയ സ്പെഷ്യൽ സ്കൂൾ സന്ദർശനത്തിന് ശാഖയിൽ നിന്ന് 5400/- രൂപ നൽകി. വനിതാ ദിനത്തിന് ഇടവകയിൽ തെരഞ്ഞെടുത്ത രണ്ട് അമ്മമാർക്ക് സമ്മാനം നൽകി ആദരിച്ചു. കുരിശിന്റെ വഴിയിലൂടെ 14 പള്ളി സന്ദർശനം നടത്തി. നേതൃത്വ സംഗമത്തിൽ പങ്കെടുത്തു.

**മാനന്തവാടി**

എക്സിക്യൂട്ടീവ് കൂടി. വനിതാദിനത്തിൽ ഏറ്റവും പ്രായം കൂടിയ മാതൃവേദി അംഗത്തെ വീട്ടിൽപോയി ഷാൾ അണിയിച്ച് ആദരിച്ചു. 75 വയസ് പൂർത്തിയായ അപ്പച്ചൻമാരെ പിതൃദിനത്തിൽ പള്ളിയിൽ വച്ച് ആദരിച്ചു. പ്രോലൈഫ് ദിനത്തിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ സമ്മാനങ്ങൾ നൽകി ആദരിച്ചു. മദ്യ വിരുദ്ധ സമിതി ജൂബിലി സമാപനത്തിൽ പങ്കെടുത്തു. എക്സി ക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി. മേഖലാ ഭാരവാഹി സംഗമത്തിന് ആതിഥേയത്വം വഹിച്ചു. വൃദ്ധമാതാപി താക്കളെ വീടുകളിൽ സന്ദർശിച്ചു. രോഗീസഹായമായി 1000/- രൂപ നൽകി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വനിതാ ദിനത്തിൽ വക്കീലായി സേവനം ചെയ്യുന്ന ഇടവകാംഗം എൽബി മാത്യുവിനെ ഷാൾ അണിയിച്ച് ആദരിച്ചു. മേഖലാ നേതൃത്വ പരിശീലന സംഗമത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. സെമിനാർ നടത്തി. മേഖലാ സന്ദർശനം നടത്തിയ കുഴിനിലം ഓർഫനേജിലേയ്ക്ക് സാമ്പത്തിക സഹായം നൽകി.

**ദീപ്തിഗിരി**

മേഖലാ സംഗമം ഇടവകയിൽ വച്ച് നടത്തി. വി. യൗസേപ്പിതാ വിന്റെ തിരുനാളിനോടനുബന്ധിച്ച് ജോസഫ് നാമധാരികളായ എല്ലാ പിതാക്കന്മാരേയും മെഴുകുതിരി നല്കി ആദരിച്ചു. സെമിനാർ നടത്തി 85 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കാരയ്ക്കാമല**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. വനിതാ ദിനത്തിൽ വനിതകൾക്കായി മത്സരങ്ങൾ നടത്തി. തൊഴിൽ രംഗത്തും കലാരംഗത്തും മികവുപുലർത്തിയ വനിതകളെ ആദ രിച്ചു. മേഖല കുരിശിന്റെ വഴിയിൽ പങ്കെടുത്തു. മാതാക്കൾക്കായി ബോധവൽക്കരണ സെമിനാർ നടത്തി. രോഗീ സന്ദർശനം നടത്തി. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**അരിഞ്ചേർമല**

വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. വനിതാദിനത്തിൽ മികച്ച ക്ഷീരകർഷകയ്ക്ക് അവാർഡ് കിട്ടിയ വ്യക്തിയെ ആദരിച്ചു. വനിതാ ദിനത്തിൽ അമ്മമാർക്കായി സെമിനാർ നടത്തി. ഡോക്ടേഴ്സ് ഡേ ആദരിച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. തിരുനാൾ ദിനത്തിൽ നടത്തിയ ചായ കച്ചവടത്തിൽ 5900 രൂപ ലാഭമായി ലഭിച്ചു. മേഖലാ ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. മരണ വീട് സന്ദർശിച്ചു.

**പൂളപ്പാടം**

ലഹരിക്കെതിരെ വാർഡ് തലത്തിൽ ജപമാല ചങ്ങല നടത്തി. വനിതാദിനത്തിൽ ഇടവകയിൽ നിന്നുള്ള വൈദികരുടെ അമ്മമാരെ സന്ദർശിച്ച് അവരെ ആദരിച്ചു. മക്കളെ വളർത്തുന്നതിൽ മാതാപിതാക്കൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ശ്രീ. ജോസ് മാത്യു പുഞ്ചയിൽ സാർ ക്ലാസ് എടുത്തു.

**വിമലഗിരി**

രോഗീസന്ദർശനം നടത്തി. ചെറിയ ത്യാഗപ്രവർത്തികളിലൂടെ സ്വരൂപിച്ച 10000/- രൂപ രോഗീ സഹായമായി നൽകി. വനിതാ ദിനത്തിൽ അമ്മമാരുടെ സംഗമവും സെമിനാറും നടത്തി. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് 70 വയസ്സിനു മുകളിലുള്ള പിതാക്കന്മാരെ ആദരിച്ചു സ്നേഹോപഹാരം കൈമാറി. യൗസേപ്പിതാവിനെകുറിച്ചുള്ള വിചിന്തനങ്ങൾ സാമൂഹ്യ മാധ്യമങ്ങൾ വഴി നൽകി.

**ചോക്കാട്**

സെമിനാർ നടത്തി. മാതൃദിനത്തിൽ പ്രായമായവരെ ആദരിച്ചു. രോഗീ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**സീതാമൗണ്ട്**

ശിശുമലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു. വനിതാ ദിനത്തോടനുബന്ധിച്ചു 80 വയസിനു മുകളിലുള്ള അമ്മമാരെ ആദരിച്ചു. രക്തദാന ക്യാമ്പിൽ വച്ച് അമ്മമാർ രക്തദാനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഭവന സന്ദർശനം നടത്തി. വിധവകൾക്കുവേണ്ടി ഒരു സംഗമം നടത്തി. രോഗീസന്ദർശനം നടത്തി.

**മക്കിയാട്**

വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. വി. യൗസേപ്പിതാവിന്റെ തിരുനാളിൽ എല്ലാ കുടുംബനാഥന്മാരെയും പൂക്കൾ നൽകി ആദരിച്ചു. വൃദ്ധരും രോഗികളുമായ മാതാപിതാക്കളെ സന്ദർശിച്ചു. രോഗീ സഹായം നൽകി.

**പനവല്ലി**

കാട്ടിക്കുളത്തെ വൃദ്ധമന്ദിരമായ കരുണാഭവൻ സന്ദർശിച്ചു.

അവർക്ക് വേണ്ട ഭക്ഷ്യ സാധനങ്ങൾ നല്കി. അവരോടൊപ്പം സമയം ചിലവഴിച്ചു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി.

**പുതുശ്ശേരിക്കടവ്**

വനിതാദിനത്തിൽ വനിതകളെ ആദരിച്ചു. വൈത്തിരി HIM Sisters നടത്തുന്ന ഓർഫനേജ്, വൃദ്ധസദൻ, അമ്മത്തൊട്ടിൽ ഇവിടം സന്ദർശിച്ച് 10000/- രൂപ ധനസഹായം നല്കി. ജോസഫ് നാമ ധാരികൾക്ക് ആശംസകൾ നേർന്നു. പിതൃദിനത്തിനോടനുബ ന്ധിച്ച് ഇടവകയിലെ കുടുംബങ്ങൾ സന്ദർശിച്ചു. വിധവാ സംഗമം നടത്തി. മേഖലാ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. കാട്ടിമൂല സ്നേഹസദൻ സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. പ്രോലൈഫ് ദിനത്തിൽ ഇടവകയിലെ 6 മക്കൾ ഉള്ള ഒരു കുടുംബം സന്ദർശിച്ച് മാതാപിതാക്കളെ ആദരിച്ചു. മേഖലാ മീറ്റിങ്ങിൽ 4 പേർ പങ്കെടുത്തു. നോമ്പിലെ വെള്ളിയാഴ്ചകളിൽ കുരിശിന്റെവഴി നടത്തി.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. യൗസേപ്പിതാവിന്റെ വണക്ക മാസ പ്രാർത്ഥന ചൊല്ലി. ജോസഫ് നാമധാരികളെ ആദരിച്ചു. ഏലീശാ സന്ദർശനം, മലയാറ്റൂർ തീർത്ഥാടനം എന്നിവ നടത്തി. വനിതാ ദിനത്തിൽ ക്ഷീരകർഷകയെ ആദരിച്ചു. വൈദീകരുടെയും സന്യസ്ഥരുടെയും മാതാപിതാക്കളെ ആദരിച്ചു. ചികിത്സാസഹാ യമായി 1500/- രൂപ നൽകി.

**പട്ടാണിക്കൂപ്പ്**

യൗസേപ്പിതാവിന്റ വണക്കമാസ ആചരണം, 13 മണി ആരാ ധനാ എന്നിവ നടത്തി. പിതൃദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. കുരിശിന്റെ വഴി നടത്തി.

**പനഞ്ചിറ**

വി. ബലിയിലും കുരിശിന്റെ വഴിയിലും പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. യൗസേപ്പിതാവിന്റെ തിരുന്നാൾ ദിനത്തിൽ എല്ലാ പിതാക്കൻമാരേയും ആദരിച്ചു.

**തരിയോട്**

വനിതാ ദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ മികവു പുലർത്തുന്ന 5 അമ്മമാരെ ആദരിച്ചു. കുടുംബവർഷാരംഭത്തോ ടനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ 13 മണി ആരാധന നടത്തി. യൗസേപ്പിതാവിന്റെ തിരുന്നാൾ ദിനത്തിൽ കുറുമ്പാല ദേവാലയം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ചെന്നലോട്**

യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. വിഭൂതി ദിനത്തിൽ എല്ലാ അമ്മമാരും ഓരോ ഭാഗങ്ങളായി ബൈബിൾ പുതിയ നിയമം വായിച്ചു. വനിതാ ദിനത്തിൽ ഏറ്റവും പ്രായം കൂടിയ വനിതയെ ആദരിച്ചു. യൗസേപ്പ് നാമധാരികളെ അവരുടെ ഭവനത്തിൽ പൂക്കൾ നൽകി ആദരിച്ചു. യുവരാജ് ഫൗണ്ടേഷനുമായി സഹകരിച്ച് സ്തനാർബുദ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

**പാലാങ്കര**

എക്സിക്യൂട്ടീവ് കൂടി. സിമിത്തേരി വൃത്തിയാക്കി. മേഖലാ തലത്തിൽ നടത്തിയ കുരിശിന്റെ വഴിയിൽ 21 അമ്മമാർ പങ്കെടുത്തു. യൗസേപ്പിതാവിന്റെ ഓർമ്മ ദിനത്തിൽ കുർബാനയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**കളത്തുവയൽ**

ദേവാലയം വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. വനിതാ ദിനം ആചരിച്ചു. ജനറൽബോഡി കൂടി സെമിനാർ നടത്തി. വാർഡ് തല ശുചീകരണത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. കൂടുതൽ മക്കളുള്ള അമ്മയെ ആദരിച്ചു.

**കുറുമ്പാല**

വണക്കമാസാചരണം നടത്തി. വിവിധ നിയോഗങ്ങൾക്കു വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. എ.കെ.സി.സി. മദ്യവിരുദ്ധ സമിതി സമ്മേളനത്തിൽ പങ്കെടുത്തു. മാർഗ്ഗരേഖ പ്രകാശനം നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു.

**പോരൂർ**

എക്സിക്യൂട്ടീവ് കൂടി. വനിതാദിനത്തിന്റെ ഭാഗമായി ഇടവകയിലെ എല്ലാ അമ്മമാർക്കും അസിസ്റ്റന്റ് വികാരി പൂവും സ്വീറ്റ്സും കൊടുത്ത് ആദരിച്ചു. രോഗീ സന്ദർശനം നടത്തി, അവർക്ക് സാമ്പത്തിക സഹായം നൽകി.

**നരിവാലമുണ്ട**

രോഗികൾ, പ്രായമായവർ എന്നിവരെ സന്ദർശിച്ചു. വനിതാ ദിനത്തിൽ സ്ത്രീസുരക്ഷ എന്ന വിഷയത്തിൽ സെമിനാർ നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**വടപുറം**

മരണവീട് സന്ദർശിച്ച് മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു. വനിതാ ദിനത്തിൽ, ഇടവകയിലും രൂപതയിലും സജീവമായ ഒരു വനിതയെ ആദരിച്ചു ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു. യൗസേപ്പിതാവിന്റെ തിരുനാൾ ദിവസം ജോസഫ് നാമധാരികൾക്ക് ആശംസകൾ നേർന്നു.

**പന്തിപ്പൊയിൽ**

വനിതാ ദിനത്തോടനുബന്ധിച്ച് 94 വയസ്സ് പ്രായമുള്ള അമ്മയുടെ പിറന്നാൾ ദിനം കേക്ക് മുറിച്ച് ആഘോഷിച്ചു. ആനി മേറ്ററെ ആദരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. വിധവാ സഹായം 500/-രൂപയും പഠനസഹായം 500/- രൂപയും രോഗീ സഹായമായി 1000/- രൂപയും നൽകി.

**തലഞ്ഞി**

സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. മേഖലാതല കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ജോസഫ് നാമധാരികളെ ആദരിച്ചു. വനിതാ ദിനാചരണത്തോടനുബന്ധിച്ച് മുൻകാല മാതൃവേദി പ്രവർത്തകരെ ആദരിച്ചു. പ്രോലൈഫ് ദിനത്തിൽ 4 ൽ കൂടുതൽ മക്കളുള്ള കുടുംബത്തെ സന്ദർശിച്ചു. പാലിയേറ്റീവ് സെന്റർ സന്ദർശിച്ചു. സാമ്പത്തിക സഹായം നൽകി.

**മരകാവ്**

മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി സഹായം നൽകി. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു. നവോമി സന്ദർശനം നടത്തി. ഒറ്റയ്ക്ക് കഴിയുന്ന വയോധികയുടെ വീട് വൃത്തിയാക്കി. 4 മക്കളുള്ള ദമ്പതികളെ ആദരിച്ചു.

**പ്രശാന്തഗിരി**

വനിതാ ദിനത്തിൽ വാളാട്, ചുള്ളി എന്നീ സ്ഥലങ്ങളിലുള്ള ഗ്രോട്ടോകൾ വൃത്തിയാക്കി. ജോസഫ് നാമധാരികളെ ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവനസന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. പ്രോലൈഫ് ദിനത്തിൽ കൂടുതൽ മക്കളുള്ള കുടുംബത്തെ (4 മക്കൾ) ആദരിച്ചു. മാനന്തവാടി മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ സംഗമത്തിനും, മാർഗ്ഗരേഖ പ്രകാശനത്തിനും, കുരിശിന്റെ വഴിയിലും അഞ്ചുപേർ പങ്കെടുത്തു.

**പറളിക്കുന്ന്**

വനിതാ ദിനത്തിൽ ഏകസ്ഥരെയും സാമൂഹിക പ്രവർത്തകരെയും ആദരിച്ചു. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികളെ ആദരിച്ചു. 'നോമ്പ് ചിന്തകൾ' എന്ന ഓഡിയോ സന്ദേശം ഗ്രൂപ്പിൽ ഷെയർ ചെയ്തു. ബൈബിൾ പകർത്തിയെഴുത്ത് യൂണിറ്റിൽ നിന്നും പേരുകൾ നൽകി. പാനാപാരായണം നടത്തി.

**പാടിച്ചിറ**

ശിശുമല കുരിശുമല കയറ്റം നടത്തി. വനിതാ ദിനത്തിൽ ഇടവകയിൽ പെയിൻ ആൻഡ് പാലിയേറ്റീവിൽ പ്രവർത്തിക്കുന്ന 3 അമ്മമാരെ മെമന്റോ നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് നടത്തി വന്യമൃഗങ്ങളുടെ അതിക്രമങ്ങൾക്കെതിരെ എ.കെ.സി.സി. യുടെ നേതൃത്വത്തിൽ ബത്തേരിയിൽ വച്ച് നടന്ന സമരത്തിൽ അമ്മമാർ പങ്കെടുത്തു. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. ലഹരിയും കുടുംബഭദ്രതയും എന്ന വിഷയത്തിൽ ഇടവകയിൽ അമ്മമാർക്കായി പോസ്റ്റർ നിർമ്മാണ മത്സരം നടത്തി. ഏലീശ്വാ സന്ദർശനം, രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. രോഗീ സഹായമായി 1000 രൂപ നൽകി.

**യവനാർകുളം**

വി. യൗസേപ്പിതാവിന്റെ വണക്കമാസം ഭവനങ്ങളിൽ വായിച്ചു. രോഗീ സന്ദർശനം നടത്തി. എല്ലാ ബുധനാഴ്ചയും ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് സഹായിക്കുന്നു.

**കരിമാനി**

ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ എക്സിക്യൂട്ടീവ് അംഗങ്ങൾ സഹായിച്ചു. 5000 രൂപ നൽകി. വനിതാ ദിനത്തിൽ JRF പരീക്ഷയിൽ 98.99% മാർക്ക് നേടിയ അഞ്ചു ചൂടിയാങ്കലിന് ഗിഫ്റ്റ് നൽകി ആദരിച്ചു. മേഖല നടത്തിയ കുരിശിന്റെ വഴിയിലും, മാർഗരേഖ പ്രകാശനത്തിലും പങ്കെടുത്തു. ജനറൽ ബോഡി കൂടി. എ.കെ.സി.സി. നടത്തിയ വനം വന്യജീവി പ്രതിഷേധ റാലിയിൽ 7 പേർ പങ്കെടുത്തു.

**മണിമൂളി**

കിടപ്പു രോഗികളായവരുടെ ഭവനങ്ങളിൽ കുരിശിന്റെ വഴി നടത്തുകയും, സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കുട്ടികൾക്കായി ലഹരിവിരുദ്ധ ക്ലാസ്സ് നടത്തി. വിവാഹസഹായവും, ചികിത്സാ സഹായവും നൽകി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. വനിതാ ദിനത്തിൽ തവിഞ്ഞാൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി എൽസി പുളിക്കായത്ത്, ലില്ലിസ് ഫാം ഉടമ ശ്രീമതി ലില്ലി അയ്യാനിക്കാട് എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഭാരവാഹികളുടെ സംഗമത്തിലും കുരിശിന്റെ വഴിയിലും പങ്കെടുത്തു.

**മീനങ്ങാടി**

എക്സിക്യൂട്ടീവ് കൂടി. പിതൃദിനം ആചരിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. ടൗണിലുള്ള സാധുക്കളായ സഹോദര ങ്ങൾക്ക് ഭക്ഷണം നൽകി. കിടപ്പ് രോഗികളുടെ വീടുകൾ സന്ദർശിച്ചു. മേഖലാതലത്തിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**മഞ്ഞൂറ**

പച്ചക്കറിത്തോട്ട മൽസരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. ഇടവകയിൽ ഹോം മിഷൻ നടത്തിയപ്പോൾ സിസ്റ്റേഴ്സിനു ഭക്ഷണം നൽകി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾ വെച്ച് കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പിതാവിന്റെ ജീവചരിത്രം വാട്സപ്പ് ഗ്രൂപ്പിൽ അയച്ചു. വനിതാദിനത്തിൽ 3 അമ്മമാരെ ആദരിച്ചു. വന്യമൃഗ ആക്രമണ ത്തിനെതിരെ മാനന്തവാടിയിൽ നടത്തിയ ധർണ്ണയിൽ അമ്മമാർ പങ്കെടുത്തു. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി.

**അസംപ്ഷൻ, ബത്തേരി**

വി.യൗസേപ്പിതാവിന്റെ വണക്കമാസ ആചരണം നടത്തി. മരണവീടുകൾ സന്ദർശനം, രോഗീസന്ദർശനം, അഗതിമന്ദിരം സന്ദർശനം എന്നിവ നടത്തി. ഓശാനഭവൻ സന്ദർശിച്ച് അവശ്യ സാധനങ്ങൾ നൽകി. വന്യമൃഗ ശല്യത്തിനെതിരെ എ.കെ.സി. സി. യുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സമരത്തിൽ പങ്കെടുത്തു. ജനറൽ ബോഡി മീറ്റിംഗ്, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ നടത്തി.

**കുറുമണി**

സിസ്റ്റേഴ്സിന്റെ മാതാപിതാക്കളെ സന്ദർശിച്ച് മധുരം നൽകി. രോഗീ സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. ജോസഫ് നാമധാരികളെ ആദരിച്ചു. വാർഡുകൾ തോറും വിശുദ്ധരുടെ പുസ്തകങ്ങൾ കൈമാറി വായിക്കുന്നു.

**പൂക്കോട്ടുംപാടം**

ജോസഫ് നാമധാരികളെ വി. യൗസേപ്പിതാവിന്റെ ഫോട്ടോ നൽകി ആദരിച്ചു. വി.യൗസേപ്പിതാവിന്റെ വണക്കമാസം വായിച്ചു, ഓഡിയോ എല്ലാ ദിവസവും ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. കത്തീ ഡ്രൽപള്ളി, പാസ്റ്ററൽ സെന്റർ, ബിഷപ്പ് ഹൗസ്, വിയാനിഭവൻ

എന്നിവ സന്ദർശിച്ചു. ബൈബിൾ പുതിയനിയമം പകർത്തിയെഴുതാൻ ആരംഭിച്ചു.

**തേൾപാറ**

അഗതിമന്ദിരത്തെ സഹായിക്കുന്നതിനായി മാതൃവേദിയുടെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തി. പിതൃദിനം ആചരിച്ചു. യൗസേപ്പിതാവിനെകുറിച്ച് വീഡിയോ പ്രസന്റേഷൻ നടത്തി.

**ദ്വാരക**

വിഭൂതി തിരുനാൾ ദിനത്തിന് ആവശ്യമായ കരി എക്സിക്യൂട്ടീവ് അംഗങ്ങൾ തയ്യാറാക്കി. വിയാനി ഭവനിലെ ജോസഫ് നാമധാരികളായ വൈദികരെ സന്ദർശിച്ച് അവരെ ആദരിച്ച് സമ്മാനങ്ങൾ നൽകി. അമ്മമാരുടെ നേതൃത്വത്തിൽ കണിയാരം കത്തീഡ്രൽ പള്ളിയിലേക്ക് തീർത്ഥാടനം നടത്തി.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം കൂടി. വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസ പ്രാർത്ഥനയും നടത്തി. അഗതിമന്ദിര സന്ദർശനം, രോഗീ സന്ദർശനം, ഓാസനാംഭവൻ, മരണവീട് സന്ദർശനം എന്നിവ നടത്തി. ജോസഫ് നാമധാരികളെ ആദരിച്ചു. ജില്ലാ ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. വചന കവചം, സാന്താ മോനിക്ക, ചെയിൻ റോസറി, എന്നിവ നടത്തി.

**കേളകം**

എല്ലാമാസവും രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറ് നൽകുന്നു. ഉപവാസത്തിലൂടെ ലഭിച്ചത് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുന്നു. നിർധന കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. രോഗീ സന്ദർശനം നടത്തി.

**നടവയൽ**

പ്രോ ലൈഫ് ദിനത്തിൽ അഞ്ചു കുട്ടികളുള്ള മാതാപിതാക്കളെ ആദരിച്ചു. സമ്മാനങ്ങൾ നൽകി. കുരിശുപള്ളികളിൽ നിന്നും ആരംഭിച്ച് നടവയൽ ഇടവക ദേവാലയത്തിലേക്ക് കുരിശിന്റെ വഴി ചൊല്ലി തീർത്ഥാടനം നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മാനന്തവാടിയിൽ വച്ച് നടന്ന വന്യമൃഗ ശല്യത്തിനെതിരെയുള്ള പ്രതിഷേധ ധർണ്ണയിൽ അമ്മമാർ പങ്കെടുത്തു. ബാംഗ്ലൂർ ദേവാലയ നിർമ്മാണ സഹായ നിധിയിലേക്ക് 4200/- രൂപ സംഭാവന നൽകി. സാധു സഹായമായി 5000/- രൂപ നൽകി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഏപ്രിൽ 04 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ഏപ്രിൽ 05 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി.

ബഹു. ഫാ. ജോണി മലയിൽ വചനസന്ദേശം നൽകി. ബ്രദർ ജോസഫ് വട്ടക്കുന്നേൽ സ്തുതി ആരാധന നയിച്ചു. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC, എന്നിവർ ഗാനശുശ്രൂഷക്കും, സി. ആൻസി SCV, സി. സ്മിത CMC, സി. നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിംഗ്**

ഏപ്രിൽ 12 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിംഗ് ശുശ്രൂഷ നടന്നു. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**ഇടവക ധ്യാനങ്ങൾ**

ഏപ്രിൽ 04 മുതൽ 06 വരെ തൃക്കൈപ്പറ്റ ഇടവകയിലും, 06 ന് ഇടയൂർകുന്ന് ഇടവകയിലും, 07 മുതൽ 09 വരെ പനവല്ലി ഇടവകയിലും, 10 മുതൽ 13 വരെ ഒണ്ടയങ്ങാടി ഇടവകയിലും, 13 മുതൽ 16 വരെ ചിത്രഗിരി ഇടവകയിലും വാർഷിക ധ്യാനം നടത്തപ്പെട്ടു.

**മെയ് മാസത്തിലെ താമസിച്ചുള്ള ധ്യാനം**

22 വ്യാഴം 04 മണി മുതൽ 25 ഞായർ 01 മണി വരെ.
അന്വേഷണങ്ങൾക്ക്: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ** – ഡയറക്ടർ 9544606936

# സാമൂഹ്യ സേവനരംഗം (WSSS)

**ചൂരൽമല നിവാസികളെ ചേർത്ത് പിടിച്ച് മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും**

രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായ ചൂരൽമല  മുണ്ടക്കൈ ഉരുൾപൊട്ടൽ നടന്നിട്ട് 08 മാസമായി. അന്നുമുതൽ ഇന്നുവരെ ദുരന്തബാധിതർക്ക് സഹായ ഹസ്തവുമായി നിലകൊണ്ട പ്രസ്ഥാനമാണ് മാനന്തവാടി രൂപ തയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി. മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സമാനതകളില്ലാത്ത തരത്തിലുള്ള ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ദുരന്തമുഖത്ത് രൂപതയുടെ സജീവസാന്നിധ്യം പ്രകടമായിരുന്നു. റെസ്ക്യൂപ്രവർത്തങ്ങളിൽ സജീവമായും, ക്യാമ്പുകളിൽ ഭക്ഷണം എത്തിച്ചും, ആശുപത്രികളിൽ ചികിത്സയിൽ കഴിഞ്ഞവരെ പരിചരിച്ചും കുട്ടികളെ പരിപാലിച്ചും രൂപതയുടെ ഭാഗമായ വിവിധ പ്രസ്ഥാനങ്ങൾ മാതൃകാപരമായ പ്രവർത്തങ്ങൾ ആണ് കാഴ്ച വെച്ചത്. സഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ ആശുപത്രികളിൽ നിന്ന് ഓടിയെത്തിയ മെഡിക്കൽ ടീമും വിദഗ്ദ്ധരായ കൗൺസിലർമാരും നൽകിയ സേവനം വലുതായിരുന്നു. ചൂരൽമല ദേവാലയമായിരുന്നു ആദ്യദിനങ്ങളിൽ ക്യാമ്പ് ഓഫീസ് കം ഇൻഫർമേഷൻ സെന്റർ ആയി പ്രവർത്തിച്ചത്. കൗൺസിലിംഗ് രംഗത്ത് പ്രാവീണ്യമുള്ള 100 സന്യസ്ഥരടങ്ങുന്ന  സാന്ത്വന പരിചരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചു. ഇതിൽ നിന്നും 50 പേരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുകയും കൂടുതൽ പരിശീലനം നല്കി ഫോളോഅപ്പ് പ്രവർത്തനങ്ങൾക്ക് നിയോഗിച്ചു. വീടുകളിലും സ്ഥാപനങ്ങളിലുമായി ഇവരുടെ സേവനം ഇപ്പോഴും തുടരുന്നു.

രണ്ടാം ഘട്ടത്തിൽ കാരിത്താസ് ഇന്ത്യ, സീഡ്സ് എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ബത്തേരി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ശ്രേയസ്, കോഴിക്കോട് രൂപ തയുടെ  സാമൂഹ്യസേവന വിഭാഗമായ ജീവന എന്നിവയുമായി ചേർന്ന് 958 കുടുംബങ്ങൾക്ക് 9500 രൂപ വീതം അടിയന്തിര

ധനസഹായവും 10000 രൂപയുടെ ഗൃഹോപകരണങ്ങളും ലഭ്യമാക്കി. കൂടാതെ കാത്തലിക് റിലീഫ് സർവീസുമായി 307 കുടുംബങ്ങൾക്ക് 57 ലക്ഷം രൂപയുടെ വരുമാന വർദ്ധക പരിപാടികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി. രൂപത 50 കുടുംബങ്ങൾക്ക് 50000 രൂപയുടെ വീതം ഫർണീച്ചറുകൾ നല്കി. കൂടാതെ വിദ്യാർത്ഥികൾക്കായി പഠന സാമഗ്രികൾ ലഭ്യമാക്കുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനായി 30 കുട്ടികൾക്ക് തുടർ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി. കുടുംബാംഗങ്ങൾ നഷ്ടപ്പെടുകയോ വീട് പൂർണ്ണമായി തകരുകയോ ചെയ്ത വീടുകളിലെ ഏതാനും കുട്ടികൾക്ക് 4 ലക്ഷം രൂപ വീതം സ്ഥിര നിക്ഷേപം നല്കാനും സാധിച്ചു. വലിയ നഷ്ടം സംഭവിച്ച ഏതാനും കുടുംബങ്ങളെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ ചികത്സക്കുള്ള സാഹചര്യം ഉറപ്പാക്കുന്നതിലും ശ്രദ്ധ പതിപ്പിക്കുകയുണ്ടായി. നിലവിൽ കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ, കേരള സോഷ്യൽ സർവീസ് ഫോറം, വിവിധ രൂപതകൾ, വിവിധ സന്യസ്ത സമൂഹങ്ങൾ, വികസന ഏജൻസികൾ, വ്യക്തികൾ എന്നിവയുമായി സഹകരിച്ച് 40 ഭവനങ്ങൾ നിർമിക്കുന്നത്തിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ചൂരൽമല പ്രദേശത്ത് നിലവിൽ കഴിയുന്ന വ്യക്തികളുടെ സമഗ്രവികസനം ലക്ഷ്യം വെച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ യൂണിറ്റ് ചൂരൽമലയിൽ ആരംഭിച്ചു. കഴിഞ്ഞ 06 മാസത്തെ നിരന്തരമായ ഇടപെടലിലൂടെ ആണ് ഇത് സാധ്യമായത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങൾ ചൂരൽമല പ്രദേശത്തെ മുഴുവൻ ഭവനങ്ങളിലും സന്ദർശനം നടത്തുകയും പലതവണ പലസ്ഥലങ്ങളിൽ യോഗം ചേരുകയും ചെയ്തു. തൽഫലമായി 113 വ്യക്തികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയോട് ചേർന്ന് പ്രവർത്തിക്കുവാൻ തയ്യാറായി വരികയുണ്ടായി. ഇവരെ 11 സ്വാശ്രയ സംഘങ്ങൾ ആക്കിതിരിക്കുകയും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും ചെയ്തു. ഒപ്പം വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകി വരുന്നു. വരും കാലങ്ങളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ വികസന പദ്ധതികൾ ഈ പ്രദേശത്ത് നടപ്പിലാക്കുന്നതാണ്.

**കാലാവസ്ഥ അനുരൂപ കൃഷി വികസിപ്പിച്ചെടുക്കണം: നബാർഡ് ചീഫ് ജനറൽ മാനേജർ**

വയനാട് വർദ്ധിച്ച രീതിയിൽ കാലാവസ്ഥാ വ്യതിയാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണെന്നും അതിനാൽ കാലാവസ്ഥ അനുരൂപകൃഷി വികസിപ്പിച്ചെടുക്കണമെന്നും നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു എൻ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും മുള്ളൻകൊല്ലി നീരുറവ സംരക്ഷണ സമിതിയുടെയും നേതൃത്വത്തിൽ തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച അഗ്രോ സർവീസ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മിതബുദ്ധിയെ കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തണമെന്നും, കാർഷിക യന്ത്രവൽക്കരണവും ചെറുകിട ജലസേചനവും ഉപയോഗപ്പെടുത്തണമെന്നും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുള്ളൻകൊല്ലി നബാർഡ് നീരുറവ സംരക്ഷണ പദ്ധതി ഇതിനോടകം മാതൃകാപരമായി മാറിയിട്ടുണ്ടെന്നും ചീഫ് ജനറൽ മാനേജർ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, നബാർഡ് വയനാട് ജില്ലാ മാനേജർ ആർ. ആനന്ദ്, നബാർഡ് കോഴിക്കോട് ജില്ലാ മാനേജർ വി. രാകേഷ്, തിരുനെല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ കെ.സിജിത്ത്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, നീർത്തട കമ്മിറ്റി ചെയർമാൻ പി.ആർ സുനിൽ കുമാർ, കമ്മിറ്റി അംഗങ്ങളായ രാജേഷ് കൃഷ്ണ, എ.പി.പ്രഭാകരൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**ലോക ജലദിനാചരണം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ലോക ജല ദിനാചരണം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ദിനാചരണം വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷംസാദ് മരക്കാർ ഉദ്ഘാടനം ചെയ്തു. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി ജലവുമായി ബന്ധപ്പെട്ടതാണെന്നും ലോകത്തിലെ പല ഭാഗങ്ങൾ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുമ്പോൾ മറ്റ് പല പ്രദേശങ്ങളും വെള്ള

പ്പൊക്കം മൂലം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വയനാട് ജില്ലയിലും രൂക്ഷമായ കുടിവെള്ള ക്ഷാമം ആണ് അനുഭവപ്പെടുന്നത്. നമ്മുടെ വയലുകളും ചതുപ്പുകളും നികത്തപ്പെട്ടത് മൂലം വെള്ളം ഭൂമിയിൽ സംഭരിക്കപ്പെടുന്നില്ല. ഉള്ള കുടിവെള്ളത്തിൽ 80 ശതമാനത്തിൽ അധികവും കോളിഫോം ബാക്ടീരിയകളാൽ മലിനപ്പെട്ടിരിക്കുകയാണ്. ത്രിതല പഞ്ചാ യത്തുകളും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അടക്കമുള്ള സന്നദ്ധ സംഘടനകളും കിണർ റീചാർജിങ് പ്രവർത്ത ങ്ങൾക്ക് ഇനി അടിയന്തിര പ്രാധാന്യം നൽകണം എന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്ററ്യൻ പാലംപറമ്പിൽ, ഗവേർണിംഗ് ബോഡി മെമ്പർ എച്ച് ബി. പ്രദീപ് മാസ്റ്റർ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, മുൻസിപ്പൽ കൗൺസിലർ ആലിസ് സിസിൽ, ചെറുകാട്ടൂർ സോഷ്യൽ വെൽഫെയർ സൊസൈറ്റി സെക്രട്ടറി വി. ജെ. ആന്റണി, സ്റ്റാഫ് സെക്രട്ടറി ചിഞ്ചു മരിയ എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന പരിശീലനത്തിന് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ ശാസ്ത്രജ്ഞനായ ഡോക്ടർ ജോസഫ് ജോൺ നേതൃത്വം നൽകി. ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കുവേണ്ടിയും സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭാരവാഹികൾക്കുവേണ്ടിയും നടത്തിയ ചിത്രരചന മത്സരത്തിൽ വിജയികൾ ആയവർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷംസാദ് മരക്കാർ സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടിക്ക് പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, റോബിൻ ജോസഫ്, ജാൻസി ജിജോ, റീജിയണൽ കോ ഓർഡിനേറ്റർമാരായ ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ്, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി

**ലോക സന്നദ്ധ പ്രവർത്തക ദിനാചരണം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ലോക സന്നദ്ധ പ്രവർത്തക ദിനാചരണം നടത്തി. മുള്ളൻകൊല്ലി നബാർഡ് നീരു റവ പ്രദേശത്ത് നടന്ന ദിനാചരണം തിരുനെല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ വി. ബേബി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. തിരുനെല്ലി ഗ്രാമപഞ്ചായത്ത് മെമ്പർ സിജിത്ത് കുമാർ അദ്ധ്യക്ഷത വഹിച്ചു.

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ മുഖ്യസന്ദേശം നൽകി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, മുള്ളൻകൊല്ലി നീർത്തട കമ്മിറ്റി ചെയർമാൻ പി.ആർ സുനിൽകുമാർ, എക്സിക്യൂട്ടീവ് അംഗം എ.പി. പ്രഭാകരൻ എന്നിവർ സംസാരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രവർത്തകർ മുള്ളൻകൊല്ലി നീരുറവ വൃത്തിയാക്കി. സന്നദ്ധ പ്രവർത്തക ദിന പ്രതിജ്ഞ എടുത്തു. കൂടാതെ പ്രമുഖ ജൈവ കർഷകനായ ജോൺ മാസ്റ്ററുടെ കൃഷിയിടം സന്ദർശിക്കുകയും അദ്ദേഹവുമായി സംവദിക്കുകയും ചെയ്തു. പരിപാടിക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്റ്റാഫ് സെക്രട്ടറി ചിഞ്ചുമരിയ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, റോബിൻ ജോസഫ്, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ജാൻസി ജിജോ, ഫിനാൻസ് മാനേജർ ഷെർമിൽ ഷിബു എന്നിവർ നേതൃത്വം നൽകി.

**കുടനിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഇസാഫ് ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ കുട നിർമ്മാണത്തിൽ രണ്ടു ദിവസം നീണ്ടുനിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി ഇസാഫ് ഫൗണ്ടേഷൻ ജില്ലാ കോ ഓർഡിനേറ്റർ ഹിമവർഷ കാർത്തികേയൻ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ. മുഖ്യ പ്രഭാഷണം നടത്തി. സ്റ്റാഫ് സെക്രട്ടറി ചിഞ്ചു മരിയ, പ്രൊജക്റ്റ് കോർഡിനേറ്റർ ജാൻസി ജിജോ എന്നിവർ സംസാരിച്ചു. കുടകൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് ഗ്രാമീണ വനിതകൾക്ക് ഉയർന്ന വരുമാനം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സൗകര്യവും സാങ്കേതിക സഹായവും നൽകും. കുട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ എത്തിച്ച് നൽകുക, വില്പന നടത്തുവാൻ സഹായിക്കുക എന്നിവയും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നിർവ്വഹിക്കും. പരിശീലനത്തിന് സബിത കമ്പളക്കാട് നേതൃത്വം നൽകി. റീജണൽ കോഡി

നേറ്റർമാരായ ആലിസ് സിസിൽ, ലിജ കുര്യാക്കോസ്, ബിൻസി വർഗീസ്, ഷീന ആന്റണി, ജിനി ഷിനു  എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**ഹാൻഡ് എംബ്രോയിഡറി, നീഡിൽ വർക്ക് എന്നിവയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) കേരള സ്റ്റേറ്റ് അസോസിയേഷൻ ഓഫ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (കസാഫി) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ ഹാൻഡ് എംബ്രോയിഡറി, നീഡിൽ വർക്ക് എന്നിവയിൽ  രണ്ടു ദിവസം നീണ്ടുനിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ അദ്ധ്യക്ഷത വഹിച്ചു. കസാഫി ജില്ലാ കോഡിനേറ്റർ വരുൺ ടി.പി  പദ്ധതി വിശദീകരണം നടത്തി. മാനന്തവാടി മുൻസിപ്പൽ കൗൺസിലർ ആലീസ് സിസിൽ, കസാഫി ഫീൽഡ് കോർഡിനേറ്റർ അനഘ ജോസ്, പ്രൊജക്റ്റ് കോർഡിനേറ്റർ ജാൻസി ജിജോ എന്നിവർ ആശംസകൾ അറിയിച്ചു. ഹാൻഡ് എംബ്രോയിഡറി, നീഡിൽ വർക്ക് എന്നിവയിൽ അധിഷ്ഠിതമായ വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പസൗകര്യവും സാങ്കേതിക സഹായവും നൽകും. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം  ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ് ടെക്നോളജി കോഴ്സ് അദ്ധ്യാപികയായ ചിഞ്ചു മരിയ പരിശീലനത്തിന്  നേതൃത്വം നൽകി. റീജണൽ കോഡിനേറ്റർമാരായ ലിജ കുര്യാക്കോസ്, ബിൻസി വർഗീസ്, ഷീന ആന്റണി, ബിൻസി വർഗീസ്, ജിനി ഷിനു  എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**നീരുറവ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി മുട്ടക്കോഴികളെ വിതരണം ചെയ്തു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, മുള്ളൻകൊല്ലി നീർത്തട

വികസന സമിതി എന്നിവ സംയുക്തമായി തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ മുള്ളൻകൊല്ലി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി 50 പേർക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തു. 12 ആഴ്ച വളർച്ചയെത്തിയ ബി.വി.380 ഇനത്തിൽപ്പെട്ട 10 മുട്ടക്കോഴികൾ വീതമാണ് ഓരോ കുടുംബത്തിനും വിതരണം ചെയ്തത്. ഇനി 09 ആഴ്ച കഴി യുമ്പോൾ ഇവ മുട്ടയിട്ട് തുടങ്ങും. മടയ്ക്കൽ പൗൾട്ടി ഫാം മീനങ്ങാടിയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. മുള്ളൻകൊല്ലി സാംസ്കാരിക നിലയത്തിൽ നടത്തിയ വിതരണം തിരുനെല്ലി ഗ്രാമ പഞ്ചായത്ത് മെമ്പർ കെ സിജിത്ത് ഉദ്ഘാടനം ചെയ്തു. നീർത്തട വികസന സമിതി ചെയർമാൻ പി. ആർ. സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ., നീർത്തട വികസന സമിതി സെക്രട്ടറി സൗമിനി കെ. കെ., കമ്മിറ്റി അംഗം എ. പി. പ്രഭാകരൻ, പ്രോഗ്രാം കോ ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരു ത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർ ജിങ്, പച്ചക്കറി നേഴ്സറി, ജൈവവള നിർമ്മാണ യൂണിറ്റ്, നീരുറവ സംരക്ഷണം, ചെറുകിട ജലസേചനം, മൺ കയ്യാലകൾ, കല്ല്കയ്യാലകൾ തുടങ്ങിയ പദ്ധതി പ്രവർത്തങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ., പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മിറ്റി അംഗങ്ങളായ പി.സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

ആലാറ്റിൽ, പോരൂർ, തലപ്പുഴ, തവിഞ്ഞാൽ, വലിയകൊല്ലി, പാറത്തോട്ടം, ചെന്നലോട് കാരക്കാമല, കുറുമണി, ഒഴുക്കന്മൂല, മംഗലശ്ശേരി, മൊതക്കര, കൊട്ടിയൂർ, ചുങ്കക്കുന്ന്, പാൽചുരം, അമ്പായത്തോട്, ജൂഡ്സ്മൗണ്ട്, സീതാമൗണ്ട്, പട്ടാണികൂപ്പ്, പടമല, കമ്മന, കണിയാരം, ആറാട്ടുത്തറ, ചെന്നലോട്, തൃശിലേരി, പയ്യമ്പള്ളി, അരിഞ്ചേർമല, ചെറുകാട്ടൂർ, എടയൂർകുന്ന്, ദ്വാരക എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫെയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. ജിമ്മി, ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഫാ. ജോസ് തേക്കനാടി, ഫാ. ഡൊമിനിക് വളകുടിയിൽ, SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രോജക്റ്റുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാനവർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ചുള്ളിയാന, മുക്കുറ്റി, അമ്പലവയൽ, ആനപ്പാറ, പുൽപ്പള്ളി, മണൽവയൽ, തലപ്പുഴ, കാഞ്ഞിരങ്ങാട്, കോറോം എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുത്പ്പന്ന നിർമ്മാണ പരിശീലനം നടത്തി**

പടിഞ്ഞാറത്തറ, കൊറ്റുകുളം, ഇല്ലത്തുമൂല, തലപ്പുഴ, തോണിച്ചാൽ എന്നീ സ്ഥലങ്ങളിൽ സോപ്പുത്പ്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ആട് വിതരണം നടത്തി**

സ്വാശ്രയ സംഘാംഗങ്ങൾക്ക് വരുമാന വർദ്ധന പരിപാടി നടത്തുന്നതിനായി ചെന്നലോട്, കോട്ടത്തറ എന്നീ SWS യൂണിറ്റുകളിൽ ആടു വിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

ജീവസ്സ് & കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് മാർച്ച് 31 ന് ഒന്നര വർഷം പൂർത്തിയായി. വൈദീകരിലും സന്യ സ്തരിലും ഇടവക ജനങ്ങളിലും പ്രസ്ഥാനത്തെ പരിചിത മാക്കാനും ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാനും സാധിച്ചു. 56 ഇടവകകളിൽ സെമിനാർ സംഘടിപ്പിച്ചു. 18 ഇടവകകളിൽ സോഷ്യൽ സെക്യൂരിറ്റി ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിലൂടെ 628 പേരെ വിവിധ ക്ഷേമനിധികളിലും ഇൻഷൂറൻസ് പദ്ധതികളിലും അംഗങ്ങളാക്കാൻ സാധിച്ചു. എല്ലാ വൈദീകരും ബഹുഭൂരി പക്ഷം കോഡിനേറ്റർമാരും നല്ല രീതിയിൽ സഹകരിച്ചതിനാ ലാണ് മികച്ച തുടക്കം സാധ്യമായത്. എല്ലാവരേയും നന്ദി യോടെ ഓർക്കുന്നു. ഈ വർഷം കൂടുതൽ മെച്ചപ്പെട്ടതും പ്രയോജന പ്രദവുമായ പദ്ധതികളുടെ നടത്തിപ്പിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു

**ജീവസ്സ്- രജിസ്ട്രേഷൻ പൂർത്തിയായി**

ജീവസ്സ് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യാൻ ആരംഭിച്ച് പ്രവർത്തനങ്ങൾ പൂർത്തിയാക്കി മാർ ജോസ് പൊരു ന്നേടം പിതാവ് രക്ഷാധികാരിയും വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ചെയർമാനും, ഡയറക്ടർ സെബാസ്റ്റ്യൻ പാലം പറമ്പിൽ സെക്രട്ടറിയും, WSSS പ്രോഗ്രാം ഓഫീസർ ട്രഷററും ഉൾപ്പെടെ പതിനൊന്ന് അംഗ ഭരണസമിതിയാണ് സൊസൈറ്റിക്ക് ഉള്ളത്.

**ജീവസ്സ് ഫാമിലി ഹെൽത്ത് കെയർ**

എല്ലാ കുടുംബങ്ങൾക്കും ഇൻഷൂറൻസ് എന്ന ലക്ഷ്യ ത്തോടെ ഈ വർഷം ആരംഭിച്ച രണ്ട് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയാണ് ജീവസ്സ് ഫാമിലി ഹെൽത്ത് കെയർ. 9500 രൂപ പ്രീമിയത്തിൽ 1000 കുടുംബങ്ങളെയാണ് ഇതിൽ പ്രതീക്ഷിച്ചത്. എന്നാൽ കേവലം 300 കുടുംബങ്ങളാണ്

ഇതിൽ ചേർന്നത്. ഭൂരിപക്ഷം ഇടവകകളിൽ നിന്നും വേണ്ടത്ര സഹകരണം ലഭ്യമായില്ല. എണ്ണത്തിൽ കുറവ് വന്നതിനാൽ കമ്പനി പ്രസ്തുത പദ്ധതി റിജക്ട് ചെയ്തു.

എന്നാൽ ചേർന്ന കുടുംബങ്ങൾക്ക് പ്രത്യേകം ഫാമിലി പോളിസികൾ എടുത്ത് നല്കി 248 കുടുംബങ്ങളെ ഈ പദ്ധതി യിൽ നിലനിർത്തി. ഇവർക്ക് കുറഞ്ഞത് രണ്ട് ലക്ഷം മുതൽ പത്ത് ലക്ഷം വരെ കവറേജ് ഉറപ്പാക്കി. കുടുംബനാഥന്റെ പ്രായം, അംഗങ്ങളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലാണ് കവറേജ് നിശ്ചയിക്കപ്പെട്ടത്. ഫാമിലി പോളിസി ആയപ്പോൾ പ്രീമിയം തുക വർദ്ധിച്ചു. 60 വയസ്സിൽ താഴെയുള്ള കുടുംബങ്ങളുടെ വർദ്ധിച്ച തുക മുഴുവനും, അതിനു മുകളിൽ പ്രായമുള്ളവർക്ക് വർദ്ധന വിന്റെ പകുതിയും സംഘടനയുടെ ഫണ്ടിൽ നിന്നും നല്കി യാണ് പദ്ധതി പൂർത്തിയാക്കിയത്. ശരാശരി ഒരു കുടുംബത്തിന് 4500 രൂപ എന്ന രീതിയിൽ പതിമൂന്ന് ലക്ഷത്തോളം രൂപ ഇതി നായി കണ്ടെത്തേണ്ടി വന്നു. നമ്മൾ മുന്നോട്ട് വെച്ച പദ്ധതിയിൽ ചേർന്നവരെ കൈയ്യൊഴിയാതിരിക്കാനും വിശ്വാസ്യത നിലനിർ ത്തുന്നതിനുമായിട്ടാണ് ഭാരിച്ച ഈ ബാധ്യത ഏറ്റെടുത്തത്. പല കാരണങ്ങളാൽ ഇതിൽ അംഗത്വം സാധ്യമാകാതെ വന്ന 52 കുടുംബങ്ങൾക്ക് അടച്ച പ്രീമിയം തുക തിരിച്ച് നല്കുകയും ചെയ്തു.

നമ്മുടെ രൂപതയിൽ 23000ൽ പരം കുടുംബങ്ങളും യാതൊ രുവിധ ഇൻഷൂറൻസും ഇല്ലാത്തവരാണന്നത് ഗൗരവമായി നമ്മൾ കാണേതുണ്ട്. ഈ പദ്ധതിയോട് സഹകരിച്ച വികാരിയച്ചൻ മാരോടും കോഡിനേറ്റർമാരോടും CMC, MSMI സന്യാസ സഭാധി കാരികളോടും WSSS ഡയറക്ടർ ഫാ.ജിനോജ് അച്ചനോടുമുള്ള നന്ദി അറിയിക്കുന്നു. ചൂരൽമല ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളെ സൗജന്യമായി ഇതിൽ ഉൾപ്പെടുത്താനും നമുക്ക് സാധിച്ചു.

**കെ.എൽ.എം മലബാർ റീജിയണൽ മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റ് മലബാർ റീജിയണൽ മീറ്റിംഗ് മാർച്ച് 28ന് തലശേരി മാതാ ട്രെയിനിംഗ് സെന്ററിൽ നടന്നു. രൂപ തയെ പ്രതിനിധീകരിച്ച് ഡയറക്ടറെ കൂടാതെ പ്രസിഡന്റ് ബിജു പോൾ, കോഡിനേറ്റർ മിനിമോൾ, ചെറുകിട തോട്ടം തൊഴിലാളി

ഫോറം സംസ്ഥാന സെക്രട്ടറി ജോബി തോമസ്, രൂപതാ ടീം അംഗം ബേബി നാപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**തൊഴിൽ പരിശീലനവും ഉപകരണ വിതരണവും**

നിർമാണ മേഖല, തയ്യൽമേഖല, ഗാർഹിക മേഖല, ചെറുകിട തോട്ടം എന്നീ മേഖലകളിലെ തൊഴിലാളികൾക്കായി പരിശീലനവും തൊഴിൽ ഉപകരണ വിതരണവും ഏപ്രിൽ, മെയ് മാസങ്ങളിലായി സംഘടിപ്പിക്കുന്നു. ഓരോ വിഭാഗത്തിലും 25 പേരെയാണ് ഇതിനായി തെരഞ്ഞെടുക്കുക. തൊഴിൽ സംഘമായി പ്രവർത്തിക്കാൻ താല്പര്യപ്പെടുന്നവർക്കും തൊഴിലാളി ഫോറത്തിൽ അംഗങ്ങളായവർക്കുമാണ് മുൻഗണന. താല്പര്യമുള്ളവർ പാരീഷ് കോഡിനേറ്റർ മുഖാന്തരം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പരിശീലന സ്ഥലവും തീയതിയും അറിയിക്കുന്നതാണ്.

**പാരീഷ് ക്യാമ്പുകൾ**

പാരീഷ് സെമിനാർ നടത്തിയ ഇടവകകളിൽ ക്യാമ്പ് നടത്താൻ കോഡിനേറ്റർമാർ ഉത്സാഹിക്കണം. തയ്യൽ, ചെറുകിട തോട്ടം, നിർമ്മാണം, എന്നീ ക്ഷേമനിധികളിലും പോസ്റ്റൽ/ ആരോഗ്യ ഇൻഷൂറൻസിലും ചേരുന്നതിനായിട്ടാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതാണ്.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**

രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NDS REGIONAL EVALUATION MEETING**

2025 ഏപ്രിൽ മാസം 12-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിമുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖലാ ഓഫീസിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ നേതൃത്വം കൊടുത്തു. NDS വിമലഗിരി, കൽപ്ര, ബോസ്പാറ യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടു മാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അസി. ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ചെയ്ത യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

**2. Biowin SIGWE - യൂണിറ്റുകളുടെ പ്രവർത്തനോദ്ഘാടനം**

മാനന്തവാടി രൂപതയുടെ ജൈവ കാർഷികോൽപ്പന്ന നിർമ്മാണ, കയറ്റുമതി സ്ഥാപനമായ ബയോവിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള വനിതാ സംരംഭകരുടെ സുസ്ഥിര വരുമാന പദ്ധതിയായ SIGWE ഓർഗാനിക് കറിമസാല പൗഡറുകളുടെ വിപണനം NDS ന്റെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13-04-2025 ഞായറാഴ്ച ധർമ്മഗിരി യൂണിറ്റിൽ വികാരി ബഹു. ബിജു തുരുത്തേൽ അച്ചന്റെ നേതൃത്വത്തിൽ, ഓവാലി പഞ്ചായത്ത് 1-ാം വാർഡ് കൗൺസിലർ ശ്രീ. ഷാജി മണ്ഡപത്തിലിന് കറിമസാലകൾ നല്കി ഉദ്ഘാടനം നടത്തപ്പെട്ടു. ജനങ്ങൾക്കാവശ്യമായ, ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ഇനിമുതൽ NDS ന്റെ നേതൃത്വത്തിൽ ഓഫീസിൽ ലഭ്യമാകുമെന്ന് അച്ചൻ അറിയിക്കുകയും ചെയ്തു. തുടർന്ന് പൊതുജനങ്ങൾ തങ്ങൾക്ക് ആവശ്യമായ കറിമസാലകൾ മേടിക്കുകയും NDS ന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുകയും ചെയ്തു.

**3. ഭവന നിർമ്മാണ സഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ട് കുടുംബങ്ങൾക്കുവേണ്ടി ധർമ്മഗിരി ഇടവകയിൽ പണി പുരോഗമിക്കുന്ന ഭവനങ്ങളുടെ നിർമ്മാണ ചിലവിലേക്ക് 1,00,000/ (ഒരു ലക്ഷം) രൂപ വീതം മൊത്തം രണ്ടു ലക്ഷം രൂപയുടെ ചെക്ക് ഗുണഭോക്താക്കൾക്ക് കൈമാറി. NDS ധർമ്മഗിരി യൂണിറ്റ് ഡയറക്ടർ ബഹു. ബിജു തുരുത്തേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ നേരിട്ട് പോയി ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയുകയും, നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**4. കരുണൈ പെയിൻ & പാലിയേറ്റിവ് കെയർ വാർഷിക സമ്മേളനം**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന നീലഗിരി റീജിയൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും, 'കരുണൈ ആംബുലൻസ് സർവീസിന്റെയും' വാർഷിക സമ്മേളനം 23-03-2025 ഞായറാഴ്ച ഉച്ചകഴിഞ്ഞ് കൽപ്ര സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെടുകയുണ്ടായി. 'പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, സാമ്പത്തിയമായി പിന്നോക്കം നില്ക്കുന്ന അനേകം രോഗികളായ ആളുകൾക്കും, വൃദ്ധജനങ്ങൾക്കും  പാലിയേറ്റീവ് ഹോം കെയർ സർവീസുകൾ, നീലഗിരിയിലെ, ജാതിമതഭേദമന്യേ, അനേകം ആളുകൾക്ക്, ഉപകാരപ്പെടുന്നുവെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അഭിപ്രായപ്പെട്ടു. നീലഗിരി റീജിയണൽ വികാരി ഫാ. ബിജു പൊൻപാറയ്ക്കൽ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൽപ്ര ഇടവക വികാരി ഫാ. ജോർജുകുട്ടി, സി. മെർലിൻ, സി. നിർമ്മല, ഡോ. സഞ്ജയ് എന്നിവർ സംസാരിച്ചു.

**5. TAS ANNIVERSARY PROGRAMME - ENNEAGRAM WORKSHOP**

തരംഗ് ആനിമേഷൻ സർവീസസിന്റെ വാർഷിക പ്രോഗ്രാമായ Enneagram Workshop 2025 മാർച്ച് 29ന് നീലഗിരി ഡെവലപ്

മെന്റ് സൊസൈറ്റി ഓഫീസിൽവെച്ച് നടത്തി. സൈക്കോളജി സോഷ്യൽവർക്ക് വിദ്യാർത്ഥികളും, മാതാപിതാക്കളും അടങ്ങുന്ന ഏഴു പേരാണ് ക്ലാസിൽ പങ്കെടുത്തത്. സ്വന്തം ശക്തിയും ബലഹീനതകളും തിരിച്ചറിഞ്ഞ്, മെച്ചപ്പെട്ട, പുനരുദ്ധരിക്കപ്പെട്ട വ്യക്തിത്വം ആവുന്നതിന് സഹായിക്കുന്ന ഒന്നായിരുന്നു Enneagram Workshop. ശ്രീമതി ശ്രുതി കെ. മാർട്ടിൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. ക്ലാസ്സിൽ പങ്കെടുത്തവരുടെ വ്യക്തിത്വം മനസ്സിലാക്കുന്നതിനുവേണ്ട Ennegram ടൂളുകൾ പരിചയപ്പെടുത്തുകയും, ഒന്നു മുതൽ ഒൻപത് വരെയുള്ള വ്യക്തിത്വത്തെ വിശദമായി പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് NDS ഡയറക്ടർ ബഹു. ബിനോയ് കാശാംകുറ്റിയിൽ അച്ചൻ ക്ലാസിൽ പങ്കെടുത്തവർക്ക് ആശംസകൾ അറിയിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**6. സമൃദ്ധകുടുംബം Phase 2 – രണ്ടാംഘട്ട ധനസഹായം**

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 പേരുടെയും ഭവനങ്ങളിൽ പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി. രണ്ടാംഘട്ട സന്ദർശനം പൂർത്തിയാക്കുകയും, അവർക്ക് ആദ്യഗഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെ കുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും, അതിന്റെ വിശദമായ റിപ്പോർട്ട് ബയോവിന് സമർപ്പിക്കുകയും ചെയ്തു. രണ്ടാംഘട്ട ധനസഹായമായി 18000/- (പതിനെട്ടായിരം രൂപ) വീതം 25 പേരുടെയും അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്തു.

**7. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകൾ സന്ദർശിച്ച് ഓഡിറ്റിംഗ് പൂർത്തിയാക്കി. യൂണിറ്റിന് പുതിയ

സെക്രട്ടറിയെ തിരഞ്ഞെടുത്തു. മുറിവെണ്ണ നിർമ്മിച്ച് വിതരണം ചെയ്തു. ക്യാൻസർ രോഗിയെ സന്ദർശിച്ചു.

**ധർമ്മഗിരി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ, ഇന്റേണൽ ഓഡിറ്റർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ഗ്രൂപ്പുകളുടെയും ഓഡിറ്റിംഗ് പൂർത്തിയാക്കി. ബയോവിൻ SIGWE യുടെ വിപണനോദ്ഘാടനം നടത്തി. ഗുഡ്ഷെപ്പേർഡ് ഫാം സന്ദർശനം നടത്തി.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്ററുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഓഡിറ്റിംഗ് നടത്തി.

**ബോസ്പാറ യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. രോഗീസന്ദർശനം നടത്തി. ഡിഷ്വാഷ്, ലിക്വിഡ് നിർ മ്മാണ പരിശീലനം നടത്തി. വനിതാ ദിനാചരണ ഭാഗമായി സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റിന്റെ നേതൃത്വത്തിൽ ചിട്ടി തുടങ്ങി. യൂണിറ്റ് കോഡിനേറ്റർ, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**ഇന്റേർണൽ ഇൻസ്പെക്ടർ ട്രെയിനിങ് സംഘടിപ്പിച്ചു**

ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ കർഷകൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി വർഷത്തിൽ രണ്ടു തവണ സംഘടിപ്പിക്കാറുള്ള ഇന്റേർണൽ ഇൻസ്പെക്ഷൻ നടത്തുന്നതിനായി പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. കേണിച്ചിറ, മാനന്തവാടി, മക്കിയാട്, പടിഞ്ഞാറത്തറ, അമ്പലവയൽ, മേപ്പാടി, വെള്ളമുണ്ട, കൊയിലേരി, നെന്മേനി, ബത്തേരി, ഓവാലി എന്നിവിടങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചത്. 240 ഇൻസ്പെക്ടർമാർ പരിശീലനങ്ങളിൽ പങ്കെടുത്തു. ICS കോർഡിനേറ്റർ ശ്രീ. ജോബി വർഗീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട

പരിശീലനത്തിൽ ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. രജീഷ് കറുത്തേടത്ത്, ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ പങ്കെടുക്കുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു.

**ജൈവ കർഷക സെമിനാർ സംഘടിപ്പിച്ചു**

തൊണ്ടർനാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന ജൈവ കർഷകർക്കായി 2025 മാർച്ച് 22നു മക്കിയാട് മിൽക്ക് സൊസൈറ്റി ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. 150 ഓളം കർഷകർ സെമിനാറിൽ പങ്കെടുക്കുകയും, ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. രജീഷ് കറുത്തേടത്ത്, ICS കോർഡിനേറ്റർ ശ്രീ. ജോബി വർഗീസ്, ഫീൽഡ് കോർഡിനേറ്റർ ശ്രീമതി ലിൻസി എന്നിവർ സെമിനാർ നയിക്കുകയും ചെയ്തു.

**സിഗ്‌വി - സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE -Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം

ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിംങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക്ഫാസ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്‌ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വി ബസാർ സ്റ്റാൾ ഉത്ഘാടനവും വിപണവും 2025 ഏപ്രിൽ 13 നു പയ്യമ്പള്ളി സെന്റ് കാതറൈൻസ്

ഫൊറോനാ ചർച്ചിൽ വച്ച് നടന്നു. ഫൊറോനാ വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ആദ്യവിപണനം നടത്തുകയും മാനന്തവാടി മുനിസിപ്പൽ വാർഡ് കൗൺസിലറും WSSS ആനിമേറ്ററുമായ ശ്രീമതി ആലീസ് സിസിൽ ഏറ്റുവാങ്ങുകയും ചെയ്തു.

മണിമൂളി ക്രൈസ്റ്റ് ദി കിംഗ് ഇടവകയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ 2025 ഏപ്രിൽ 13നു സിഗ്‌വി ബസാർ സ്റ്റാൾ പ്രവർത്തനമാരംഭിച്ചു. നിലമ്പൂർ മണിമൂളി മേഖലാ സിഞ്ചലൂസ്, വെരി. റവ.ഫാ. ജോസഫ് മുതിരക്കാലായിൽ സിഗ്‌വി ബസാർ വിപണനോദ്ഘാടനം നടത്തി.

ധർമ്മഗിരി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വി ബസാർ സ്റ്റാൾ വിപണന ഉദ്ഘാടനം ഏപ്രിൽ 13 നു ഇടവക വികാരി, റവ. ഫാ. ബിജു തുരുത്തേൽ നിർവഹിക്കുകയും വാർഡ് കൗൺസിലർ ശ്രീ. ഷാജി മണ്ഡപത്തിൽ ഏറ്റുവാങ്ങുകയും ചെയ്തു.

മാതൃവേദിയുടെ നേതൃത്വത്തിൽ തോമാട്ടുചാൽ സെന്റ് തോമസ് ഇടവകയിൽ ആരംഭിച്ച സിഗ്‌വി ബസാർ സ്റ്റാൾ വിപണനോദ്ഘാടനം ഇടവക വികാരി റവ. ഫാ. വിൻസെന്റ് കളപ്പുരയിൽ നിർവഹിക്കുകയും ശ്രീ. തോമസ് ചേലയ്ക്കൽ ഏറ്റുവാങ്ങുകയും ചെയ്തു.

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്. Mr. ലൻസ് ഫിലിപ്പ് :8921595366 (info@sigwe.in)

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

മുള്ളൻകൊല്ലി, മുട്ടിൽ, നെന്മേനി, പനമരം, പൂതാടി, പൊഴുതന, അമ്പലവയൽ, പുൽപ്പള്ളി, തവിഞ്ഞാൽ, വേങ്ങപ്പള്ളി എന്നിവിടങ്ങളിലായി 10 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ

ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും മാർച്ച് മാസം 363856 കിലോ കാപ്പി 270 രൂപ നിരക്കിലും 48458 കിലോ ഇഞ്ചി 41 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോ ലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണികണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**നശ മുക്ത് ഭാരത് അഭിയാൻ**

ലഹരിക്കെതിരെ പോരാടുവാൻ ആഹ്വാനം ചെയ്ത് ജില്ലയിൽ നശമുക്ത് ഭാരത് അഭിയാൻ പദ്ധതിക്ക് തുടക്കമായി. ബത്തേരി ശ്രേയസ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി മന്ത്രി ഓ. ആർ കേളു ഉദ്ഘാടനം ചെയ്തു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി എന്നിവർ പങ്കെടുത്തു. പദ്ധതിയുടെ മീഡിയ പാട്ണർ ആണ് റേഡിയോ മാറ്റൊലി. ഇതിന്റെ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ജില്ലാ കളക്ടർ ഡി. ആർ മേഘശ്രീ, സിനിമാ പ്രവർത്തകരായ അബുസലീം, സ്ഫടികം ജോർജ് എന്നിവരുടെ വീഡിയോകൾ റെക്കോർഡ് ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**കാലാവസ്ഥാ മാറ്റവും ആരോഗ്യപ്രശ്നങ്ങളും** – മാർച്ച് 19 ന് കാലാവസ്ഥാ മാറ്റവും ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡോ. ലിഷിത സുജിത് പരിപാടിയിൽ പങ്കെടുത്തു.

**പിന്നാക്ക വിഭാഗ കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ** എന്ന വിഷയത്തിൽ മാർച്ച് 20 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. KSBCDC മീനങ്ങാടി ബ്രാഞ്ച് മാനേജർ ക്ളീറ്റസ് ഡിസിൽവ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ലഹരിവിരുദ്ധ, ലഹരി ആസക്തി ചികിത്സാരീതികൾ** എന്ന വിഷയത്തിൽ മാർച്ച് 27 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കൽപറ്റ ഫാത്തിമമാതാ മിഷൻ ഹോസ്പിറ്റലിലെ ജനറൽ സർജൻ ഡോ. വി.ജെ സെബാസ്റ്റ്യൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും** എന്ന വിഷയത്തിൽ ഏപ്രിൽ 10 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പനമരം ട്രൈബൽ

എക്സ്റ്റൻഷൻ ഓഫീസർ നജ്മുദ്ദീൻ ടി തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ഈദുൽ ഫിത്ർ** – മാർച്ച് 31 ന് ചെറിയ പെരുന്നാളിനോടനുബന്ധിച്ച് പ്രത്യേക സംഗീത സല്ലാപം അവതരിപ്പിച്ചു. അഭിനേതാവും ഗായകനുമായ സലാം കൽപ്പറ്റ പാട്ടുകളും പെരുന്നാൾ വിശേഷങ്ങളും പങ്കുവെച്ചു.

**വിഷു** ആഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ 13 ന് പ്രത്യേക സംഗീത സല്ലാപം സംഘടിപ്പിച്ചു. റിയാലിറ്റിഷോകളിലൂടെ പ്രശസ്തയായ കവിത അഭിലാഷ് പരിപാടിയിൽ പങ്കെടുത്തു.

**ഇന്റേൺഷിപ്പ്**

കൈതപ്പൊയിൽ ലിസാ കോളേജ് എം.എ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ രണ്ടാം വർഷ വിദ്യാർത്ഥികളായ കാവ്യ എസ്, നന്ദന സുരേഷ് എന്നിവർ ഒരു മാസത്തെ ഇന്റേൺഷിപ്പിനായി ഏപ്രിൽ 7 ന് ജോയിൻ ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**PhD Open Defence**

The PhD open defence of Ms. Jimly Manuel, Research Scholar at our Mathematics Research Center under the guidance of Dr. Sr. Bindhu K. Thomas, was held on March 28, 2025.

**College Magazine Release**

The college magazine *Kattum Kadum Kattarum* for the academic year 2023–24 was released on March 28, 2025.

**Faculty Promotions**

Dr. Remya Krishnan and Dr. Sr. Bindhu K. Thomas have been promoted to the position of Associate Professors, with effect from March 2024.

**Departments and Clubs Activities**

- The National Service Scheme (NSS), in association with Nehru Yuva Kendra, Wayanad, conducted an Anti-Drug Campaign on March 21, 2025.
- The Department of Social Science – Economics signed an MoU with Mananthavady Municipality.
- The PG and Research Department of Computer Science organized a Faculty Exchange Programme on March 25, 2025.
- The NSS organized an Anti-Drug Awareness Programme and Signature Campaign on March 25, 2025.
- An Anti-Drug Awareness Quiz Competition was conducted by the NSS on March 26, 2025.
- The NCC, in association with the Blood Bank, Government Medical College, Mananthavady, conducted a Blood Donation Camp on March 27, 2025.
- College Day and Farewell were jointly organized on March 28, 2025, followed by cultural performances.
- The Career Guidance & Placement Cell, in association with IQAC, organized a Campus Recruitment Drive by Vonnue Innovations Private Limited on April 15, 2025.

**Paper Publications and Presentations**

Dr. Sijo A.K. (Department of Physics) has made notable contributions to the field through several research publications in reputed journals, including:

- Impact of Cation Distribution in Shaping the Structural and Magnetic Characteristics of Ni-Cu Ferrite – IOP Publishing
- Copper Precursor-Driven Variations in Structural, Optical and Electrical Properties of SILAR-Deposited CTS Thin Films – Physica Scripta
- Synthesis and Characterization of Copper Ferrite Nanoparticles for Efficient Photocatalytic Degradation of Organic Dyes – Journal of Nanotechnology
- Enhancing Copper-Tin Sulfide Thin Films with Triethanolamine as a Complexing Agent – Journal of Molecular Structure
- Post-Annealing-Induced Enhancement of Structural, Optical, and Electrical Properties in Copper Tin Sulphide (CTS) Thin Films – Physica Scripta

• Ms. Nimisha P. and Dr. Eldho K. J. presented a paper titled A Comprehensive Survey on Software Fault Prediction Models: Trends, Techniques, and Future Directions at the IEEE-sponsored International Conference on Recent Trends in Computational Techniques and Sustainable Development Goals, organized by the Research Department of Computer Science, PSG College of Arts and Science, Coimbatore.

• Mr. Binoy Joseph and Dr. Bindhu K. Thomas published a paper titled Bidirectional Matrix-Graph Transformations for Secure Image Scrambling and Descrambling in the journal Advances in Nonlinear Variational Inequalities.

**Students' Achievements**

- Vivek K. R., Under Officer, NCC, has been selected for the Indian Army under the Agniveer General Duty (GD) category.
- CDT Abhiya George has been selected for the National Level Mountaineering Course 2025–26.
- Aleena C. A., III B.A. Social Science – Economics, has been selected as the Best Parliamentarian in the State Level Model Parliament Competition 2025.

**Alumni Achievements**

- Mr. Jaison P. J., B.Com (2018–21), has qualified GATE in Humanities & Social Sciences with an All India Rank (AIR) of 323.
- Mr. Muhammed Sabith, B.Sc. Mathematics (2021–24), has qualified JAM 2025 with an AIR of 698.

**Dr. Geetha Antony Pullen**
Principal in Charge

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൾട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 7കുട്ടികൾ B2 പാസ് ആയി. 11 കുട്ടികൾ ഫെഡാർ വഴി തന്നെ മൈഗ്രേഷൻ നടത്തി ജർമ്മനിയിൽ എത്തി. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കായുള്ള പുതിയ ജർമ്മൻ ബാച്ച് ജൂൺ മാസം ആദ്യആഴ്ച ആരംഭിക്കും. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9946050857 (ഫാ. ജിഫിൻ മുട്ടപ്പള്ളിൽ) എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫെഡാർ കണക്ട്**

ഐക്കൺ കോളേജ് ഓഫ് ഫാർമസിയും ഫെഡാർ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച Pharm D, BPharm കോഴ്സുകളെക്കുറിച്ചുള്ള ഓൺലൈൻ വെബിനാർ 03-04-2025 ന് നടത്തപ്പെട്ടു.

വാഴക്കുളം വിശ്വജ്യോതി ബിസിനസ് സ്കൂളിൽ ഫെഡാർ ഫൗണ്ടേഷന്റെ 40000 രൂപ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം നൽകപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് 62380 62388 എന്ന നമ്പറിൽ ബന്ധപ്പെടുക.

കർണാടകയിൽ നേഴ്സിംഗ് പഠിക്കുവാൻ അക്ഷയ സെന്ററുകൾ വഴി ആപ്ലിക്കേഷൻ കൊടുത്തവർക്ക് തുടർന്നുള്ള സേവനങ്ങൾക്ക് ഫെഡാർ ഫൗണ്ടേഷനെ ബന്ധപ്പെടാവുന്നതാണ് 62388 62380.

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

കഴിഞ്ഞ ഒരു വർഷക്കാലത്തെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുവാൻ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങൾക്കും കഴിഞ്ഞു. എല്ലാ നേട്ടങ്ങൾക്ക് പിന്നിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും അർപ്പണബോധത്തിന്റെയും കഠിനാധ്വാനത്തിന്റെയും പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഏവരേയും നന്ദിയോടെ ഓർക്കുകയും വരുന്ന അധ്യയനവർഷം കൂടുതൽ തിളക്കമുള്ളതാക്കാൻ ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

പഞ്ചായത്ത്തല പഠനോത്സവത്തിന് വിദ്യാലയം വേദിയായി. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

അബാക്കസ് പരിശീലനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ അനുമോദിച്ചു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A+ ഗ്രേഡ് ലഭിച്ചു. 5000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

**III എ. എൽ. പി. സ്കൂൾ കണിയാരം**

പ്രാദേശിക ചരിത്രരചനയ്ക്കുള്ള ഉജ്ജ്വലം എം.എൽ.എ എക്സലൻസി അവാർഡ് കരസ്ഥമാക്കി.

**IVസെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വാർഷിക മൂല്യനിർണ്ണയം വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ ചേർന്നു. വിദ്യാർത്ഥികൾക്ക് അവധിക്കാല പ്രവർത്തനങ്ങൾ നൽകി.

**V സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാർത്ഥികൾക്കായി സൗഹൃദപരീക്ഷ നടത്തി. വിദ്യാർത്ഥികളുടെ എഴുത്ത്, വായന എന്നിവയോടുള്ള താല്പര്യം വർധിപ്പിക്കാനായി കുഞ്ഞെഴുത്തും വരയും പദ്ധതി ആരംഭിച്ചു.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

അഡ്മിഷന്റെ ഭാഗമായി വിവിധ ഉന്നതികളും വീടുകളും സന്ദർശിച്ചു. ലഹരിക്കെതിരെ ബോധവത്കരണക്ലാസ്, ഫ്ളാഷ് മോബ് എന്നിവ നടത്തി.

**VII നിർമ്മല എൽ. പി. എസ്. ആലാറ്റിൽ**

മികവുത്സവം സംഘടിപ്പിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി.

**VIII പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

പഠനോത്സവം സംഘടിപ്പിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. വാർഷികമൂല്യനിർണ്ണയം വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ. ചേർന്നു.

**IX സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വിദ്യാർത്ഥികളുടെ പഠനമികവുകൾ ഉൾപ്പെടുത്തി പഠനോത്സവം സംഘടിപ്പിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. ലോകവനദിനവും ലോകജലദിനവും സമുചിതമായി ആചരിച്ചു.

**X സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

നാലാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. കുട്ടികളുടെ വളർച്ചയിൽ അധ്യാപകരുടെ പങ്ക് എന്ന വിഷയത്തിൽ അധ്യാപകർക്കായി ക്ലാസ് സംഘടിപ്പിച്ചു. വാർഷികമൂല്യനിർണ്ണയം വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ ചേർന്നു.

**XI സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

വാർഷിക മൂല്യനിർണ്ണയം വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ ചേർന്നു. അവധിക്കാല പരിപാടികൾ പ്ലാൻ ചെയ്തു.

**XII സി. കെ. എൽ. പി. സ്കൂൾ മണിമൂളി**

ലോകജലദിനവും ലോകവനദിനവും സമുചിതമായി ആചരിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. വിദ്യാർത്ഥികൾക്ക് അവധിക്കാല പ്രവർത്തനങ്ങൾ നൽകി. അവധിക്കാല ഫുട്ബോൾ പരിശീലന ക്യാമ്പ് ആരംഭിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

മാതൃഭൂമി സീഡ് ഹരിതവിദ്യാലയ പുരസ്കാരം കരസ്ഥമാക്കി. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. പഠനോത്സവം സംഘടിപ്പിച്ചു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ എ ഗ്രേഡ് ലഭിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

വാർഷിക പി. ടി. എ. യോഗം ചേർന്നു. വിദ്യാർത്ഥികൾക്ക് അവധിക്കാല പ്രവർത്തനങ്ങൾ നൽകി. വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സ്കൂൾതലത്തിൽ വിവിധ മത്സരങ്ങളിൽ വിജയികളായവരെ അനുമോദിച്ചു. വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ചു. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ എ ഗ്രേഡ് ലഭിച്ചു. അവധിക്കാല പഠനപ്രവർത്തനങ്ങൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി. വാർഷിക മൂല്യനിർണയം വിലയിരുത്തലിനായി ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു.

**VI സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

സ്കൂൾതല പഠനോത്സവം സംഘടിപ്പിച്ചു.

**VII എ. യു. പി. സ്കൂൾ ദ്വാരക**

ജില്ലാതലത്തിൽ സഞ്ചയിക പദ്ധതിയിൽ വിദ്യാലയം ഒന്നാം സ്ഥാനം കരസ്ഥമാക്കി. എല്ലാവർക്കും മികവ് എന്ന പ്രവർത്തനത്തിന്റെ ഭാഗമായി 100 ശതമാനം ഹാജർ ഉറപ്പ് വരുത്തിയ വിദ്യാർത്ഥിയെ അനുമോദിച്ചു.

**VIII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

സംസ്കൃതം സ്കോളർഷിപ്പിന് എൽ. പി. വിഭാഗം വിദ്യാർത്ഥി അർഹയായി. ചൈൽഡ് മാര്യേജ് ആൻഡ് പോക്സോ എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് നൽകി. മലയാള മനോരമയുടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ എ ഗ്രേഡ് ലഭിച്ചു.

**IX സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

വാർഷിക മൂല്യനിർണ്ണയം വിലയിരുത്തുന്നതിനായി ക്ലാസ് പി.ടി.എ ചേർന്നു. അവധിക്കാല ബാസ്ക്കറ്റ് ബോൾ പരിശീലനം ആരംഭിച്ചു.

**X സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. പ്രാദേശിക പി.ടി.എ. യോഗങ്ങൾ ചേർന്നു. ഇൻസ്പയർ അവാർഡ് കരസ്ഥമാക്കി.

**XI സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

അവധിക്കാല പഠനവും മൊബൈൽ ഉപയോഗവും എന്ന

വിഷയത്തിൽ രക്ഷിതാക്കൾക്ക് ക്ലാസ് നൽകി. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**XII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വ്യത്യസ്തങ്ങളായ പരിപാടികളോടെ സ്കൂൾ തലത്തിൽ പഠനോത്സവം സംഘടിപ്പിച്ചു. ഗൃഹനിർമ്മാണ സഹായനിധി കൈമാറി. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**XIII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. ഡി. എൽ.എഡ് വിദ്യാർത്ഥികളുടെ സഹവാസ ക്യാമ്പ് നടത്തി.

**XIV സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ലഹരിക്കെതിരെ വിദ്യാർത്ഥികൾ പ്രതിജ്ഞയെടുത്തു. സ്കൂൾ പഠനോത്സവം മൂന്ന് ഘട്ടങ്ങളിലായി വിവിധ കേന്ദ്രങ്ങളിലായി സംഘടിപ്പിച്ചു. മാനന്തവാടി ബി.ആർ.സി. നടപ്പിലാക്കിയ ഹെൽപ്പിംഗ് ഹാൻഡ് പദ്ധതിയിൽ ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനവും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയ അവാർഡുകളിൽ ഒന്നാം സ്ഥാനവും വിദ്യാലയം കൈവരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

145 വിദ്യാർത്ഥികൾ SSLC പരീക്ഷയെഴുതി. അണ്ടർ 16 വിഭാഗത്തിൽ വയനാട് ജില്ലാ ക്രിക്കറ്റ് ടീമിൽ വിദ്യാർത്ഥി ഇടംനേടി. മലയാള മനോരമ ഹ്യൂമൻ ലേർണിംഗ് സംസ്ഥാനതല മത്സരവിജയിക്ക് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ സമ്മാനം കൈമാറി. നല്ലപാഠം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

NMMS സ്കോളർഷിപ്പിന് മൂന്ന് വിദ്യാർത്ഥികൾ അർഹരായി. എട്ടാം ക്ലാസ്സിലെ വാർഷിക മൂല്യനിർണയ വിലയിരുത്തലിനായി രക്ഷാകർതൃയോഗം ചേരുകയും പരിഹാര ബോധനക്ലാസ്സുകൾ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

NMMS സ്കോളർഷിപ്പ് കരസ്ഥമാക്കി. ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ് എന്നിവയ്ക്കായി വേനലവധിക്കാല പരിശീലനങ്ങൾ ആരംഭിച്ചു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. ലഹരിവിരുദ്ധ പ്രവർത്തനത്തിനുള്ള മികച്ച വിദ്യാലയത്തിനുള്ള സമ്മാനം ഏറ്റുവാങ്ങി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു. ലഹരിവിരുദ്ധ റാലിയും ക്യാമ്പയിനും നടത്തി. സമ്പൂർണ കായിക

ക്ഷമത പരിശീലന ക്യാമ്പ് ആരംഭിച്ചു. ഇംഗ്ലീഷ്, ഹിന്ദി ഗ്രാമർ ക്ലാസ് ആരംഭിച്ചു.

**V ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

എട്ടാം ക്ലാസ്സിലെ വാർഷിക മൂല്യനിർണയ വിലയിരുത്തലിനായി രക്ഷാകർതൃയോഗം ചേരുകയും പരിഹാര ബോധന ക്ലാസ്സുകൾ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. ജില്ലാതല സംസ്കൃത സ്കോളർഷിപ്പിനും NMMS സ്കോളർഷിപ്പിനും അഞ്ച് വിദ്യാർത്ഥികൾ വീതം വിജയികളായി. ലഹരിക്കെതിരെ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വിദ്യാലയത്തിൽ SPC യൂണിറ്റ് തുടങ്ങാൻ അനുമതി ലഭിച്ചു. ഏഴ് വിദ്യാർത്ഥികൾ NMMS സ്കോളർഷിപ്പ് കരസ്ഥമാക്കി. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പി.ടി.എ. യോഗം ചേർന്നു. എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി പരിഹാരബോധന ക്ലാസുകൾ ആരംഭിച്ചു.

**VII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സമഗ്രഗുണമേന്മ പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ദശദിന ക്യാമ്പ് ആരംഭിച്ചു. ഇൻസ്പയർ അവാർഡിനായി വിദ്യാർത്ഥി സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

വർഷാവസാന സ്റ്റാഫ് മീറ്റിങ്ങ് ചേർന്ന് അടുത്ത വർഷത്തേക്കുള്ള പ്ലാനിംഗ് നടത്തി. ദീപിക യങ് മാസ്റ്റർ അവാർഡിൽ ജില്ലാതലത്തിൽ മികച്ച നേട്ടം കൈവരിച്ചു. ഇൻസ്പയർ അവാർഡ് സംസ്ഥാനതല മത്സരത്തിലേക്ക് വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

മാർച്ച് മാസത്തിൽ വിദ്യാർത്ഥികൾക്കായി പ്രത്യേക പരീക്ഷ പരിശീലനം നൽകി. വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനാവശ്യമായ നിർദേശങ്ങൾ നൽകി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി വേനൽക്കാല സ്പോർട്സ് ക്യാമ്പ് ആരംഭിച്ചു. ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.

വേനലവധിക്കാലത്തിന്റെ ആഹ്ലാദങ്ങൾക്കിടയിലും പഠന പ്രവർത്തനങ്ങളും അവധിക്കാല പരിശീലനങ്ങളുമായി പരീക്ഷാഫലങ്ങൾക്കായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ** (കോർപ്പറേറ്റ് മാനേജർ)

# Bishop's Programme



**May 2025**

| | |
|---|---|
| 01 Thursday: .................... | Diocesan Day |
| Afternoon: ....... | Ootty: Blessing of renovated church |
| 2 Friday: .......................... | Engaged |
| 03 Saturday: ...................... | Chungakkunnu: First Holy Communion |
| 04 Sunday: ........................ | Kolavayal: Jubilee Conclusion |
| 05 Monday: ....................... | Panathur |
| 06 Tuesday: ....................... | Nadavayal: Bible Convention |
| 07 Wednesday: ................. | Dwaraka: SH Final Profession and Jubilee |
| 08 Thursday: .................... | Thonichal: SKD First Profession |
| 09 Friday: ......................... | Engaged |
| 10 Saturday: ..................... | MMC: Major Seminarians' Vestition |
| Morning: ......... | Dwaraka: CEADOM Sadgamaya |
| 11 Sunday: ......................... | Engaged |
| 12 Monday: ........................ | Bathery: MSMI Jubilee |
| 13 Tuesday: ........................ | MMC: Minor Seminary Interview |
| 14 Wed- 16 Thu: .............. | KCYM Youth Synod |
| 15 Thursday: ...................... | Thazhekaniyaram: Blessing of New School |
| 17 Saturday: ...................... | Mananthavady: Sacerdotal Golden Jubilee of Rev. Fr. Jose Mundackamattam |
| 18 Sunday: .......................... | General Transfer of Priests |
| 19 Monday: ....................... | History Book Editorial Board Meeting |
| 20 Tue - 23 Fri: ........... | Qatar |
| 24 Saturday: ...................... | Vincentgiri: Final Profession and Jubilee |
| 25 Sunday: .......................... | Valad: Blessing of church |
| 27 Tue - 28 Wed: ............... | MMC: Priests' Gathering and Jubilee celebrations |
| 29 Thu - 31 Sat: ................. | TECLESIA Foranewise Training |

**June 2025**

| | |
|---|---|
| 03Tue- 5 Thu: ..................... | POC: KCBC Meeting |
| 10 Tuesday: ........................ | Forane Vicar's Meeting |
| 14 Saturday: ...................... | Dwaraka: Pastoral Council |
| 17 Tue- 19 Thu: .............. | Dwaraka: Ongoing formation of Priests: second batch |
| 26 Thu- August1 Fri: ....... | Abroad |



# Auxiliary Bishop's Programme

***May 2025***

| | |
|---|---|
| *01 Thursday: ....................* | *Kurumani: Baptism* |
| *02 Friday: ........................* | *Dwaraka: CML Gathering* |
| *03 Saturday: Morning: ....* | *Ondayangady: First Communion* |
| *Evening: ........* | *Kolavayal: Platinum Jubilee: Holy Mass* |
| *04 Sunday: Morning: ......* | *Kalathuvayal: First Communion* |
| *Noon: ...........* | *Nadavayal: Convention: Holy Mass* |
| *06 Tuesday: .....................* | *Ottaplavu: First Communion* |
| *07 Wednesday: ................* | *Nadavayal: CMC: First Profession* |
| *10 Saturday: Morning: ....* | *Thariode: First Communion* |
| | *: Dwaraka : Sadgamaya* |
| *11 Sunday: .....................* | *Kavummandam: Pastoral Visit* |
| *12 Monday: .....................* | *Engaged* |
| *13 Tuesday: ......................* | *Aluva: Charismatic Zonal Meeting* |
| *14 Wed-16 Fri: ...............* | *Dwaraka: Youth Synod* |
| *17 Saturday: ....................* | *Cheengavallam: First Communion* |
| *18 Sunday: .......................* | *Pookkottumpadam: First Communion* |
| *24 Saturday: Morning: ....* | *Vincentgiri: Jubilee Cum Final Profession* |
| *Evening:.........* | *Payyampally: Blessing of Kappela* |
| *25 Sunday: .....................* | *Calicut: Installation of Archbishop (designate) Varghese Chakkalackal* |
| *26 Monday: .................* | *Engaged* |

***June 2025***

| | |
|---|---|
| *01 Sunday: .......................* | *Changanacherry Cathedral: Holy Mass* |
| *03Tue- 5 Thu: ................* | *POC: KCBC Meeting* |
| *09 Monday: ....................* | *Kayyunni: Sacred Heart School: Graduation of +2 Students & Inauguration of Academic Year* |
| *10 Tuesday: ....................* | *Forane Vicar's Meeting* |
| *14 Saturday: ....................* | *Dwaraka: Pastoral Council* |
| *15 Sun- 20 Fri: .................* | *Vijayapuram: Retreat for priests* |